H·S·3407

മായാത്ത ഓർമ്മകൾ

സരസകവി മൂലൂർ

H.S. 3407

മായാത്ത ഓർമ്മകൾ

സരസകവി മൂലൂർ

Malayalam (Reminiscences)

MAYATHA ORMAKAL

BY

SARASAKAVI MOOLOOR

First Impression MARCH 1961

Publisher:

P. K. DIVAKARAN.

Kerala Varma Soudham,

Ayathil, Elavamthitta. P. O.

Printed at the Janayugom Press, Quilon.

DISTRIBUTORS:

ROBI BOOKS

KADAPPAKADA, QUILON.

Price Re. 1.

മായാത്ത ഓർമ്മകൾ

★ കുമാരനാശാൻ

★ ടി. കെ. മാധവൻ

★ പന്തളം തമ്പുരാൻ

★ കണ്ടത്തിൽ വറുഗീസ് മാപ്പിള

എന്നീ മഹദ്വ്യക്തികളേയും വൈക്കം സത്യഗ്രഹത്തേയുംപററി

ഗ്രന്ഥകർത്താ:

സരസകവി

മൂലൂർ എസ്സ്. പത്മനാഭപ്പണിക്കർ

SREE NARASIMHAVILASOM BOOK DEPOT THURAVOOR
SHERTALLAY
Kerala State

Sole Distributors,
M.S. BOOK DEPO
QUILON.

പ്രസാധകൻ:

പി. കെ. ദിവാകരൻ

കേരളവർമ്മസൗധം, ഇലവുന്തിട്ട.

വിതരണം: **റോബി ബുക്സ്,**
കടപ്പാക്കട, കൊല്ലം.

വില 1 ക.

സ്മരണകൾ മൂലൂർ

മഹാകവി കുമാരനാശാൻ

ഇപ്പോഴേയ്ക്കു് ഒരു മുപ്പത്തഞ്ചു സംവത്സരംമുമ്പു് പരവൂർ കേശവനാശാൻ അവർകളുടെ ആധിപത്യത്തിൽനടന്ന "സുജനാനന്ദിനി" പത്രത്തിന്റെ കവിതാപംക്തിയിൽ "കായിക്കര കെ. എൻ. കുമാരൻ" എന്ന യുവാവിന്റെ ചില സമസ്യാപൂരണങ്ങളും ഭാഷാന്തരങ്ങളും വർണ്ണനകളും ഞാൻ വായിക്കയുണ്ടായി. അതിൽ പല യുവാക്കളുടെ പദ്യങ്ങളും കണ്ടിരുന്നു. അക്കൂട്ടത്തിൽ ഒരു പൊന്തിയ വൈദഗ്ദ്ധ്യത്തോടുകൂടിയാണു് കെ. എൻ. കുമാരന്റെ പദ്യങ്ങൾ ഞാൻ കണ്ടതു്.

"കാന്തായാഃ നവസംഗമേ ചതുരനാം
വീക്ഷ്യാന്യഥാ ശങ്കിനോ ഭർത്തുഃ"

ഇത്യാദിയായ ഒരു സംസ്കൃതപദ്യത്തിന്റെ ഭാഷാന്തരം കെ. എൻ. കുമാരൻ എഴുതിയിരുന്നതു എന്റെ ഹൃദയത്തെ ആവർജ്ജിപ്പിച്ചു. അതിന്റെ ശേഷമാണു് "കവിരാമായണ"മെന്ന ഗ്രന്ഥമെഴുതാൻ ഞാൻ തുനിഞ്ഞതു്.

"പ്രായത്തിനൊത്ത ചുണയുണ്ടു
പഠിപ്പുമുണ്ട-
ന്യായത്തിനും തുടരുകില്ല,
കൃതിക്കുമേററം
മായംവെടിഞ്ഞ ഗുണമുണ്ടിതു
പോൽ വിളങ്ങും
കെ. എൻ. കുമാരനമലേ "ഗവയൻ"
ധരിക്കൂ"

എന്നൊരു പദ്യംകൊണ്ടു കവിരാമായണത്തിൽ "ഗവയൻ" എന്ന വാനര നായകൻെറ സ്ഥാനം കെ. എൻ. കുമാരനു ഞാൻ കൊടുത്തതു് ഇക്കാരണത്താലാകുന്നു. കെ. എൻ. കുമാരൻ സുബ്രഹ്മണ്യസ്തോത്രങ്ങളായിട്ടും ഗുരുസ്തോത്രങ്ങളായിട്ടും അനവധി ശ്ലോകങ്ങൾപിന്നെ രചിച്ചതായിട്ടു ഞാൻ കേട്ടു. അതുകൾ എന്നേ സവിശേഷം ചൊല്ലി കേൾപ്പിച്ചതു് "ദ്വിതീയ മതഖണ്ഡനൻ" എന്നപേരിൽ അറിയപ്പെട്ടുന്ന "കരുവാ കൃഷ്ണനാശാൻ" അവർകളായിരുന്നു. കെ. എൻ. കുമാരനു് "മലയാള മാണിക്യവാചകർ" എന്നൊരു സ്ഥാനപ്പേരുകൂടി കൃഷ്ണനാശാൻ അന്നു വിളിക്കുക പതിവായിരുന്നു. അക്കാലത്തു കെ. എൻ. കുമാരൻ യോഗകലയെ അഭ്യസിച്ചുകൊണ്ടു് അരുവിപ്പുറത്തു് ശ്രീ നാരായണഗുരുദേവൻെറ സന്നിധിയിൽ സമയം നയിച്ചുവരുന്നതായിട്ടു എനിക്കു് അറിയാനിടയായി. അന്നൊരിക്കൽ ശ്രീ നാരായണ ഗുരുദേവൻ "കുളത്തൂർ" എന്ന സ്ഥലത്തുള്ള "കോലത്തുകര" എന്ന ശിവക്ഷേത്രത്തിൽ എഴുന്നള്ളിയിരുന്നു. അപ്പോൾ കൂടെയുണ്ടായിരുന്ന കുമാരനോടു് ഒരു ശ്ലോകത്തിൻെറ ഉത്തരാദ്ധം പൂരിപ്പിക്കുന്നതിനു് ആജ്ഞാപിച്ചു:

"കോലത്തുകരക്കുടികൊണ്ടിട്ടമെൻ
ബാലപ്പിറച്ചൂടിയ വാരിധിയെ!"

എന്നിങ്ങനെയാണു സ്വാമികൾ പൂർവ്വാദ്ധം രചിച്ചതു്.

"കാലൻ കനിവററു കുറിച്ചുവിട്ട-
ന്നോലപ്പടിയെന്നെയയക്കരുതേ"

എന്നിങ്ങനെ തൽക്ഷണം കുമാരൻ ഉത്തരാദ്ധം പൂരിപ്പിച്ചു. സ്വാമികൾ അത്യന്തം പ്രസന്നനായിട്ടു് കുമാരനു ദീർഘാനുഗ്രഹംതന്നെ കൊടുത്തു. അന്നുമുതൽ ഒരു യോഗിയുടേയും ഒരുകവിയുടേയും നിലയിൽ കുമാരൻ വളരാൻ തുടങ്ങി. കുമാരൻെറ പല ശ്ലോകങ്ങളും കരുവാ കൃഷ്ണനാശാൻ അവർകൾ സമുച്ചയിച്ചു് "നിജാനന്ദവിലാസം" എന്നപേരിൽ, ഒരു പുസ്തകം ആയിടയ്ക്കു് പ്രസിദ്ധീകരിക്കയുണ്ടായി.

"അരുവിപ്പുറം ശ്രീ ശങ്കരഗിരിയിൽ എഴുന്നരുളിയിരിക്കും ശ്രീഭഗവാൻ ശ്രീ നാരായണാചാര്യസ്വാമി പാദശിഷ്യൻ കുമാരദേവരെന്ന സച്ചിദാനന്ദസ്വാമികളാൽ അരുൾചെയ്യപ്പെട്ടതു്" എന്നായിരുന്നു ആ പുസ്തകത്തിൻെറ പുറംപേജിൽ ഗ്രന്ഥകാരനാമം പ്രകാശിപ്പിച്ചു കണ്ടതു്. അതു് കുമാരനവർകൾക്കു അല്പം വെറുപ്പുണ്ടാക്കിയെന്നു് ഒടുവിൽ ഞാൻ മനസ്സിലാക്കി.

അനന്തരം കുമാരൻ അവർകളെ കാവ്യനാടകാലങ്കാര തർക്ക വ്യാകരണങ്ങളിൽ അസാധാരണ സാമത്ഥ്യവാനാക്കണം എന്നു ഗുരുദേവനു വാഞ്ഛയുണ്ടായി. അന്നു മൈസൂർ അസിസ്റ്റൻറു് സാനിട്ടറിക്കമ്മീ

ഷണറായിരുന്ന പ്രസിദ്ധനായ ഡാക്ടർ പല്പു അവർകളുടെ കയ്യിൽ കുമാരൻ അവർകളെ ഏല്പിച്ചു. അദ്ദേഹം മി: കുമാരനെ മൈസൂരിൽ കൊണ്ടുപോയി. മൈസൂർ ഗവണ്മെൻറുവക സംസ്കൃതപാഠശാലയിൽ ചേർപ്പിച്ചു. അവിടുത്തെ സംസ്കൃതപാഠശാലയിൽ ബ്രാഹ്മണേതരന്മാരെ ചേർക്കുന്നപതിവില്ലായിരുന്നെങ്കിലും മി: കുമാരനെ ചേർത്തതായിട്ടാണു് ഞാൻ അറിഞ്ഞതു്. ആ പാഠശാലയിൽ സ്കാളർഷിപ്പോടുകൂടിയാണു് "ചിന്നസ്വാമി" പഠിച്ചതു്. പാഠശാലയിലെ പരീക്ഷാബിരുദങ്ങൾ സമഗ്രമാകുംവണ്ണം ചിന്നസ്വാമി സമ്പാദിച്ചു. അനന്തരം ഡാക്ടർ പല്പു തൻെറ ചെലവിന്മേൽ ചിന്നസ്വാമിയെ കല്ക്കത്തായിലയച്ചു. "തർക്കവാഗീശഭട്ടൻ" എന്ന മഹാപണ്ഡിതൻെറ അടുക്കൽ ഗുരുകുലവാസംചെയ്തു ചിന്നസ്വാമി തർക്കശാസ്ത്രം അഭ്യസിച്ചു. തർക്കവാഗീശഭട്ടനെക്ഷണിക്കുന്ന പല സഭകളിലും ശിഷ്യനേ അയച്ചു് അദ്ദേഹം പ്രസംഗിപ്പിച്ചിരുന്നു. അനേകം സംസ്കൃത പദ്യങ്ങളും ചിന്നസ്വാമി അക്കാലത്തു രചിച്ചിട്ടുണ്ടു്. കല്ക്കത്തായിൽ പ്ലേഗു് സർവ്വത്ര വ്യാപിച്ചുകണ്ടപ്പോൾ ദേശീകാനുഗ്രഹംവാങ്ങി ചിന്നസ്വാമി മൈസൂരിലേക്കു മടങ്ങി. ആയതു തൊള്ളായിരാമാണ്ടിടയ്ക്കാണെന്നു തോന്നുന്നു. മൈസൂരിൽ നിന്നു ഡാ: പൽപ്പു അവർകൾ ചിന്നസ്വാമിയോടൊന്നിച്ചു് തിരുവനന്തപുരത്തു് ആയിടയ്ക്കു എത്തിയിരുന്നു. അന്നു ഞാൻ തിരുവനന്തപുരത്തു് ഉണ്ടായിരുന്നു. ഡാ: പൽപ്പു അവർകളുടെ വീടായ പേട്ടയിൽ പരവൻവിളാകത്തു ഞാൻ പോയി. ചില സ്നേഹിതന്മാരുമൊന്നിച്ചു ആ വീട്ടിൻെറ കിഴക്കുവശത്തെ തിണ്ണയിൽ ഞാൻ സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ ഒരു യുവാവു കുളിച്ചു ഭസ്മം തേച്ചു് തോർത്തു പ്രകോഷ്ഠത്തിങ്കൽ മടക്കിയിട്ടുകൊണ്ടു് എൻെറ മുൻഭാഗത്തുകൂടികടന്നു് അകത്തേക്കു പോയി. വിശാലമായനെററി, തീക്ഷ്ണബുദ്ധിയേ പ്രകാശിപ്പിക്കുന്ന കണ്ണു്, ഉരുണ്ട നീളംകുറഞ്ഞ ശരീരം, വലിയശിരസ്സു്, ഇതൊക്കെയായിരുന്നു ആ യുവാവിൻെറ ആകൃതി. ജിജ്ഞാസയോടെന്നവണ്ണം എന്നേ സൂക്ഷിച്ചുകൊണ്ടായിരുന്നു യുവാവു് അകത്തേക്കുപോയതു്. ആ യുവാവിനെ കണ്ടു അല്പം സങ്കോചിച്ചു മാറിനിന്ന ഒരന്യൻ എൻെറ അടുക്കലേക്കുവന്നിട്ടു് "അദ്ദേഹത്തിനെ അറിയില്ലേ"? എന്നു എന്നോടു ചോദിച്ചു. "അറികയില്ല" എന്നു ഞാൻ മറുപടിപറഞ്ഞു. "ഇതു ചിന്നസ്വാമിയാണു്" എന്നു ആമനുഷ്യൻ എന്നോടുപറഞ്ഞു. ആ മനുഷ്യൻ എൻെറ അടുക്കൽനില്ക്കാതെ അകത്തുകടന്നു യുവാവിനോടു് എൻെറ വിവരങ്ങൾ പറഞ്ഞു. തൽക്ഷണം ആ യുവാവു ചിരിച്ചുകൊണ്ടു് പുറത്തേക്കുവന്നു. ഞാൻ ആളറിയാതെയാണു് അകത്തേക്കുപോയതെന്നും മററും പറഞ്ഞു ഞങ്ങൾ പരസ്പരസംഭാഷണത്തിനായി തുനിഞ്ഞു. "മുമ്പുഞാൻ പടത്തിൽ കണ്ടിട്ടുണ്ടു്" എന്നു ഞാൻ പറഞ്ഞപ്പോൾ "ഇപ്പോൾ എന്നിൽ പടംകണ്ടു, ഇല്ലേ?" എന്നു് എന്നോടു ചോദിച്ചു. അന്നത്തെ പകൽ മുഴുവനും സാഹിത്യസംഭാഷണവഷംകൊണ്ടു് ഞങ്ങൾ പോക്കി. അന്നു് റയിൽവേ നടപ്പുള്ള കാലമല്ലായിരുന്നു. അന്നു തന്നെ ചാക്കയിൽ കടവിൽവന്നു കമ്പനിവള്ളം കയറി മടങ്ങിപ്പോരേ

ണ്ടുന്ന ആവശ്യകത എനിക്കുണ്ടായിരുന്നതിനാൽ ഞാൻ യാത്രയ്ക്കു തായ്യാറാക്കൂട്ടി. ആറരമണിക്കു ഞാനും ചിന്നസ്വാമിയുമൊന്നിച്ച് പരവൻവിളാകത്തുനിന്നു് കാൽനടയായി ചാക്കയിൽ കടവിലേക്കുതിരിച്ചു, ചാക്കയിൽകടവിലുണ്ടായിരുന്ന പാലത്തിൽ സ്വല്പനേരംനിന്നു ഞങ്ങൾ യാത്രപറഞ്ഞു. ചിന്നസ്വാമി അവിടെനിന്നു് മുട്ടത്തറ പെരുന്നെല്ലിയിലേക്കും ഞാൻ വള്ളംകയറി കൊല്ലത്തേക്കുംതിരിച്ചു. ചിന്നസ്വാമി മടങ്ങി മൈസൂരിൽചെന്നിട്ട് ചിലപദ്യങ്ങൾ ഒരു കാർഡിലെഴുതി എനിക്കയച്ചു.

ഞാൻ അതിനുമറുപടിയായി പദ്യരൂപേണ ചിന്നസ്വാമിക്കു് ഒരു കത്തയച്ചു. ആ കത്തിൽ പരവൻവിളാകത്തുനിന്നു് ഞങ്ങൾ തിരിച്ചുസംഗതിയേയും മദ്ധ്യമാർഗ്ഗമുണ്ടായ സംഭാഷണത്തേയും തന്മയത്വേന വിവരിച്ചിരുന്നു. ആ കത്തിനു ചിന്നസ്വാമിഅവർകൾ മൈസൂരിൽനിന്നയച്ച മറുപടിയാണു് താഴെ ചേർക്കുന്നതു്.—

"സ്വാമിനി, സർവ്വജ്ഞപ്രിയ
ഭാമിനി, പരിചിത്രഭുവനവിന്യാസാ
പ്രേമംപെയ്യു ഭവാനവൾ
കാമിതമരുളട്ടെ കമലപത്രാക്ഷി

അത്യാനന്ദമഹോതരുന്നയി: ഭവാ-
    നമ്പോടയച്ചുള്ളൊര
ക്കത്തൊകും കവിതാരസോർമ്മി കരളിൽ
    ചേർക്കും സുധാമാധുരി
വ്യത്യാസം പറയുന്നതല്ലതുവശാൽ-
    വേഗാലയയ്ക്കുന്നിതി
പ്രത്യാവേദനപത്രവും പ്രകൃതിയാം
    മാന്ദ്യം മറന്നിന്നു ഞാൻ

ചിത്താഹ്ളാദമെനിക്കു തോഴരൊരഭി
    ജ്ഞാനോക്തി ചൊല്ലുന്നതിൽ
പ്രത്യേകം കലരുന്നു, പോയസുദിനം
    പ്രത്യാഗമിക്കുന്നപോൽ
പ്രത്യക്ഷത്തിലുടൻ ഭവാനെയിഹ ഞാൻ
    കാണുന്നു, വൻപ്രേമവും
മെത്തീട്ട, ന്നഥവാ മനോമയമതാ
    ണോർത്താൽ ജഗത്തും സഖേ!

ഓർക്കുന്നുണ്ടയി! ഞാനുദൃഢകുതുകാ
    സല്ലാപമോരോന്നു ര-
ച്ചാക്കം നാമിതുപേരി, ലന്നു സഖേ
    പോരാഞ്ഞുമാരാത്രിയിൽ

വാസ്സും കാര്യവശാൽ വിഷാദമൊട്ടടൻ
വേർപെട്ടൊരേ പ്രാണനീ
മൂക്കിൻ മൂലമണഞ്ഞു രണ്ടുവഴിപോം
പോലന്നു പാലംവഴി.
തുഷ്ട്യാ നിങ്ങളെയും പിരിഞ്ഞു തുണായി
ല്ലാരുമായിരുട്ടത്തു താൻ
വൃഷ്ട്യാ പിച്ഛിലമാം വഴിക്കുമ്പത "ക-
ല്ലാല" ത്തിലെത്തുംവരെ

കഷ്ടം പോയിതുമുങ്ങിയും മുഴകിയും
മിന്നാമിനുങ്ങങ്ങൾ തൻ
പൃഷ്ഠംതന്നെയിടക്കു തെല്ലൊരു വെളിച്ച
ത്തിന്നു പാത്തുള്ളഞാൻ.
പോട്ടിന്നായതു പിന്നെയും പ്രിയസഖേ
പിറേറദ്ദിനം രാത്രിയിൽ
"പേട്ട"ക്കുടയു, മട്ടത്തനാളവിടെവ്വം
വിട്ടും പുറപ്പെട്ടു ഞാൻ

ഡാക്ടർ ശ്രീയുതനാകുമപ്പുരുഷര-
ത്നത്തൊട്ടു മിട്ടിക്കിൽ
വന്നിട്ടഞ്ചാറുദിനം കഴിച്ചുടനെയ-
ക്കാർഡ്ഡുംഭവാന്നിട്ടു ഞാൻ.

പിന്നീടത്രയൊരാഴ്ച പോകുവതിനും
മുൻപേറെയൻപേറുമെൻ
ധന്യോത്തംസമതാ "മരീപ്പുറ"മെഴും
സ്വാമി പ്രസാദത്തിനാൽ

വന്നെത്തീ, വലുതായിട്ടും കിമപി കാര്യ
ത്താം മഠത്തിന്നു ഞാൻ
ചെന്നേ തീരുവതെന്നു ശീഘ്രമിഹ
വിജ്ഞാപിക്കമാജ്ഞാപനം.
കണ്ടിട്ടായതു കേവലം തരകൾ കൂ-
ട്ടുമ്പോഴിടപെട്ടവ-
നുണ്ടായീ ജലദോഷവും ജ്വരവു
മൊന്നല്പം മുഷിപ്പിച്ചുമാം

ഉണ്ടിപ്പോൾ സുഖമായതിന്നു, മിതനാൽ
നാട്ടിന്നുപെട്ടന്നുനി-
ഷ്ഠണും മൽ ഗുരുപാദഗൗരവ വശാൽ
വേഗേനപോകുന്നു ഞാൻ.
പത്രങ്ങൾക്കെഴുതാൻ പ്രയാസമിനിമേൽ
പക്ഷേ ഭവിക്കാം സഖേ

തത്രാനേകമെനിക്കു സമ്പ്രതിവരാം
    കൃത്യം സ്വകത്തവ്യമായ്
ചിത്താശംസ തഥാപിയുണ്ട, തിനുമേയെ
    ന്നാൽ തദത്ഥംപുനർ
വൃത്താന്തം സുകവേ! നമുക്കെഴുതിടാം
    പിന്നീട്ടമന്യോന്യമായ്
മറെറാന്നും പറയുന്നതിന്നവസരം
    തല്ക്കാലമില്ലോക്കമേ

മറേറന്നാളിവിടം വിടുന്നതിനു ഞാ-
    നോക്കുന്നുനീക്കം വിനാ
മററല്ലാക്കുമെനിക്കുമത്ര കുശലം
    തന്നാണുദൈവേച്ഛയാ
ചുററും നാട്ടനിറഞ്ഞുമിപ്പോളിവിടെ
    പ്ലേഗുണ്ടു വേണ്ടുന്നപോൽ

"വിവേകാനന്ദാ" ഭിധസ്വാമിതൻ വാക്
പ്രവാഹത്തിൽപ്പെട്ടതാം കമ്മയോഗം
കവേ! യിപ്പോൾ ഭാഷയാക്കുന്നതു ഞാൻ
തവേഷ്ടം പോൽചന്ദ്രികസ്സായയക്കാം"

എൻ. കെ. ആശാൻ.

ഈ കത്തിൽ വിവരിച്ചിരുന്നതുപോലെ എൻ. കെ. ആശാൻഅവർകൾ അരുവിപ്പുറത്തു എത്തുകയും ഡാക്ടർ പൽപ്പു അവർകൾ, അദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരൻ പി. പരമേശ്വരൻ അവർകൾ, സി. വി. കുഞ്ഞുരാമൻ അവർകൾ എന്നീ സമുദായനേതാക്കന്മാർ ശ്രീനാരായണഗുരുദേവനെ പുരോധാനംചെയ്തിട്ട് അരുവിപ്പുറം ക്ഷേത്രത്തിൽ സമാരംഭിച്ച ശ്രീനാരായണധമ്മ പരിപാലനയോഗം എൻ. കെ. ആശാൻഅവർകളുടെ കാര്യദർശിത്വത്തിൽ കേരളത്തിൽ പ്രചരിക്കാൻ തുടങ്ങുകയും ചെയ്തു.

(വഞ്ചിപ്പാട്ട്)

വഞ്ചിമഹാരാജകൃപ തഞ്ചുകയാൽ പുമത്ഥങ്ങൾ
സഞ്ചയിച്ചു ബഹുക്ഷേമോദഞ്ചിതാനന്ദം
തൻചിര പരിശ്രമത്താൽ വഞ്ചിനാട്ടിൽ സുഭിക്ഷത
മിഞ്ചുവോളം വരുത്തിശ്രീലാഞ്ചിതരാകും
അഞ്ചുലക്ഷമീഴവർതൻ സഞ്ചയത്തിൻ പരിശ്രമ
പഞ്ചികയായ് ഭവിച്ചോരിസ്സുതസഭാവല്ലി
നാരായണ "കൃപാരസധാരിയേററു ഭൂയോപി "ശ്രീ
നാരായണധമ്മ പരിപാലന" നാമ്നി
പാരെരാകെ പ്രസിദ്ധിപൂണ്ടോ "രരുവിപ്പുറമായിട്ടും

ചേരിക്കലിദം പ്രഥമം മുളച്ചുവാച്ച്
"ഡാക്ടർപൽപ്പു" തൻെറമഹിതോത്സാഹമാം ദോഹദമേററു
ദുർഘടം പിണഞ്ഞിടാതെ പടന്നുനാട്ടിൽ
"മാടഭൂമി"യിലും "മലബാറിലും" വ്യാപിച്ചു കല്പ-
വാടിയിൽ പിച്ചകവല്ലി പടരുംപോലെ
സൽഗുണപ്രസൂനമിപ്പോളുത്ഭവിച്ചു, പരിമള
മുൽഗമിപ്പിക്കുന്നു നിത്യം ദിഗന്തംതോറും
താത്തിയീകമാകും വഷപൂത്തിമഹോത്സവമഥ
കാത്തികേയകരുണയാൽ കഴിഞ്ഞീവണ്ണം
വിശ്വംഭരാവലയമാ വാരിധിയിൽ മുങ്ങുവോളം
"എസ്സ്. എൻ. ഡി. പി. യോഗ"മേവം ജയിച്ചിടേണം
അക്ഷത കല്യാണമപരോക്ഷമിഹ നമ്മെയെല്ലാം
പക്ഷപാതംവിനാ ശിക്ഷാരക്ഷകൾ ചെയ്യും
ഇക്ഷിതിനായകൻ ശ്രീമൂലർക്ഷജാതൻ രാജരാജൻ
ലക്ഷമബ്ദ മരോഗനായ് ജയിച്ചിടേണം
കേടകന്ന കലകളിൽ ചതുരൻ കൃപാവാരിധി
മാടഭൂപൻ മഹാഭാഗൻ ജയിച്ചിടേണം
വിക്രമവാരിധി മഹാവിഭവമാന്ന ഭാരത
ചക്രവത്തി ചിരകാലം ജയിച്ചിടേണം
നീതിനിഷ്ഠയോട്ടമതിജാതിനിവ്വിശേഷ ംപക്ഷ
പാതമണയാതെ മന്ത്രിപദേ ലസിക്കും
സാധുജനാവന ലോലശീല നന്ദകുലൻ വി. പി.
മാധവരായരു ദിവാൻ ജയിച്ചിടേണം
ഇസ്സദസ്സിന്നുമിപ്പതിന്നാലുലക്ഷം ജനങ്ങൾക്കും
വിശ്വവന്ദ്യനാകുമൊരദ്ധ്യക്ഷനായിട്ടും
വിശ്രമമെട്ടത്തിടാതെ സമസ്തോപകൃതിചെയ്യും
വിശ്രുതനാം മതപരിഷ്കാരിയായിട്ടും
പാരിടത്തിലൊക്കെയും നൽപേരെട്ടത്തു വിളങ്ങും "ശ്രീ
നാരായണഗുരുസ്വാമി ജയിച്ചിടേണം
അതിദവീയസിയായ പദവി പിന്നിട്ടുവന്നു
മതിദയയോട്ട സ്വജാതീയവാത്സല്യാൽ
പദേപദേ സഭയ്ക്കായി സതത സാഹായ്യമേകു
മുദാരശ്രീ" ഡാക്ടർ പൽപ്പു" ജയിച്ചിടേണം
പിന്നെ സ്വാമി കടാക്ഷത്താൽ മന്നിൽ സദാ കീത്തികോലും
ചിന്നസ്വാമി എൻ. കെ. ആശാൻ ജയിച്ചിടേണം
ഇസ്സഭയിന്നേവമതിവിസ്മയമായ് നടത്തിടാ-
നുത്സാഹിച്ച മഹാന്മാരാൽ സംകുലമാകും
നിറം കലന്നിട്ടും "കരപ്പുറം സമാജ"ത്തെയേതും
കുറവുകൂടാതെ നിത്യം പരിപാലിക്കും
ഗരിമപൂണ്ട "ചീരപ്പൻചിറ" ബ്ഭവനാധിപനാ-

യൊരു "കൃഷ്ണപ്പണിക്കർ" വാഴയിച്ചിടേണം
മട്ടിയന്നീയോഗത്തിനു മഹിതസാഹായ്യം ചെയ്യും
"മട്ടാഞ്ചേരി" കുടുംബത്തിൽ മണിദീപമാം
അഷ്ടവൈദ്യസമ യശസ്സാന്ന ഗോവിന്ദാഖ്യനായ
ശിഷ്യാഗ്രണി ചിരകാലം ജയിച്ചിടേണം
നാലുദിക്കിങ്കലും നിന്നിക്കാലമെത്തിസ്സഭയൊരു
പോലെ ഭൂഷിപ്പിച്ച നിങ്ങൾ ജയിച്ചിടേണം
ജയിക്കേണം സഭാദ്ധ്യക്ഷൻ ജയിക്കേണ മുപാദ്ധ്യക്ഷൻ
ജയിക്കേണം സഭാംഗങ്ങൾ സർവ്വമംഗളം.,,

എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ മൂന്നാം വാർഷികയോഗത്തിൽ സഭാമംഗളത്രുപേണ ഈ സംഗതി ഇപ്രകാരം ഞാൻ റിക്കാർഡാക്കീട്ടുണ്ട്. ഇതിലെ ഏഴാമത്തെ ശീൽ വായിച്ചപ്പോൾ എൻെറ അട്ടത്തിരുന്ന ആശാനവർകൾ തൻെറ തർജ്ജനികൊണ്ട് എൻെറ വാമകപോലത്തിൽ സസ്മിതം തല്ലിയതായിട്ടു ഞാൻ ഇപ്പോഴും ഓർക്കുന്നു. ഈ സഭാമംഗളം വഞ്ചിപ്പാട്ടിൽകാണുന്ന താഴെ വിവരിക്കുന്ന നാലു ശീലുകൾ അതു വായിക്കുന്നതിനുമുമ്പു കുമാരനാശാൻ തൽക്ഷണം എഴുതിച്ചേർത്തതാണ്.

"വിക്രമവാരിധി മഹാവിഭവമാന്ന ഭാരത
ചക്രവർത്തി ചിരകാലം ജയിച്ചിടേണം
കേടകന്നു കലകളിൽ ചതുരൻ കൃപാവാരിധി
മാടഭൂപൻ മഹാഭാഗൻ ജയിച്ചിടേണം
മട്ടിയന്നീയോഗത്തിനു മഹിതസാഹായ്യംചെയ്യും
മട്ടാഞ്ചേരി കുടുംബത്തിൽ മണിദീപമാം
അഷ്ടവൈദ്യ സമയശസ്സാന്ന ഗോവിന്ദാഖ്യനായ
ശിഷ്യാഗ്രണി ചിരകാലം ജയിച്ചിടേണം,,

ആ ഗാനത്തിലാകട്ടെ,

"പിന്നെ സ്വാമികടാക്ഷത്താൽ മന്നിൽ സദാ കീർത്തികോലും
ചിന്നസ്വാമി എൻ. കെ. ആശാൻ ജയിച്ചിടേണം"
എന്നു ഞാൻ രചിച്ചിരുന്നതു്

ധന്യമതി എൻ. കെ. ആശാൻ ജയിച്ചിടേണം
എന്നു ഭേദപ്പെടുത്തീട്ടാണ് ആശാൻ അതു വിവേകോദയം മാസികയിൽ ചേർത്തതു് എന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ടി. കെ. മാധവൻ

മി: ടി. കെ. മാധവനു് ഒരു പതിനഞ്ചുവയസ്സുള്ളപ്പോൾ ആ ബാലന്റെ ബുദ്ധിശക്തിയുടേയും വാക്പടുത്വത്തിന്റെയും തീക്ഷ്ണാങ്കുരസ്വഭാവത്തേയും ഞാൻ കേട്ടറിയാൻതുടങ്ങി. ശ്രീമാൻ ആലുംമൂട്ടിൽ കേശവൻചാന്നാരുടെ മകൻ "പെരിങ്ങര, മാധവൻ" എന്നായിരുന്നു അന്നു പേരുകേട്ടതു്. അക്കാലത്തു ഈഴവരുടെയിടയിൽ പ്രസംഗംചെയ്യുവാൻ സാമർത്ഥ്യമുള്ളവരായിട്ടു് തിരുവനന്തപുരത്തു വെളുത്തേരി കേശവൻ വൈദ്യൻ അവർകളും മദ്ധ്യതിരുവിതാംകൂറിൽ ക്രിസ്തുമതപ്രാസംഗികനായ കാർത്തികപ്പള്ളി "ശ്രായിത്തണ്ടാൻ" അവർകളും, ഇപ്പോൾ ജീവിച്ചിരിക്കുന്ന ഹിന്ദുമത പ്രാസംഗികൻ "കരുവാ കൃഷ്ണനാശാൻ" അവർകളും മാത്രമേ ഉണ്ടായിരുന്നുള്ളു. അന്നു നടക്കാറുള്ള പല സംഘങ്ങളിലും ഹാജരുണ്ടായിരുന്ന ഈഴവപ്രമാണികളെല്ലാം കേവലം വാചായമന്മാരായിട്ടാണു് സമയംകഴിച്ചുകൂട്ടീട്ടുള്ളതു്. എന്നാൽ അവരിൽപലരും പഞ്ചായത്തുകാര്യസ്ഥന്മാരും യുക്തിപൂർവ്വംസംസാരിച്ചു പലരേയും ജയിക്കുവാൻതക്ക പ്രാപ്തന്മാരും തന്നെയായിരുന്നു. സഭയിൽ എഴുന്നേററുപോയെങ്കിൽ ആ ചുണയൊക്കെ അവസാനിച്ചു. ഏകദേശം നാല്പത്തിയഞ്ചുവയസ്സോളം എന്റെയും അനുഭവം ഇതുതന്നെയായിരുന്നു. മി: മാധവൻ അനാഗതശ്മശ്രുവായിരുന്ന കാലം മുതൽ സഭകളിൽ സംസാരിക്കാൻ നല്ല വിരുതു സമ്പാദിച്ചവനായിരുന്നു. അതിനു ദൈവഗത്യാ ഒരു യോഗവുമുണ്ടായി. ശ്രീമൂലം പ്രജാസഭയുടെ പ്രഥമസമ്മേളനത്തിൽ ഈഴവപ്രതിനിധിയായിട്ടു് ഗവർമെന്റിൽനിന്നും നിയമിച്ച കോമലേഴത്തു കുഞ്ഞുപിള്ളച്ചേകവൻ എന്ന തന്റെ വല്യമ്മാവനുവേണ്ടി മി: മാധവൻചെയ്ത രസകരമായ പ്രസംഗം അന്നത്തെ ദിവാൻജിയായിരുന്ന ശ്രീമാൻ വി. പി. മാധവരായർ അവർകളേയും മററനേകം സദസ്യരേയും വളരെ പ്രീണിപ്പിക്കുകയാണുചെയ്തതു്.

ആയിടയ്ക്കു് ദിവാൻജി അവർകളുടെ ഒരു സർക്ക്യൂട്ടിൽ ആലുമ്മൂട്ടു വീട്ടിന്റെ പടിക്കൽ റോഡിൽ തയ്യാറാക്കിയിരുന്ന പന്തലിൽ അദ്ദേഹം വിശ്രമിച്ച സമയം ഈ കിശോരനായിരുന്ന മാധവൻ ദിവാൻജി അവർകൾക്കു കൈകൊടുത്തു നല്ല തന്റേടത്തോടുകൂടി സ്വാഗതം ആശംസിച്ച സംഗതി അഭിമാനമുള്ളവരാരും മറന്നിട്ടില്ല.

കൊല്ലത്തുവച്ചു് പ്രദൎശനത്തോടൊരുമിച്ചു നടത്തിയ എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ രണ്ടാം വാൎഷികയോഗത്തിൽവച്ചാണു് മി: മാധവൻെറ അനിതരസാധാരണമായ പാടവം ഞാൻ കണ്ടറിയാൻ തുടങ്ങിയതു്. ആ യുവാവു് ഒരു സമുദായ ധുരന്ധരനായി വരുമെന്നു് ഞാൻ സത്യമായിട്ടു് അന്നു് ദീൎഘദൎശനം ചെയ്തിരുന്നു.

"ഗൎഭത്തിലാഴമൊരു കേതകിതൻ പ്രസൂനം
ഷൾപാദി ജാലമറിയുന്നു മണത്തിനാലേ"
എന്നാണല്ലോ അഭിജ്ഞവചനം

ബഹുമാനപ്പെട്ട എം കൃഷ്ണൻനായരവർകൾ ദിവാൻജിയായിരുന്നകാലത്തു് ക്ഷേത്രപ്രവേശനത്തെപ്പററി ഇദംപ്രഥമമായി പ്രജാസഭയിൽ മി: മാധവൻ പ്രസംഗിച്ച ആണ്ടിലും ഞാൻ ഒരു പ്രതിനിധിയായിരുന്നു. ക്ഷേത്രങ്ങളുടെ ചുററിലുമുള്ള വഴികൾ ഈഴവൎക്കു സഞ്ചാരയോഗ്യങ്ങളാക്കിത്തരണമെന്നു് മാത്രമായിരുന്നു കുമാരനാശാനാദികളായ സമുദായപ്രതിനിധികൾ അക്കാലത്തു പ്രജാസഭയിൽ വാദിച്ചുവന്നതു്. മി: മാധവനാകട്ടെ ക്ഷേത്രപ്രവേശനം ഈഴവരുടെ ജന്മാവകാശമാണെന്നും ഈഴവൎക്കു ശ്രീകോവിലിൽവരെ പ്രവേശനം കിട്ടേണ്ടതാണെന്നും ധൈൎയ്യപൂൎവ്വം വാദിക്കാനാണു തയ്യാറായതു്. മി: മാധവൻെറ പ്രസംഗോദ്യമവൎത്തമാനം തിരുവനന്തപുരം പട്ടണത്തിൽ അന്നു കാട്ടുതീപോലെ പടരുകയാൽ മി: മാധവൻെറ നിവേദന ദിവസത്തിൽ വലിയ സ്ഥാനങ്ങളിലിരിക്കുന്ന എല്ലാ സവൎണ്ണസിംഹങ്ങളും പ്ലാററുഫാറം നിബിഡമായി അലങ്കരിച്ചിരുന്നു. കാളേജുവിദ്യാൎത്ഥികളായ സവൎണ്ണ യുവകേസരികൾ പ്രതിനിധികളുടെ പുറകിൽകിടന്ന കസേരകളും ഗ്യാലറികളും അലംകൃതങ്ങളാക്കിയിരുന്നു. നെയ്യാററിങ്കര, കുളത്തൂർ, ചിറയിൻകീഴു് മുതലായ സ്ഥലങ്ങളിൽനിന്നു സഹസ്രാല്പരം അവൎണ്ണജനങ്ങൾ സന്നിഹിതരായിട്ടു് ഹാളിൻെറ അകത്തു സ്ഥലം തികയായ്കയാൽ വരാന്തകളിലും മുററങ്ങളിലും ഉല്ക്കണ്ഠിതന്മാരായി നിന്നിരുന്നു. പ്രസന്നഗംഭീരനായ ദിവാൻജി അവൎകൾ യഥാസമയം എത്തി യഥാസ്ഥാനം ഇരുന്നു കഴിഞ്ഞു. കാൎയ്യപരിപാടി അനുസരിച്ചു് മി: മാധവനെ ചീഫ്സെക്രട്ടറി വിളിച്ചു.

മി: മാധവൻ ദിവാൻജിയുടെ അഭിമുഖം ചെന്നുനിന്നു് പ്രസംഗിക്കാൻ തുടങ്ങി. മി: മാധവൻെറ പ്രസംഗത്തിൽ ശ്രദ്ധകൊടുക്കുകയല്ലായിരുന്നു ഞാനപ്പോൾ ചെയ്തിരുന്നതു്. പ്ലാററുഫാറത്തിൽ കാണപ്പെട്ടന്ന വീരശ്രീകലൎന്ന ചില മുഖങ്ങളേയും ഗ്യാലറിയിലും മററും കാണപ്പെട്ടന്ന താരുണ്യശ്രീ ചിതറുന്ന പലമുഖങ്ങളേയും സൂക്ഷിക്കുകയായിരുന്നു. പ്ലാററുഫാറത്തിലെ പലമുഖങ്ങളിൽ പുച്ഛരസം കളിയാടുന്നതും ഗ്യാലറിയിലെ മുഖങ്ങളിൽ സൗഹാൎദ്ദരശ്മി നൃത്തം ചെയ്യുന്നതും കാണുകയാൽ ആ യുവവിദ്യാൎത്ഥികളുടെ അഭിപ്രായപ്രകടന ശ്രദ്ധ

യാൽ അവരുടെ ഏതാണ്ടു സമീപത്തിൽ ഞാൻ ചെന്നിരുന്നു. ദിവാൻജി അവർകളുടെ മറുപടി പല കാരണങ്ങളാലും അനുകൂലമായിരിക്കയില്ലെന്നു് മുൻകൂട്ടിത്തന്നെ അറിയാമായിരുന്നതിനാൽ ആശാഭംഗവും ലജ്ജയുമുണ്ടാക്കുന്ന ആ മറുപടി ശ്രദ്ധിക്കാതെയിരിക്കാം എന്നുകൂടി എൻെറ ആ മാറിയിരിപ്പിനു് അർത്ഥമുണ്ടായിരുന്നു.

അപ്പോൾ അതിഗംഭീരവും ഉജ്ജ്വലവും ന്യായപരിപൂർണ്ണവുമായിരുന്ന മി: മാധവൻെറ നിരർഗ്ഗളമായ പ്രസംഗപ്രവാഹം ഹാളിൽനിന്നും പുറത്തേക്കുകൂടി വഴിയുന്നു. എൻെറ അടുത്തിരിക്കുന്ന വീരയുവാക്കൾ മി: മാധവൻെറ അനർഗ്ഗളമായ വാഗ്വിലാസത്തേയും ന്യായാഭിമുഖ്യത്തേയും പൗനഃപുന്യേന അഭിനന്ദിച്ചു കേൾക്കയാൽ ഞാൻ അത്യന്തം ചാരിതാർത്ഥ്യം അനുഭവിച്ചു സന്തുഷ്ടനായിരിക്കയായിരുന്നു. ന്യായഗർഭമായ മി: മാധവൻെറ ആ പ്രസംഗം ദിവാൻജി അവർകൾക്കു് ഏററവും ഹൃദയംഗമമായിത്തോന്നിയിരുന്നു എന്നുള്ളതിലേക്കു് അദ്ദേഹത്തിൻെറ മുഖഭാവവും ക്ഷമയോടുകൂടിയ ഇരിപ്പും ധാരാളം ലക്ഷ്യമായിരുന്നു. എന്നാൽ രാജധാനിയിൽനിന്നുള്ള പ്രതിബന്ധം ശക്തിമത്തായിട്ടുണ്ടായിരുന്നതിനാൽ അദ്ദേഹത്തിനു മനസ്സാക്ഷിയെ മുൻനിറുത്തി ഒരു മറുപടിപറയാൻ കഴിഞ്ഞില്ലെന്നേയുള്ളു. ഈ സംഗതിയുടെ സംക്ഷിപ്തമായ വിവരം മി: മാധവൻ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള "ക്ഷേത്രപ്രവേശനം" എന്ന പുസ്തകത്തിൽ കൊടുത്തിട്ടുണ്ടു്.

മി: മാധവൻ ഒരിക്കൽ ചെങ്ങന്നൂർ വന്നിരുന്നപ്പോൾ ഞാനും മി: മാധവനുംകൂടി ഒരു വലിയ നായർപ്രമാണിയും ഉല്പതിഷ്ണുവുമായ കല്ലൂർ നാരായണപിള്ള അവർകളുടെ വസതിയിൽപോയി. വൈക്കംസത്യാഗ്രഹം മുതലായവയുടെ ദുർഘടഘട്ടത്തെപ്പററിയും മററും മി. കല്ലൂരും മാധവനുമായിട്ടു് വളരെനേരം സംസാരിച്ചു. "ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിൻെറയും ആറന്മുള മഹാക്ഷേത്രത്തിൻെറയും പരിസരമാർഗ്ഗങ്ങളിൽകൂടി ഈഴവരേ മാത്രമല്ല പുലയരേയും പറയരേയുംകൂടി ഞങ്ങൾ ഹസ്താവലംബംകൊടുത്തു നടത്തിയിരിക്കയാണു്. നിങ്ങൾ ചെങ്ങന്നൂർക്ഷേത്രത്തിൻെറ അടുത്തുള്ള ആ വഴിയിൽകൂടി ഒന്നുനടന്നിട്ടേ പോകാവൂ" എന്നു കല്ലൂരവർകൾ പറയുകയും ഞങ്ങൾ മൂവരുംകൂടി ആ വഴിയെ നടന്നു് കച്ചേരിവരെ പോകുകയുമുണ്ടായി. അവിടെയുള്ള നായർ സമുദായത്തിൻെറ നിഷ്കളങ്കമൈത്രിയെപ്പററി മി: മാധവൻ അഭിനന്ദിക്കുകയും അത്ഭുതപാരതന്ത്ര്യത്തെ പ്രാപിക്കുകയും ചെയ്തു.

1097-ാമാണ്ടു മകരമാസം 22-ാംനു- തിരുവല്ലാ "മീന്തലക്കര" എന്നസ്ഥലത്തുള്ള ഈഴവരുടെ ഒരു ഭജനമഠത്തിൽവച്ചു് ടീ. കെ. മാധവൻ അവർകളുടെ അദ്ധ്യക്ഷതയിൽകൂടിയ മദ്യവർജ്ജനമഹായോഗത്തിൽ സ്ഥലവാസികളുടെയും മി: മാധവൻെറയും താല്പര്യമനുസരിച്ചു് ഞാനും ഹാജരുണ്ടായിരുന്നു. മി: മാധവൻെറ സർവ്വതോമുഖമായ ഉപ

ക്രമപ്രസംഗാനന്തരം മദ്യവജ്ജനത്തിൻെറ അത്യാവശ്യകതയെപ്പററി ഞാനും പ്രസംഗിച്ചു. ശ്രീമാൻ ഒ. എം. ചെറിയാൻ ബി. എ. എൽ. ററി. അവർകൾ മുതലായ അജിജ്ഞന്മാരും ആ മീററിംഗിൽ സമാഗതന്മാരായിട്ടുണ്ടായിരുന്നു. ആവഴി ഒരു മീററിംഗിനായി കോട്ടയത്തുപോയ ഞാൻ മടങ്ങി 25-ാംനു- കവിയൂർ കോട്ടൂർ കൊച്ചിക്കാ അവർകളുടെ വീട്ടിൽഎത്തി താമസിച്ചു. 27-ാംനു മി: മാധവൻ അവിടെവന്നുചേൻു അതുവരെ "പുത്തൻപറമ്പിൽകുഞ്ഞു്" എന്നപേരിൽ അറിയപ്പെട്ടന്ന "നവഭാരതി" പത്രാധിപർ കെ. എ. കൊച്ചീപ്പൻമാപ്പിള്ള അവർകളോടൊന്നിച്ചായിരുന്നു മി: മാധവൻ താമസിച്ചതു്. അവർ പരസ്പരം നിഷ്കളങ്കമായ സൗഹാർദ്ദത്തോടുകൂടിയിരിക്കുന്നവരാണു്. കാസത്തിൻെറ സുഖക്കേട്ടു് അന്നു മി: മാധവനു് അല്പശഃ ഉണ്ടായിരുന്നു. ഒരു സ്നേഹിതൻെറ ഉപദേശപ്രകാരം ഒരു സിദ്ധൗഷധം ഉപയോഗിച്ചുനോക്കിയതിനാൽ മി: മാധവൻെറ സുഖക്കേടിനും അല്പം ശമം കണ്ടിരുന്നു. ആ ഔഷധം അവിടെവച്ചും ഉപയോഗിച്ചു. ആയതു ചെറുനാരങ്ങാനീരിൽ ചാരായം ഒഴിച്ചു കുടിക്കുക എന്നുള്ളതായിരുന്നു.

"ഏട്ടിലേ അപ്പടി, പയററിലേ ഇപ്പടി" എന്നുപറഞ്ഞതുപോലെ മദ്യവജ്ജനപ്രവത്തകനായ ഞാൻ മദ്യംതന്നെ മരുന്നായി ഉപയോഗിക്കുമ്പോൾ "നിങ്ങൾക്കൊക്കെ ചിരിവരുമായിരിക്കും." എന്നും മററുമുള്ള ഫലിതങ്ങൾ മി: മാധവൻ പറയുകയും ചെയ്തു. 28-ാംനു- 11 മണിക്കു് ഒരു സ്പെഷ്യൽകാറിൽ മി: കെ. എ. കൊച്ചീപ്പൻമാപ്പിള അവർകളും മി: മാധവനും ഞാനും ഒന്നിച്ചു് ആറന്മുള മാരാമണ്ണുമണൽപ്പുറത്തു നടക്കുന്ന ക്രൈസ്തവമഹായോഗം കാണാൻപോയി. മി: മാധവൻ അവിടെ ഒരു പ്രസംഗംചെയ്യണമെന്നു് മാർത്തോമ്മാസമുദായത്തിലെ ഒരു തലവനായ "കൊച്ചീപ്പൻമാപ്പിള" അവർകൾ ആവശ്യപ്പെട്ടുകയും "കേരളവും ക്രിസ്തുവും" എന്നൊരു വിഷയം താൻ അവിടെ പ്രസംഗിക്കാമെന്നു മി: മാധവൻ സന്തോഷപൂർവ്വം ഏല്ക്കുകയും ചെയ്തതിനാലാണു് ആ യാത്ര ഉണ്ടായതു്. യോഗസ്ഥലത്തെത്തി ഞങ്ങൾ പല മാന്യന്മാരുടെയും പ്രസംഗങ്ങൾ കേട്ടു. അതിൻെറശേഷം ഞങ്ങൾ ഒരു സ്ഥലത്തു വിശ്രമിക്കുമ്പോൾ എനിക്കു പരിചയമുള്ള പല ക്രൈസ്തവ മാന്യന്മാരെയും ഞാൻ മി: മാധവനു പരിചയിപ്പിച്ചുകൊടുത്തു. വളരെ ചടച്ചു നീളംകുറഞ്ഞ ഒരു ഫാദർ ഞങ്ങളുടെ അടുത്തുകൂടി കടന്നുപോകുന്നതുകണ്ടിട്ടു് "ഇദ്ദേഹത്തിനേ അറിയുമോ" എന്നു മി: മാധവനോടു ഞാൻ ചോദിച്ചു. "അറിയില്ല" എന്നു മറുപടി പറഞ്ഞു. ഇദ്ദേഹം കോഴഞ്ചേരി ഇംഗ്ലീഷ്ഹൈസ്കൂൾ മാനേജരും മാർത്തോമ്മാസമുദായത്തിലെ ഒരു പ്രാപ്തനായ പുരോഹിതനും നല്ല കുശാഗ്രബുദ്ധിയും ആയ കുറുന്തോട്ടിക്കൽ കത്തനാർ അവർകളാണെന്നു് ഞാൻ മി: മാധവനെ മനസ്സിലാക്കി. കാര്യവ്യഗ്രതയോടുകൂടി കടന്നുപോകുന്ന ആ ഫാദറേയും ഞാൻ വിളിച്ചു് അവരെ പരസ്പരം പരിചയിപ്പിച്ചു.

ദേശാഭിമാനി പത്രാധിപരായ മി: മാധവൻ ആയിടയ്ക്കു് ക്രൈസ്തവവിദ്യാലയങ്ങളെപ്പററി മുഖപ്രസംഗരൂപേണ ഒരു നിരൂപണം ചെയ്തിരുന്നതിൻെറ അനൗചിത്യത്തെപ്പററിയാണു് അപ്പോൾ കത്തനാരവർകൾ മി: മാധവനോട്ടു് പ്രഥമമായി സംസാരിക്കാൻ തുടങ്ങിയതു്. അദ്ദേഹം അതിനെപ്പററി ദീർഘമായി സംസാരിച്ചു. മി: മാധവൻ അതെല്ലാം മന്ദസ്മിതം തൂകിക്കൊണ്ടു് ക്ഷമയോടുകൂടിത്തന്നെ കേട്ടു. അതിൻെറ ഖണ്ഡനമായിട്ടു് ഒന്നും പറയാൻ ആരംഭിച്ചില്ല. ഉപരിപ്ലവബുദ്ധി ഒരു കാൎയ്യത്തിലും കാണിക്കാത്ത മി: മാധവൻെറ നയം പലപ്പോഴും വിജയപൎയ്യവസായിയായി ഭവിച്ചിട്ടുള്ളതു് നൈസൎഗ്ഗികമായ ഈ സ്വഭാവവിശേഷം കൊണ്ടാകുന്നു. കത്തനാരവർകൾക്കു പറയേണ്ടതായിട്ടുള്ളതെല്ലാം അദ്ദേഹം പറഞ്ഞുകഴിഞ്ഞപ്പോൾ മി: മാധവൻ ഇങ്ങനെ പറഞ്ഞു:—

"ക്ഷമയും സമാധാനവും ജനങ്ങളോടു് എല്ലാസമയത്തും ഉപദേശിച്ചുകൊണ്ടിരിക്കുന്ന ഒരു പരിപക്വബുദ്ധിയായ പുരോഹിതൻ മറെറാരാൾ മുഖാന്തരം പരിചയിക്കനിടയായ ഒരു അപരിചിതനോടു് അയാളുടെ ഒരു മുൻപ്രവൃത്തിയേക്കുറിച്ചു് ഇത്ര കൎക്കശമായ ഒരു നിരൂപണം ചെയ്യുന്നതു് നന്നായിരിക്കുമോ?" എന്നു് സ്ഫുടാക്ഷരത്തോടും അചാഞ്ചല്യത്തോടും മന്ദഹാസമധുരമായിട്ടു ചോദിച്ചു. രണ്ടുപേരെയും പരിചയിപ്പിച്ച ഞാൻ അല്പം ലജ്ജിക്കാതെയിരുന്നില്ല. "ഒരു കാൎയ്യവശാൽ ഞാൻ അപ്പുറത്തു പോയിവരട്ടെ; പിന്നെ സംസാരിച്ചുകൊള്ളാം" എന്നുമാത്രംപറഞ്ഞു കത്തനാരവർകൾ മടങ്ങി. "ആശാൻ എന്നെ പറഞ്ഞുമനസ്സിലാക്കിയ ഗുണങ്ങളെല്ലാം കത്തനാരവർകളിൽ ചിലപ്പോൾ മാത്രമേ ഉണ്ടായിരിക്കയുള്ളുവോ?" എന്നുകൂടി ചിരിച്ചുകൊണ്ടു് മി: മാധവൻ എന്നോടു ചോദിച്ചു.

അനന്തരം പ്രസംഗാൎത്ഥം അവിടെ എത്തിയിട്ടുള്ള മി: മാധവൻെറ പൂൎവ്വപരിചിതനായ സി. എം. എസ്സ്. സംഘത്തിലെ ബിഷപ്പുസായ്പവർകൾ സ്വന്തംകാറിൽ ററി. ബി. യിലേക്കു പോകാൻ തുടങ്ങുന്ന സമയമായിരുന്നു; അദ്ദേഹം മി: മാധവനെ ററി. ബി. യിലേക്കു ക്ഷണിച്ചു. മി: മാധവൻ കാറിൽകരേറി എന്നേക്കൂടി നിർബന്ധപൂൎവ്വം വിളിച്ചു. അവരുടെ ആംഗ്ലേയഭാഷാ സംഭാഷണം എന്നെ ശ്വാസംമുട്ടിക്കുമെന്നു ഭയപ്പെട്ടു ഞാൻ പോയില്ല. ഞാൻ അന്നു മറെറാരിടത്തു താമസിച്ചു. പിറെറ ദിവസം വൈകിട്ടു് 6മണിക്കായിരുന്നു മി: മാധവൻെറ പ്രസംഗം കാൎയ്യപരിപാടിപ്രകാരം നിർദ്ദേശിച്ചതു്. അതിനാൽ 4 മണിക്കുതന്നെ ഞാൻ മണൽപ്പുറത്തു ഹാജർകൊടുത്തു. മി: മാധവൻെറ പ്രസംഗം അന്നവിടെ നടക്കുമെന്നു കേൾക്കുകയാൽ നായന്മാരിലും ഈഴവരിലും ഉള്ള അനേകം ഹിന്ദുക്കൾ കാലേകൂട്ടി മണൽപ്പുറത്തുവന്നു ചേൎന്നു. പലരും ഉല്ക്കണ്ഠിതന്മാരായിട്ടു് കാത്തുനില്ക്കുന്നു. മി: മാധവൻ തൻെറ വളഞ്ഞ വടിയുമായിട്ടു് മണൽപ്പുറത്തു പല സ്ഥലത്തും ലാത്തു

ന്നു. മണി അഞ്ചരകഴിഞ്ഞു. അപ്പോൾ ആഭ്യന്തരമായിട്ട് ഒരു ഗൂഢാലോചന പ്രസംഗവേദിയിൽ നടക്കുന്നു. "പുറജാതിക്കാരനെ പ്ലാററുഫാറത്തിൽ കയററി പ്രസംഗിപ്പിച്ചുകൂടാ എന്നായിരുന്നു. ഗൂഢാലോചനാരംഗം. ക്രിസ്തുവിൻെറ ആദർശങ്ങളെപ്പററിയാകയാൽ അതിനെന്താണ് വൈഷമ്യം എന്നു് കൊച്ചീപ്പൻമാപ്പിള അവർകളും അദ്ദേഹത്തിനെപ്പോലുള്ള ചില പരിഷ്കൃതാശയന്മാരും പറഞ്ഞുനോക്കീട്ടും ഫലമൊന്നുമുണ്ടായില്ല. പ്ലാററുഫാറം പന്തലിനു പുറത്താക്കണം എന്നുള്ള അഭിപ്രായത്തിനാണ് ഭൂരിപക്ഷമുണ്ടായതു്. കണ്ണ്വാകണ്ണ്വികയായ ഈ ആലോചന എൻെറ ചെവിയിലേക്കും പ്രവേശിച്ചു. ഒരു പ്രസിദ്ധകാൺഗ്രസ്സുകാരനും സ്ഥലത്തെ ഒരു ധനവാനുമായ ചിറേറടത്തു ശങ്കുപ്പിള്ള അവർകളും ഞാനുംകൂടി അപ്പോൾ ഒരിടത്തു സംസാരിച്ചുകൊണ്ടിരിക്കുന്നു. "മി: മാധവനെ എന്തിനായിട്ടാണ് ഈ സംഘത്തിൽ പ്രസംഗിപ്പിക്കുവാൻ നിങ്ങളെല്ലാവരുംകൂടി ഉത്സാഹിപ്പിച്ചതു്? "പുറജാതിക്കാരൻ" പ്രസംഗവേദിയിൽ പ്രവേശിച്ചുകൂടാ എന്നല്ലേ അവരുടെ തീർച്ച? ഈ സംഗതി പൊതുവേ നമുക്ക് അപമാനമല്ലയോ?" എന്നും മററും മി: ശങ്കുപ്പിള്ള എന്നോടു ചോദിച്ചു. ഇതിനു മറുപടി ഞാനൊന്നും പറഞ്ഞില്ല. മി: ശങ്കുപ്പിള്ളയുടെഅഭിപ്രായത്തോടു ചായുകയായിരുന്നു എൻെറ ഹൃദയവും അപ്പോൾ ചെയ്തതു്.

"പന്തലിനു പുറത്തായാലും അകത്തായാലും ഞാൻ പൗരുഷത്തോടുകൂടി എൻെറ പ്രസംഗം നടത്തും; ചെവിയുള്ളവർ കേൾക്കട്ടെ" എന്നുള്ളമട്ടിൽ മി: മാധവൻ മി: കൊച്ചീപ്പൻമാപ്പിളയുമൊന്നിച്ച് പ്രസംഗവേദി മാററുന്ന സ്ഥലത്തു് അപ്പോൾ നില്ക്കുന്നുണ്ടു്. അവിടെനിന്നു വളരെ പിന്നോക്കം മാറിയാണ് ഞാൻ ഇരിക്കുന്നതു്. മുന്നണിയിൽ പോകരുതെന്നാണ് എൻെറ അപ്പോഴത്തെ വിചാരവുമുണ്ടായതു്. മണി അപ്പോൾ ആറായി. പ്ലാററുഫാറവും പരിതഃസ്ഥിതികളും എല്ലാം തയ്യാറായി. മി: മാധവൻ എന്നെ വിളിതുടങ്ങി. പലരെക്കൊണ്ടും വിളിപ്പിച്ചുതുടങ്ങി. വിളി എല്ലാം കേട്ടിട്ടും വിളി ഒട്ടും കേട്ടില്ലെന്നുള്ള മട്ടിൽ ഞാൻ മി:ശങ്കുപ്പിള്ളയുമൊന്നിച്ചു തെല്ലും ദീപപ്രകാശമില്ലാത്ത ഒരു സ്ഥലത്തു് ഒരു ബഞ്ചിൽ ഇരിക്കുകയായിരുന്നു. ചിലർ അന്വേഷിച്ചുവന്നു് എന്നെ പിടികൂടി പ്രസംഗരംഗത്തിലേക്കു നയിച്ചു. പ്രസംഗമണ്ഡപത്തിൻെറ വളരെ അടുത്തു് ഇരിക്കണമെന്നു് മി: മാധവൻ നിർബന്ധിച്ചു. കൊച്ചീപ്പൻമാപ്പിള അവർകൾ മുതലായ സഹൃദയന്മാരും നിർബന്ധിച്ചു. മാന്യ ശ്രീ: കെ. കെ. കുരുവിള എം. എ. ബി. ഡി. അവർകളെ സർവ്വസമ്മതപ്രകാരം അദ്ധ്യക്ഷനാക്കിവച്ചു. മി: മാധവൻ തൻെറ നിസ്സർഗ്ഗമധുരമായ വാഗ്വിലാസത്തെ നാലുഭാഗത്തേക്കും ചൊരിയാൻ തുടങ്ങി. പന്തീരായിരത്തിലധികം സംഖ്യവരുന്ന ആ ജനതാസമുദ്രം അല ഉപരമിച്ച ആഴിപോലെ അപ്പോൾ കാണപ്പെട്ടു; സകല ജനങ്ങളും ഏകാഗ്രമായിട്ട് പ്രസംഗ

ത്തിൽ ശ്രദ്ധപതിപ്പിച്ചിരുന്നു. ആറരമണിക്കു തുടങ്ങിയ ആ പ്രസംഗം ഏഴരമണിവരെ നീണ്ടുനിന്നു. മാധവൻ പ്രസംഗത്തിൽനിന്നു് ഉപരമിച്ചു. ജനങ്ങൾക്കു അലംഭാവം അശേഷം വന്നില്ല എന്നുതോന്നി, പരിഷ്കൃതാശയനായ കെ. കെ. കുരുവിള അവർകൾ ഉപസംഹാര പ്രസംഗത്തിനായിട്ടു് എഴുന്നേററു. നാലുഭാഗവുംനോക്കി ഒന്നു മന്ദഹസിച്ചുകൊണ്ടു് ഇങ്ങനെ പറയുകയുണ്ടായി:—

"സഹോദരരേ! മി: മാധവനെ പ്രസംഗവേദിയിൽ പ്രവേശിപ്പിച്ചുകൂടാ, പ്ലാററുഫാറത്തിൽ പുറജാതിക്കാരൻ കടന്നുകൂടാ എന്നെല്ലാം അഭിപ്രായം പുലമ്പിയ സഹോദരന്മാൎക്കു് ഇപ്പോൾ ഏതെല്ലാം വിധത്തിലുള്ള ചേതോവികാരങ്ങൾ സംഭവിച്ചിരിക്കണം', എന്നുംമററും അഭിപ്രായകൎത്താക്കളുടെ സങ്കുചിത സ്വഭാവത്തെ അദ്ദേഹം നിർദ്ദയം ഖണ്ഡിക്കുകതന്നെ ചെയ്തു. എന്റെ അടുത്തിരുന്ന മി: കെ. എൻ. ഡാനിയലിന്റെ മുഖത്തു് ഞാൻ അപ്പോൾ ദൃഷ്ടിപതിപ്പിച്ചു. മി: ഡാനിയൽ അപ്പോൾ എന്നോടിങ്ങനെ പറഞ്ഞു:—"മി: കുരുവിള പറയുന്നതുപോലെയൊന്നും ഇവിടെ ഞങ്ങളിലാരും ഒന്നും പറയുകയുണ്ടായില്ല. മി: കുരുവിള അതല്പം ഘനപ്പെടുത്തിപ്പറയുന്നു എന്നേയുള്ളു" എന്നും മററും സങ്കോചത്തോടുകൂടിയാണദ്ദേഹം പറഞ്ഞതു്.

ഞങ്ങൾ യോഗംകഴിഞ്ഞു് ഒമ്പതുമണിക്കു വള്ളംകയറി അയിരൂർ കാഞ്ഞീററുകര "ശ്രീശങ്കരോദയം" ക്ഷേത്രസ്ഥലത്തെത്തി. കുംഭം ഒന്നും രണ്ടും തീയതികളിൽ ക്ഷേത്രയോഗം സംബന്ധിച്ച വലിയ മീററിംഗു നടന്നു. വിവിധജാതിമതസ്ഥന്മാരും അവിടെ സന്നിഹിതരായിരുന്നു. അന്നു വൈകിട്ടു് ഞങ്ങൾ തമ്മിൽ പിരിഞ്ഞു. ആയിടയ്ക്കു് ക്രിസ്തുവ സമുദായത്തിന്റെ ഇടയിൽ മി: മാധവൻ മാരാമണ്ണു മണൽപ്പുറത്തുചെയ്ത പ്രസംഗത്തിന്റെ ശ്ലാഘനവൎത്തമാനമേ കേൾക്കാനുണ്ടായിരുന്നുള്ളു.

മി. മാധവൻ ഫലിതംപറയുന്നതിനു് വലിയ സമൎത്ഥനായിരുന്നു. മി: മാധവൻ സംഗതിവശാൽ ഒരു മാസത്തോളം മി: കൊച്ചീപ്പൻമാപ്പിളയുടെ വീട്ടിൽ താമസിച്ചിരുന്നു. അവർ പരസ്പരം പല നേരമ്പോക്കുകളും സംസാരിക്കാറുണ്ടു്. മി: കൊച്ചീപ്പൻമാപ്പിള കൃത്രിമദന്തം ഉപയോഗിക്കുന്ന ആളാണു്. ആ ദന്തം ഉപയോഗിക്കാതെയിരുന്ന ഒരവസരത്തിൽ അദ്ദേഹം ചിരിച്ചതുകണ്ടിട്ടു് "വെള്ളം വററിക്കൊണ്ടിരിക്കുമ്പോൾ ആററുമണൽ നികന്നു വരുന്നതുപോലെ മോണ കാണുന്നു" എന്നു് മി: മാധവൻ പറഞ്ഞതുകേട്ടു് എല്ലാവരും ചിരിച്ചു.

പിന്നെയൊരിക്കൽ ഇവർ ഊണു കഴിച്ചുകൊണ്ടിരിക്കുമ്പോൾ മിസ്സിസ്സ് കൊച്ചീപ്പൻമാപ്പിളയോടു് "ആ മത്തിബ്ഭഗവാനെ കുറെ

ക്കുടി കൊണ്ടുവന്നാട്ടെ." എന്നു് മി: മാധവൻ പറഞ്ഞപ്പോൾ "ക്രിസ്തു ഭഗവാൻ എന്നു് പ്രസംഗത്തിൽ പറഞ്ഞതും ഈ സങ്കൽപ്പത്തോടാണോ" എന്ന മിസ്സിസ്സ് കൊച്ചീപ്പൻ മാപ്പിള ഉടനടി ചോദിക്കുകയും എല്ലാവരും ചിരിക്കുകയുംചെയ്തു.

തിരുവല്ലായിലുള്ള ഒരു ധനവാൻെറ വീട്ടിൽ ഞങ്ങളൊരുമിച്ചു് ഒരുദിവസം വിശ്രമിക്കുകയുണ്ടായി. ആ ഗൃഹസ്ഥൻ കൃത്രിമദന്തം വയ്പിക്കുന്നതിനായി കേട്ടപിടിച്ച തൻെറ മുപ്പത്തിരണ്ടുപല്ലും എടുപ്പിച്ചു. അപ്പോൾ ഒരുമാസം കഴിച്ചുകൂട്ടാൻ നടക്കുകയായിരുന്നു. അയാൾ ഇടവിടാതെ ബീഡി പിടിക്കുന്നതു കണ്ടിട്ടു് മി: മാധവൻ അയാളോടിങ്ങനെ ചോദിച്ചു:—എന്താ ഹേ, ഒരൊഴിവുംകൂടാതെ ഇങ്ങനെ ബീഡിപ്രയോഗം നടത്തുന്നതു്?'.

"മോണ കരിയുന്നതിനായിട്ടാണു് ഞാൻ ഇങ്ങനെ എപ്പോഴും ബീഡി വലിക്കുന്നതു്" എന്ന അയാൾ പറഞ്ഞതുകേട്ടിട്ടു് "എന്നാൽ ബീഡിയുടെ അഗ്രം തിരിച്ചുപിടിച്ചോളു.' എന്ന മാധവൻ പറഞ്ഞ മറുപടി കേട്ടിട്ടു് ഞങ്ങൾ മാത്രമല്ല, ആ കഥാനായകനും വളരെ ചിരിച്ചുപോയി. മി. മാധവൻെറ ഫലിതങ്ങൾ ഇങ്ങനെ എഴുതാൻ തുടങ്ങിയാൽ അതുകൾ വളരെയുണ്ടാകും.

മി: മാധവൻെറ പ്രസംഗം കേൾക്കുന്നവക്കും അദ്ദേഹത്തിൻെറ ലേഖനപരമ്പര വായിക്കുന്നവക്കും അദ്ദേഹം ഒരു സംസ്കൃതവിദ്വാനാണെന്നു് തോന്നിപ്പോകും. അദ്ദേഹം ഇംഗ്ലീഷു് പഠിക്കാൻ തുടങ്ങുന്നതിനുമുമ്പ് "ഈരേഴക്കണിയാ"രുടെ അട്ടക്കൽ ഏതാനും ദിവസം സിദ്ധരൂപം പഠിച്ചിട്ടുണ്ടു്. അന്നു് ഒന്നോ രണ്ടോ ഏത്തമിടാൻ സംഗതിയാകയാൽ ആ പഠിത്തം ഉപേക്ഷിച്ചതായിട്ടാണു് മി: മാധവൻ എന്നോടൊരിക്കൽ പറഞ്ഞതു്. സാധാരണ മലയാള പത്രാധിപന്മാരും അവരുടെ ലേഖകന്മാരും സംസ്കൃതപദ ഭ്രാന്തുപിടിച്ചു് "നാശോന്മുഖം പോലെ "ശ്രേയോന്മുഖ"വും "പണ്ഡിതമ്മന്യൻ" പോലെ "വിദ്വന്മന്യനും"മററം പ്രയോഗിച്ചു് അനാഘ്രാത വ്യാകരണത്വം പുറത്തുകാണിച്ചുവരുന്നതുപോലെ മി. മാധവനു് ഒരിക്കലും അബദ്ധംപററി ഞാൻ കണ്ടിട്ടില്ല. സന്ദിഗ്ദ്ധപദങ്ങൾ അദ്ദേഹം പ്രയോഗിക്കുകതന്നെയില്ല. "പത്രത്തിലെ എഴുത്തുകളിൽ വല്ല തെററുകളും പററുന്നുണ്ടോ" എന്നു് മി: മാധവൻ എന്നോടു പലപ്പോഴും ചോദിച്ചിട്ടുണ്ടു്. "ഒരു തെററും കാണുന്നില്ല" എന്നു് നിഷ്കളങ്കം ഞാൻ മറുപടിയും പറഞ്ഞിട്ടുണ്ടു്.

മി: മാധവനു് ഇംഗ്ലീഷ് സംസാരിക്കാനുള്ള പാടവം അനന്യസാധാരണമാണെന്നു് ഇംഗ്ലീഷ് പണ്ഡിതന്മാർ സകലരും സശിരഃകമ്പം സമ്മതിച്ചിട്ടുണ്ടു്. ശ്രീമാൻ ഒ. എം. ചെറിയാൻ ബി. ഏ. എൽ. ററി. അവർകൾ ഒരിക്കൽ എന്നോടു് ഇങ്ങനെ പറയുകയുണ്ടായിട്ടുണ്ടു്:— "മി: മാധവനെക്കണ്ടാൽ ഒരു ഫോത്തുഫാറത്തിൽ പഠിക്കുന്ന പയ്യനാണെന്നു തോന്നും. ഒരു യൂറോപ്യനെപ്പോലെ അദ്ദേഹം നല്ല ധാടിയോടുകൂടി ഇംഗ്ലീഷ് സംസാരിക്കും" ഇംഗ്ലീഷ് പഠിച്ചിട്ടില്ലാത്തവക്കും മി: മാധവന്റെ ഇംഗ്ലീഷ് സുഖശ്രവമായിരിക്കും.

വൈക്കം സത്യഗ്രഹസ്മരണ

വൈക്കം സത്യാഗ്രഹസമരത്തിൽ സജീവപ്രവർത്തനം നടത്തിയവരിൽ ചിലർ സരസകവി മൂലൂർഅവർകൾക്കു് അയച്ചുകൊടുത്തിട്ടുള്ള ചില എഴുത്തുകളാണു് ഇതിൽ പകർത്തി അയയ്ക്കുന്നതു്. രാജകീയയുഗത്തിലെ വിപ്ലവകാരികളുടെ കഥാകഥനം ജനകീയയുഗത്തിലെ വിപ്ലവകാരികൾക്കു കർണ്ണപീയൂഷമായിരിക്കുമല്ലോ. ഉള്ളതു് ഉള്ളവണ്ണം ഗ്രഹിക്കുന്നതിനു്, ഇപ്രകാരമുള്ള രേഖകൾ ഏററവും ഉപകരിക്കുമെന്നുള്ളതുകൊണ്ടു ചരിത്രകാരന്മാർ ഈ കൺമറഞ്ഞ കത്തുകൾക്കു വിലകല്പിക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ല.

വൈക്കം സത്യഗ്രഹകാലത്തു്, സരസകവി മൂലൂര അവർകളുടെ അന്തേവാസികളിൽ ഒരാളായ പൊടിമണ്ണിൽ മി: മാധവൻ ചാന്നാർ ക്രിസ്തുമതം സ്വീകരിച്ചു് "പൗലൂസ്" എന്ന പേരും പേറി വൈക്കം ക്ഷേത്രറോഡിൽകൂടി നിർബാധം സഞ്ചരിച്ചു. മി: മാധവൻചാന്നാരുടെ മതപരിവർത്തനത്തിൽ ഖേദംപ്രകടിപ്പിച്ചുകൊണ്ടു് മി: വി. ചിദംബരൻപിള്ള സരസകവിയുടെ ഉപർക്കു. കവിതയിൽ അയച്ച കത്തും അതിനു് അദ്ദേഹംകൊടുത്ത മറുപടിയും കൂടിഇതിൽ ചേർത്തിരിക്കുന്നു.

വന്ദേമാതരം

സത്യഗ്രഹ ആശ്രമം

No: 141

വൈക്കം,
16–10–99

മാന്യരേ!

അടുത്തുവരുന്ന 22-ാംതീയതിയാണല്ലോ നിയമനിർമ്മാണസഭ തുടങ്ങുന്നതു്. പൊതുനിരത്തുകളിൽക്കൂടി സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കേണ്ടതിനേയും സത്യഗ്രഹതടവുകാരെ വിടേണ്ടതിനേയുംപററിയുള്ള നിശ്ചയങ്ങൾ ഒന്നാംദിവസംതന്നെ സഭയിൽ പര്യാലോചനയ്ക്കെടുക്കും. നമുക്കു ഈ സംഗതിയിൽ ഏകകണ്ഠമായുള്ള അഭിപ്രായത്തെ ഗവണ്മെൻറിനെ അറിയിക്കുന്നതിനുള്ള ഉചിതമായ സന്ദർഭമാണിതു്. ഇടവം 22-ാംനു രാജ്യം മുഴവൻ ഒരു സമ്മേളനദിനമാക്കണം. രാജ്യത്തിൻെറ ഭാഗങ്ങളിലും വിഭാഗങ്ങളിലും ഹിന്ദുക്കളായ സകല ജനങ്ങളുംചേർന്നു് അധികൃതക്കു് മററു ഹിന്ദുക്കളോടൊപ്പം സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കേണ്ടതാണെന്നു് നിശ്ചയം പാസ്സാക്കി മഹാരാജാവു തിരുമനസ്സിലേക്കും ദിവാൻജിക്കും കമ്പിമാർഗ്ഗമായി അയക്കണം. നിയമസഭയിൽ ഇതേ വിഷയം വാദത്തിൽ ഇരിക്കുമ്പോൾ ഹിന്ദുക്കളുടെ പൊതു അഭിപ്രായം അവിടെ പ്രത്യക്ഷപ്പെടത്തക്കവണ്ണം കമ്പികൾ ശരവഷംപോലെ ദിവാൻജിക്കു് കിട്ടിക്കൊണ്ടിരിക്കണം. ഇതു് ഇവിടത്തെ അയിത്തോച്ചാടനക്കമ്മിററിയുടെ ഒരു നിശ്ചയമാണു്. ഇതിൽ ഏററവും ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കണമെന്നു് പ്രത്യേകം അപേക്ഷ.

ദക്ഷിണ ഇന്ത്യയിലെ പ്രസിദ്ധ കാൺഗ്രസ്സ് നേതാക്കന്മാരായ മെ: സി. രാജഗോപാലാചാരി, സന്താനം (എം. ഏ. ബി. എൽ.) രാമനാഥൻ (എം. ഏ. എം. എൽ.) ഇവർ ഇവിടെ വന്നുചേർന്നിട്ടുണ്ടു്. സംഗതികൾ വളരെ ഊർജ്ജിതമായി നടന്നുവരുന്നു.

എന്നു്, നിങ്ങളുടെ

ഏ. കെ. ഗോവിന്ദൻചാന്നാർ

കഴിയുന്നത്ര യോഗങ്ങൾ പല സ്ഥലങ്ങളിലായിക്കൂടി കമ്പി അടിപ്പിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

എ. കെ. കൃഷ്ണൻചാന്നാർ
തെരുവിൽപ്പുറമ്പ്

മുട്ടം, ഹരിപ്പാട്ട്
17-10-99

മാന്യനായ ആശാൻ അവർകൾക്ക്,

ഞാൻ കഴിഞ്ഞ 12-ാംതീയതി വൈക്കത്തുപോയിരുന്നു. ഇന്നലെയാണ് തിരിച്ചുവന്നതു്. ജ്യേഷ്ഠനെ അറസ്റ്റ്ചെയ്യാനുള്ള ആലോചനയുണ്ടെന്നു് ഒരു കേൾവികേട്ടതനുസരിച്ചായിരുന്നു ഞാൻ പോയതു്. പക്ഷേ അതൊരു അടിസ്ഥാനരഹിതമായ കേൾവി മാത്രമായിരുന്നു. എങ്കിലും ഒരുപക്ഷേ അറസ്റ്റ് ഉണ്ടായേക്കാം. മഹാത്മാഗാന്ധിയുടെ വലങ്കൈ എന്നു സുപ്രസിദ്ധനും ഒരു യഥാർത്ഥ നേതാവുമായ സി. രാജഗോപാലാചാരി അവർകൾ വരുമ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു. ഈഴവരുടെ സാന്നിദ്ധ്യവും സഹകരണവും വളരെ കുറവായിരിക്കുന്നു എന്നു് അദ്ദേഹം വളരെ സഹതാപപൂർവ്വം പറയുകയുണ്ടായി. ആവശ്യക്കാർ നമ്മളും ജയിലിൽ പോകാനും പരിശ്രമിക്കാനും മററുള്ളവരും, എന്നുള്ള നിലയിലാണിപ്പോൾ ഇരിക്കുന്നതു്. ഇതു് എത്രയോ ലജ്ജാവഹവും സങ്കടകരവുമായ ഒരു സംഗതിയാണെന്നാലോചിച്ചുനോക്കുക. ഇതിൽ പരാജയം വന്നാൽ നാം ആരോടാണു് കുററംപറയുക. മേലാൽ നമുക്കു മററുള്ളവരുടെ സഹകരണം ആവശ്യപ്പെടാനും നിവൃത്തിയുണ്ടോ? അവിടെ ആശാനവർകൾ വേണ്ട പരിശ്രമം ചെയ്യുന്നതായിട്ടു കേട്ടതിൽ വലുതായ ആശ്വാസവും സന്തോഷവുമുണ്ടു്. അകാലികൾ ഒരുപക്ഷെ പോയേക്കാനെളുപ്പമുണ്ടു്. ഗവമ്മെൻറിൽനിന്നും അവക്ക് നിരോധനയുത്തരവു കൊടുത്തതായിട്ടാണറിവു്. ആരു് നിരോധനയുത്തരവുകൊടുത്താലും അവരുടെ മേലാവിൻെറ ഉത്തരവുവരാതെ അവർ പോകുന്നതല്ല. അവർ ആ വിവരത്തിനു് അവരുടെ മേലാവിൻെറ പേക്കു കമ്പി അടിച്ചിട്ടുണ്ടു്. മറുപടിക്കമ്പിയനുസരിച്ചു് അവർ പ്രവത്തിക്കുന്നതായിരിക്കും. ഇപ്പോൾ അകാലികൾ ചോറുകൊടുക്കാനുണ്ടായിരിന്നിട്ടുതന്നെയും ദിവസേന നൂററിചില്വാനം രൂപയുടെ ചിലവ് മററിനത്തിൽ അവിടെയുണ്ടു്. അതുതന്നെയും വദ്ധിച്ചുവദ്ധിച്ചാണുവരുന്നതു്. ആ നിലയ്ക്കു് അകാലികൾ പോകുന്നതായാൽ ഉള്ള അവസ്ഥ എന്തായിരിക്കുമെന്നുംകൂടി നാം പയ്യാലോചിക്കണം. ഈ കാൎയ്യങ്ങളെല്ലാം നമ്മുടെ സമുദായ പ്രമാണികളെ അറിയിക്കണമെന്നു ജ്യേഷ്ഠൻ പറഞ്ഞതനുസരിച്ചാണു് ഈ കത്തയയ്ക്കുന്നതു്. ശേഷം പിന്നാലെ.

എന്നു് സ്വന്തം,

എ. കെ. കൃഷ്ണൻ

"വന്ദേമാതരം"

കാഞ്ഞിപ്പുഴ,
21-10-99.

മ- രാ- രാ- ചിററപ്പൻ അവർകൾ ബോധിക്കുന്നതിന്. വൈക്കത്തേക്കുള്ളയാത്ര അടുത്തദിവസം നാലുമണിക്കുണ്ടാകണമെന്ന് ആശിക്കുന്നു. നാലുസ്ത്രീകളും (അതായതു് ലക്ഷ്മിയുൾപ്പെടെ) ഞാനുൾപ്പെടെ നാലുപുരുഷന്മാരും ഉണ്ടായിരിക്കുന്നതാണ്. ××××,,

എന്നു് സ്വന്തം,
കൊച്ചിക്കാച്ചാന്നാർ, കാമ്പിശ്ശേരിൽ

വന്ദേമാതരം

സത്യഗ്രഹആശ്രമം

No: 148

വൈക്കം
22-10-99

പ്രിയസ്നേഹിതരേ!

ഇപ്പോൾ ഇവിടത്തെ സ്ഥിതിഗതികൾ എല്ലാം മാറിവീണിരിക്കുന്നു. വർഷം അതികഠിനമായിത്തുടങ്ങി. പോലീസുകാർ മർദ്ദനം വാളണ്ടിയറെ തുടങ്ങി. പനിപിടിച്ചു് അധികംപേർ ആസ്പത്രിയിൽ ആയി. അകാലികൾ പോയി. സമുദായനേതാക്കന്മാർ കാൺഗ്രസ്സിനോടു വളരെ വെറുപ്പായി പെരുമാറിത്തുടങ്ങിയിരിക്കുന്നു. ഇനിയാണ് സമുദായത്തിന്റെ ചുണ കാണിക്കേണ്ടതു്. ഏതാനും വാളണ്ടിയർമാർ ഏതു ത്യാഗവും സഹിക്കാമെന്നു് ഉറച്ചു വന്നുചേർന്നിട്ടുണ്ട്. ഗവർമ്മേൻറു സേവപിടിച്ചു് വല്ലതും കാര്യം നേടാമെന്നിരുന്നാലും ഇതിൽനിന്നും വല്ല തോൽവിയും പററുന്നതു് ചെത്തുപ്രക്ഷോഭണത്തിനു് ഉത്സാഹിച്ചതുപോലെയല്ലെന്നുള്ള വിവരം അറിയാമല്ലോ. ചെങ്ങന്നൂർ, മാവേലിക്കര ഈ താലൂക്കുകളിൽനിന്നും വളരെ കുറച്ചേ പണം ഇവിടെ വന്നു ചേർന്നിട്ടുള്ളൂ. അതിനു പലരേയും പ്രേരിപ്പിച്ചു് ഉത്സാഹിപ്പിക്കേണ്ടതായുണ്ട്. പരദേശക്കാർ വളരെപ്പേർ ദിവസവും വരുന്നുണ്ട്. അവർ എല്ലാപേരും പറയുന്നതു് ആവശ്യക്കാരായ അധഃകൃതർ മുന്നിട്ടുനിന്നു പ്രവർത്തിക്കണമെന്നും, അവർ വേണ്ട സഹായങ്ങൾ ചെയ്തുകൊള്ളാമെന്നുമാണ്. വാസ്തവവും അതുതന്നെയാണല്ലോ. നിങ്ങളെല്ലാം ഇരുന്നുംകൊണ്ടു പ്രവർത്തിച്ചാലും അധികം പണവും യോഗ്യതയുള്ള വാളണ്ടിയർമാരും ഇവിടെ വന്നേനേ. അതിനു മനസ്സുതോന്നാത്തതു് സമുദായ

ത്തിൻെറ കഷ്ടപ്പാടുതീരാൻ ഇനിയും കാലം വേണ്ടതിനാലാണെന്നു് തോന്നുന്നു. ഈഴവരേക്കൊണ്ടു പാസ്സാക്കുകയല്ലാതെ പ്രവൃത്തിയിൽ ഒന്നും ഉണ്ടായിട്ടില്ലെന്നും പരബോദ്ധ്യമാണല്ലോ. ഇപ്പോൾ സ്വൈ്വാസ്ഥ്യ മനമില്ലാത്ത ബ്രിട്ടീഷ്ഗവണ്മെൻറിനെ കിടുകിടാ വിറപ്പിച്ചിരിക്കുന്ന കാൺഗ്രസ്സുകാരരെ ഇതിൽ പ്രേരിപ്പിച്ച മഹാന്മാരെ നമസ്കരിക്കയും എല്ലാ ഈഴവസഹോദരന്മാരും കഴിയുന്നവിധത്തിൽ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സഹായിക്കയുംചെയ്യുമെന്നുകരുതിയാണു് സൗകര്യം അശേഷമില്ലെങ്കിലും ഈ കത്തു് എഴുതാൻ ഇടയാക്കിയിട്ടുള്ളതു്. ശേഷം വഴിയേ.

എന്നു്,

എ. കെ. ഗോവിന്ദൻചാന്നാൻ

ബ്രഹ്മസമാജമിഷ്യനറി സിണ്ടി ബി. എ. പ്രവൃത്തിക്കായി തയ്യാറായിവന്നു് ക്യാമ്പ്അടിച്ചിരിക്കുന്നു.

വന്ദേമാതരം

സത്യഗ്രഹആശ്രമം

No: 10

കോട്ടക്കോയിക്കൽ | ഐരൂർ
എം. വേലായുധൻ | 1–11–99

മാന്യമിത്രമേ!

വൈക്കത്തുനിന്നു് ഞങ്ങൾ ഒരു ഡെപ്യൂട്ടേഷനായി ഇങ്ങോട്ടു പുറപ്പെട്ടിരിക്കുന്നു. ശ്രീമാന്മാർ അയ്യാമുത്തുഗൗണ്ടർ, സത്യവ്രതസ്വാമി, തയ്യിൽ കൃഷ്ണപിള്ള ഇത്രയുംപേരാണു് മററുള്ള ഡെപ്യൂട്ടേഷൻ അംഗങ്ങൾ. ഞങ്ങൾ ഇന്നു രാവിലെ ഇവിടെ എത്തി. നാളെ ഇവിടെ ഒരു മഹായോഗമുണ്ടു്. 15-ാംതീയതിവരെ ഞങ്ങൾ പലേടത്തുമായി ചുററിത്തിരിയാൻ വിചാരിക്കുന്നു. ഞങ്ങളുടെ പ്രോഗ്രാം പത്രങ്ങൾക്കു കൊടുത്തിട്ടുണ്ടു്. ഇലന്തൂർ, പത്തനംതിട്ട, വള്ളിക്കോടു്, കോന്നി, പത്തനാപുരം, പുനലൂർ, അഞ്ചൽ, കൊട്ടാരക്കര, കാരസ്കാടു്, ഉള്ളന്നൂർ, അയത്തിൽ ഈ ക്രമത്തിനു് ഞങ്ങൾ സഞ്ചരിക്കാൻ വിചാരിക്കുന്നു. സാധിക്കുന്നേടത്തെല്ലാം മീററിംഗുവയ്ക്കുക, പണക്കാരായും പൗരപ്രധാനികളായും ഉള്ളവരെ ചെന്നുകാണുക, ധനശേഖരംചെയ്ക, ജനങ്ങളെ കാര്യം

ഗ്രഹിപ്പിക്കുക ഇതാണു് ഞങ്ങളുടെ ക്രിയാപദ്ധതി. ഞങ്ങൾക്കു് എന്തെല്ലാം സഹായംചെയ്യാൻ കഴിയുമോ—വൈക്കംസത്യഗ്രഹത്തിനു് ഏതെല്ലാം സഹായങ്ങൾ ചെയ്യാമോ—അതെല്ലാംചെയ്തു് ഞങ്ങളേ അനുഗ്രഹിക്കണം. ഞങ്ങളുടെ യാത്രാസ്ഥലങ്ങളിൽ ഞങ്ങൾക്കു പരിചയമുള്ളവർക്കെല്ലാം ഞങ്ങൾ എഴുതുന്നുണ്ടു്. പക്ഷേ ഞങ്ങളുടെ പരിചിതന്മാർ ഈ സ്ഥലങ്ങളിൽ വളരെക്കുറവാണു്. അതുകൊണ്ടു് ഈ സ്ഥലങ്ങളിൽ മാന്യന്മാരും പ്രയോജനമുള്ളവരുമായ എല്ലാ ആളുകൾക്കും ഓരോ കാർഡു് അവിടെനിന്നു് അയയ്ക്കണം. ഞങ്ങൾ സത്യഗ്രഹത്തിലേക്കു് ധനശേഖരംചെയ്യാൻ പുറപ്പെട്ടിരിക്കുന്നു എന്നും നിങ്ങളുടെ സ്ഥലത്തും അവർ വരും, വേണ്ട ഒത്താശകൾ ചെയ്യണമെന്നും എഴുതിയാൽമതി. ശ്രീമാൻ ഗൗണ്ടർഅവർകളെ കാണാൻതന്നെ ജനങ്ങൾക്കു് അതിയായ കൗതുകമുണ്ടാകുമല്ലോ. അദ്ദേഹം ജയിലിൽനിന്നു് മടങ്ങി വൈക്കത്തുവന്നപ്പോൾ സ്വദേശത്തേക്കു പോകണമെന്നു് ആഗ്രഹമുള്ള നിലയിലാണു് കണ്ടതു്. ഞങ്ങൾ ഡെപ്യൂട്ടേഷനുവേണ്ടി പുറപ്പെടണമെന്നു് ആവശ്യപ്പെട്ടുകയും അദ്ദേഹം സമ്മതിക്കുകയുംചെയ്തിരിക്കുകയാണു്. ഈ അവസരം ഒരു നല്ല അവസരമാണല്ലോ. ജനങ്ങളെ ഉണർത്താൻ ഇപ്പോൾ സാധിക്കും. അവിടെയും ഒരു മീററിംഗുവച്ചാൽ നന്നായിരുന്നു. സാധിക്കുമെങ്കിൽ ഞങ്ങളെ വിവരം അറിയിക്കണമെന്നപേക്ഷ. അയത്തിലും ഉള്ളനൂരും മററുമുള്ളവരേ വിവരം അറിയിച്ചു് സത്യഗ്രഹത്തിനു് സംഭാവനചെയ്യാൻ ഉപദേശിക്കണം. ഞങ്ങൾ അവിടെ വീടുകളിൽകയറി ഭിക്ഷാടനംചെയ്യണമെന്നു വിചാരിക്കുന്നുണ്ടു്. അവിടങ്ങളിൽ ചിലർ ഇതിലേക്കു പണപ്പിരിവു നടത്തുന്നുണ്ടെന്നു് തയ്യിൽ കൃഷ്ണപിള്ളഅവർകൾ എന്നോടു പറഞ്ഞു. അവരേയും ഈ അവസരത്തിൽ ഉത്സാഹിപ്പിക്കണം. എന്നുവേണ്ട, ഏതെല്ലാംവിധത്തിൽ അനുകമ്പകാണിക്കാമോ അതു മുഴുവൻ ഇപ്പോൾ കാണിക്കണം...ഞാൻ എസ്. എൻ. ഡി. പി, കഴിഞ്ഞിട്ടു് മടങ്ങിപ്പോയില്ല. വൈക്കത്തുതന്നെ താമസിച്ചു് വേലചെയ്യുകയായിരുന്നു.

വിധേയൻ,

കെ. എം. വേലായുധൻ

N. B. കാമ്പിശ്ശേരിലേ മൂപ്പീന്നും അനുയായികളും സുഖമായി വൈക്കത്തു താമസിക്കുന്നു. അവർ സത്യഗ്രഹംഅനുഷ്ഠിച്ചു ഗേററിൽ പോകുന്നുണ്ടു്. കുറേപ്പേർ മൂപ്പരെ അനുഗമിക്കാൻ ഉണ്ടാകണം. സത്യഗ്രഹം മുറയ്ക്കു നടക്കുന്നു. മറുപടി, കോട്ടുക്കോയിക്കൽ വേലായുധൻ c/o ഗോവിന്ദൻ, നെട്ടേത്തുവീട്ടു്, അഞ്ചൽ എന്നുമതി.

വന്ദേമാതരം

സത്യഗ്രഹആശ്രമം

വൈക്കം
10–11–99

മ-രാ-രാ-ചിററപ്പനവർകൾ ബോധിക്കുന്നതിനു്.

സത്യഗ്രഹം അതികേമമായി നടക്കുന്നു. അതായതു് പോലീസിൻെറ നയം മാറി. കമ്മിററിയുടെയും നയം മാററി. ഗേററിൽ പാട്ടുപാടിക്കൂടാ, ചക്രാവച്ചു നൃല്പനൂൽക്കൂട എന്നു പോലീസും ഇതുകൾ നടത്തുമെന്നു് കമ്മിററിയും വാശിയിൽ തുടങ്ങി. ചക്രാ എടുക്കുന്നു, പാട്ടുപാടുന്നവരെ തല്ലുന്നു. 6-ാംതീയതി 6 വാളണ്ടിയേഴ്സ് തല്ലുകൊണ്ടു് ഇപ്പോഴും ചികിത്സയിലിരിക്കുന്നു. മിസ്റ്റർ നായിക്കരെ എട്ടാംതീയതി നാലുമണിക്കു വിട്ടു. എതിരേൽക്കുന്നതിനു് ഞങ്ങൾ പോയിരുന്നു. പാണാവള്ളിൽ വൈദ്യൻെറ വീട്ടിൽ രാത്രി താമസിച്ചു. ഇന്നലെ ദിവസം 11 മണിക്കു് ഞങ്ങൾ ഇവിടെ വന്നുചേർന്നു. ഇവിടെനിന്നും എതിരേല്ക്കാൻ പോയിരുന്നവർ കെ. ജി. കുഞ്ഞുകൃഷ്ണൻവക്കീൽ അവർകൾ, സത്യവ്രതസ്വാമികൾ, മി: ചാന്നാർ, ഭാര്യ, ഞാൻ, ലക്ഷ്മി, മിസിസ്സ് നായിക്കർ, കൊച്ചമ്മ, ദേശീയഗാനം പാടാവുന്ന അഞ്ചെട്ടു വാളണ്ടിയേഴ്സ് കൊടിമുതലായതോടെ ഇവിടെനിന്നും പുറപ്പെട്ടു് പാണാവള്ളിൽ കൃഷ്ണൻവൈദ്യരുടെ വസതിയിൽചേർന്നു. ഞങ്ങൾ ആഹാരാദികൾകഴിച്ചു് അവിടെനിന്നും രണ്ടു ബോട്ടും മററു ഓടിവള്ളങ്ങളുമായി പുറപ്പെട്ടു് കൃത്യസമയത്തു് ചെന്നുചേർന്നു. അഞ്ചരമണിക്കു് പാണാവള്ളിൽ ബോട്ടുചേർന്നു. അരൂക്കുററിയിൽനിന്നും കരമാർഗ്ഗം ഘോഷയാത്ര തുടർന്നു. അധികം ആളുകളും 6 മണിയോടെ പ്രസ്തുത സ്ഥലത്തു ചെന്നു. രാത്രി പാണാവള്ളിൽ താമസിച്ചു. ഇന്നലെ ദിവസം 11 മണിയോടെ ആശ്രമത്തിൽ ചേർന്നു. 4 മണിമുതൽ ബോട്ടുകടവിൽ പ്രസംഗം തുടങ്ങി. രാത്രി 8 മണികഴിഞ്ഞു് ആശ്രമത്തിൽചേർന്നു. സവിസ്തരം റിപ്പോർട്ടിൽ വായിക്കാം.........

വൈക്കം
8–12–99

മ-രാ-രാ-ചിററപ്പനവർകൾ ബോധിക്കുന്നതിനു്. ഞങ്ങൾ ഇവിടെ വന്നതിൽപിന്നെ ഒരു കത്തുപോലും അയച്ചുതന്നിട്ടില്ലെന്നു് ഓർക്കുമല്ലോ. ഞാൻ പീരുമേട്ടിൽനിന്നും രണ്ടാംതീയതി 9 മണിക്കു് ഇവിടെ ചേർന്നു. അവിടുത്തെ കാലാവസ്ഥ ഇപ്പോൾ ഭയങ്കരമെന്നുകാണുകയാൽ പണം കിട്ടുന്നിടത്തു് അധികവും സഞ്ചരിപ്പാൻ സാധിച്ചില്ല. ആയതു് മാസംപിറന്നാവട്ടെ. എന്നു വച്ചിരിക്കുന്നു സത്യഗ്രഹം എല്ലാവിധ

ത്തിലും നാൾക്കുനാൾ ഊൎജ്ജിതമായി നടക്കുന്നു. വെള്ളപ്പൊക്കം ഭയങ്കരമാണു്. ആശ്രമഗേററിൽ 3-ാംതീയതിമുതൽ ഞങ്ങൾ വള്ളത്തിൽ സഞ്ചരിക്കുന്നു. കിഴക്കേനടഗേററിൽ എനിക്കു് കഴുത്തുവരെ വെള്ളം ഉണ്ടു്. എല്ലായിടത്തും വെള്ളംതന്നെ. ഇവിടെനിന്നും നാലഞ്ചുദിവസം ഉണ്ടു് അഞ്ചൽ പോക്കുവരവു് ഇല്ലാതിരിക്കുന്നു. ഇതൊക്കെയായിട്ടും വാച്ചു മുടങ്ങാതെ കൃത്യസമയത്തു് പോയിക്കൊണ്ടിരിക്കുന്നു. ഈ സ്ഥലത്തു് അസംഖ്യം വീടുകളും വെള്ളത്തിനിരയായിത്തീൎന്നിരിക്കുന്നു. അധികം ആളുകളും വള്ളത്തിൽ കുഞ്ഞുകുട്ടി, പൂച്ച, നായ് മുതലായതുകളോടു് പൊറുക്കുന്നു. പോകട്ടെ. സത്യഗ്രഹാശ്രമത്തിൽനിന്നും 5-ാം തീയതിമുതൽ സകലക്കും ഉച്ചക്കു് മൃഷ്ടാന്നം ആഹാരം കൊടുക്കുന്നു. ആയതു് [വെള്ളംതാഴുന്നതുവരെ വേണമെന്നാണു് നിശ്ചയിക്കുന്നതു്. തൻനിമിത്തം ഞങ്ങൾക്കു് അതിയായ അദ്ധ്വാനം ഉണ്ടു്. **അവിടെനിന്നും മൂന്നുനാലു സ്ത്രീവാളണ്ടിയേഴ്സിനെ അയച്ചുതന്നാൽകൊള്ളാം. അവരുടെ വീട്ടിലേതുപോലെ ഇവിടെ ഞാൻ സൂക്ഷിച്ചുകൊള്ളാം. മി: നായിക്കരെ വീണ്ടും നിരോധനത്തിനു് നാലുമാസം ശിക്ഷിച്ചു. അറിഞ്ഞുകാണുമല്ലോ. ഭാൎയ്യ, കൊച്ചമ്മ, അനന്തിരവൾ, മൂന്നു വനിതാരത്നങ്ങൾ എന്നിവർ ഇവിടെ താമസിക്കുന്നു. അവർ വിജയം വിജയം എന്നു വിശിഷ്യ പറയുന്നു. എന്തു മനഃസ്ഥിതി ***

വടക്കേച്ചരുവിലെ കല്യാണി, കുട്ടമംഗലത്തുകാരിയുടെ മകൻെറ ഭാൎയ്യ ഇവർ രണ്ടുപേരും വാളണ്ടിയേഴ്സായിട്ടു് ഇവിടെ ഇടവംമുതൽ ഉണ്ടെന്നും ഞങ്ങൾ ഒരുമിച്ചു താമസമെന്നും അറിഞ്ഞിരിക്കുമല്ലോ. കഴിഞ്ഞ ലഹളദിവസം കുട്ടമംഗലത്തുകാരി ഇവിടെ വരികയും അന്നു് ഒരുദിവസം സത്യാഗ്രഹത്തിനു് കൊണ്ടുപോകയും ഉണ്ടായി. സത്യാഗ്രഹം വിജയമായി ഭവിക്കട്ടെ** അരീക്കരക്കാരൻ മി: നീലകണ്ഠനും ഇപ്പോൾ ഇവിടെ വാളണ്ടിയറാണെന്നു് അറിയിക്കട്ടെ.

എന്നു് സ്വന്തം
കെ. കൊച്ചിക്കാച്ചാന്നാർ

കൊല്ലം,
1-3-100.

മഹാറാണി തിരുമനസ്സിലെ അടുക്കൽ ഡെപ്യൂട്ടേഷൻ പോകുന്നതിനു് വൈക്കത്തുനിന്നും ഒരു സവൎണ്ണഹിന്ദു ജാഥാ പുറപ്പെടണമെന്നു വിചാരിക്കുന്നു. അതിനേപ്പററി ചില കാൎയ്യങ്ങൾ ആലോചിക്കുന്നതിനായി ഈ മാസം 4-ാംതീയതി ഞങ്ങൾ കല്ലൂരിൻെറ വീട്ടിൽ എത്തുന്നതാണു്. അപ്പോൾ ആവശ്യമുള്ള സ്നേഹിതന്മാരോടുകൂടി നിങ്ങൾ അവിടെ വന്നുചേരണമെന്നപേക്ഷിക്കുന്നു.

എ. കെ. പിള്ള.
മന്നത്തുപത്മനാഭപിള്ള.

ഓം

ആലുവാ,

9-3-1100

മഹാത്മൻ!

* * * * വൈക്കത്തുനിന്നു തിരുവനന്തപുരത്തേയ്ക്കു പോകുവാൻ നിശ്ചയിച്ചിരിക്കുന്ന സവർണ്ണസംഘത്തിലേയ്ക്കു ആൾ ശേഖരത്തിനായി ശ്രീമാന്മാർ ഏ. കെ. പിള്ള, കണ്ണന്തോട്ടത്തു വേലായുധമേനോൻ, സി. ചാത്തുക്കുട്ടിനായർ, മന്നത്തുപത്മനാഭപിള്ള എന്നിവർ ഇവിടെ വന്നു. ഒരു ദിവസം ആശ്രമത്തിൽ താമസിച്ചതിനുശേഷം പറവൂർ മുതലായ സ്ഥലങ്ങളിൽപോയി തിരിച്ചിതുവഴിവന്നു വൈക്കത്തേയ്ക്കു പോയി. * * * * * "

എന്നു്

വിനീതവിധേയൻ
ററി. ററി. കേശവൻ.

ചിദംബരൻപിള്ളയുടെ കത്തും മറുപടിയും

"തുടങ്ങീടൊല്ല ഹാഹാ സാഹസംമഹാമതേ"

(കേക)

കഷ്ടമേകഷ്ടംകഷ്ടമെന്തസംബന്ധമാണെൻ
ജ്യേഷ്ഠസോദരാ ഭവാനരുളിച്ചെയ്യതെല്ലാം
പ്രീതിദമായ ചാരുമന്ദാരകുസുമമോ
പൂതിഗന്ധംവഹിപ്പാനർഹമായ്ഭവിക്കുന്നു?
സരസകവിശ്രേഷ്ഠൻ പണ്ഡിതശിരോമണി
വിരുതൻ, സമുദായനായകൻമഹാമതി
നിങ്ങളിൽനിന്നീവിധംദയനീയമായ്മാന
ഭംഗമാമഭിപ്രായമുളവായതിലേററം
വ്യഥയുണ്ടെനിയ്ക്കിപ്പോളിങ്ങനെയായാൽഭാവി
കഥയെന്തങ്ങിതൊന്നുമറിയാച്ചെറുകുഞ്ഞോ?
വിസ്മയംതവദീയമാം നിടിലംതന്നിൽനിന്നു
ഭസ്മംമാറ്റിത്തിറക്കാൻനോക്കുന്നുവിദ്വാന്മണേ.
രുദ്രാക്ഷമാല്യത്തേക്കാൾനമുക്കുനിനയ്ക്കുകിൽ
ഭദ്രമോ"കൊന്ത"പത്മനാഭ!ഞാനെന്തുചൊൽവു.
ഓങ്കാരമുച്ചരിച്ചീട്ടന്നോരുനാവോ മേലിൽ
പങ്കാദിദോഷംപോക്കാൻജപിപ്പുഹിംസാമന്ത്രം?

മതമോമാറേണ്ടതുസ്സമതേഭവാനസ-
മ്മതമോസനാതനമതസംവിവത്തനം
ചാട്ടവാനായത്തിനുമാത്രമേപിന്നോട്ടപോ
യീട്ടമാറുള്ള പുരോഗമനത്തിനായാരും
താഴ്ചയിൽഭ്രമിക്കാറില്ലെന്തൊരുനിരാശയാ-
ണാശ്ചര്യ്യമെലിമൂലമില്ലമോച്ചുട്ടീട്ടന്നു?
താവകാന്തവാസിയേ വഴിതെററിച്ചതോത്തു
വേവുകയാണെൻചിത്തമെന്തൊരുകഴിവിനി:
വന്നതോവന്നു മേലിലെങ്കിലുംസൂക്ഷിക്കണേ
ഹിന്ദുക്കൾനമ്മൾക്കുള്ളമാനവുംമയ്യാദയും.
അടങ്ങിപ്പാക്കാംനമുക്കാസന്നമായീശ്ശുഭം
തുടങ്ങീടൊല്ലാഹാഹാ സാഹസംമഹാമതേ.

വി. ചിദംബരൻപിള്ള.

മറുപടി.

സോദരാഭവാൻവിട്ടനിസ്സീമമൈത്രീഭര
മേദ്ദുരമായ നവലേഖനംകിട്ടീകയ്യിൽ
ആദിതസ്സമീക്ഷിച്ചുവായിച്ചുമറുപടി
സാദരം കുറിക്കുന്നു നോക്കുകസാവധാനം
വേഷത്തിൽപോലുംഹിന്തുധമ്മത്തേസംരക്ഷിക്കാ-
നീഷത്തന്ദ്രിയില്ലാത്തോരീയാഥാസ്ഥിതികൻഞാൻ
പുഷ്യമാണമാമംഗംരക്ഷിക്കാൻ മതം വിട്ട
ശിഷ്യനെത്തട്ടതീലശിഷ്യവാത്സല്യശക്ത്യാ.
മാധവൻ"പൌലൂസാ"യിബ്ഭൂദേവസവിധത്തിൽ
ബാധവിട്ടദ്യനടന്നീട്ടന്നുധൂതാർഗ്ഗളം
ജ്ഞാതികൾക്കാക്കുമില്ലവൈമുഖ്യംകൈകൊട്ടക്കാൻ
രോധവുംചെയ്യുന്നീല പണ്ടേപ്പോലവരിപ്പോൾ
പരുത്ത"വേമ്പനാട്ടു"മുങ്ങിച്ചാകാനു"മിണ്ടൻ
തുരുത്തി"യുടെ ചീട്ടുകിട്ടണംപോലുംപണ്ടേ.
മരത്തിൽകേറുവോനും ധരിത്രീദേവതക്കും
നിരത്തിന്നവകാശമൊന്നുപോലല്ലെന്നുണ്ടോ?
അഞ്ചുരൂപ്പികവീതമഞ്ചടിദൂക്കിപ്പാന്ഥ
സഞ്ചാരംരോധിക്കുന്നവൈക്കത്തൊരുഴിദേവൻ
അഞ്ജനമെന്നപോലെലേപനംചെയ്യിക്കുന്നു
പഞ്ചപാതകികണ്ണിൽചുണ്ണാമ്പുതീവ്രതീവ്രം.
മതത്തിൽനിന്നുമാറിപ്പോകട്ടെവേഗാലധഃ-
കൃതരെല്ലാരുമെന്നുമറെറാരുതിരുമേനി
കഥനംചെയ്തീട്ടന്നു,ശാഖിയിൽ ഡി. പി. ഡബ്ലിയു

വധതാൻമാച്ചീടുന്ന വേറൊരുതിരുമേനി.
കുടുമഖണ്ഡിച്ചുതൻകഴുത്തിൽകൊന്തയിട്ടു
നിടിലത്രിപുണ്ഡ്റത്തെത്തുടച്ചുപേരുമാററി
നടുപന്ഥാവിലൂടെ നടക്കുമിച്ചോവനേ
തടയും"മറവേലി"കെട്ടുവാനിവർക്കാമോ?
കല്പനരാജകീയംകൈക്കൊണ്ടു പാലക്കാട്ടു
"കല്പാത്തിരഥോത്സവം"കാണുവാൻ ശാന്തശാന്തം
ഉല്പതിച്ചുള്ള തീയ്യർവൃന്ദത്തെയാകെത്തള്ളി
വിപ്രന്മാരിപ്പോൾപരമാനന്ദംഭുജിപ്പീലേ?
ഹിന്ദുക്കളല്ലാത്തോർക്കുസഞ്ചരിക്കാമവണ്ണ
ഹിന്ദുക്കൾക്കില്ലമാമൂലാവഴിസഞ്ചരിക്കാൻ.
ഹിന്ദുസാമ്രാജ്യത്തിൽനിന്നിങ്ങനെമറുപടി
ഹന്തകേട്ടീലേപിന്നെയെന്തിനീഹിന്ദുമതം!
വൈക്കത്തുവച്ചുമുന്നം"രക്ഷാവണ്ടി"യിൽമുനി
മുഖ്യനാംനാരായണസ്വാമികൾപോയീടവേ
മുഷ്ക്കെഴുമൊരുമഹീദേവതനേരേവന്നു
ചക്രവാഹകനോടുമാറുകയെന്നുചൊല്ലി.
തൃക്കഴലപ്പോൾ താഴെവച്ചുതാൻസഞ്ചരിച്ചാൻ
മുഖ്യർഷിയിരുപതുലക്ഷത്തിൻമഹാദീപം.
രക്തനാഡികളെല്ലാമൂഷ്മളമാക്കിത്തീർക്കു
മിക്കഥയോർക്കുന്നവർക്കെന്തിനുഹിന്ദുമതം?
ഞാൻമതംമാറുന്നില്ല;വഷവുംമാറുന്നില്ല
ബ്രാഹ്മണമതാത്മമായ്‌വിട്ടേക്കാമിജ്ജീവിതം
അമ്മയമ്മാവനച്ഛനെന്നിവർക്കുള്ളസാക്ഷാൽ
ജന്മപന്ഥാവിൽനിസ്സംകോചംഞാൻനടന്നേക്കാം.

സരസകവി, മൂലൂർ.

പന്തളം കേരളവൎമ്മതമ്പുരാൻ

ഞാനും എൻെറ സ്നേഹിതൻ അഞ്ചൽ ആർ. വേലുപ്പിള്ള അവർകളുമൊരുമിച്ച് സാഹിത്യങ്ങളേയും സാഹിത്യകാരന്മാരേയും സംബന്ധിച്ച് പലതും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ എൻെറ വക "കേരളവൎമ്മസൗധ"ത്തിൻെറ ഭിത്തിയിൽവച്ചിരുന്ന ഒരു പടം കണ്ടിട്ട ഇതു് ആരൊക്കെയാണെന്നു് അദ്ദേഹം എന്നോടു ചോദിക്കുകയും ഞാൻ വിവരം പറയുകയും ഈ വിവരം ഒരു പദ്യമാക്കിത്തീർക്കണമെന്നുകൂടി ഞാൻ അദ്ദേഹത്തോട്ട് ആവശ്യപ്പെട്ടുകയും ചെയ്തതനുസരിച്ച് അദ്ദേഹം ഇങ്ങനെ അതൊരു പദ്യമാക്കി:

"ആലത്തൂരാന്നനമ്പൂതിരി,യൊട്ട-
　　വിലെഴം മേനവൻ, പന്തളക്ഷ്മാ
പാലൻ, പേരാണ്ടൊരുള്ളൂർ, പെരിയ
　　കവിവരൻ പത്മനാഭദ്വിജേന്ദ്രൻ,
മൂലൂരെസ്സി,സുപത്രാധിപർ, കവി
　　മണി കോയ്പ്പള്ളി,നന്ത്യേലമീഢ്യൻ
പാലൊക്കം കീർത്തിപട്ടം, പടമിതിലൊ
　　ട്ടവിൽ പുരുഷൻ തോരണത്താൻ."

ഈ പദ്യം രചിച്ചശേഷം ഞങ്ങൾ പടംനോക്കി "നക്ഷത്രങ്ങളുടെ നടുവിൽ വിളങ്ങും സാക്ഷാൽ പനിമതിബിംബംപോലെ" വിളങ്ങുന്ന ആ തിരുമേനിയുടെ മഞ്ജുസ്മിതഭംഗിയേയും മുഖാരവിന്ദത്തിൽ പ്രകാശിക്കുന്ന ശാന്തസ്വഭാവത്തേയും മററും പററി വളരെയൊക്കെ സ്തുതിച്ചുപറഞ്ഞു. അപ്പോൾ മലയാളമനോരമാപത്രം (ഇടവം 30-ാം തീയതി) കുട്ടികൾ കൊണ്ടുവന്നുതന്നു. വേലുപ്പിള്ള അവർകൾ അതു് വാങ്ങിച്ചു പൊട്ടിച്ചുവായിക്കാൻ തുടങ്ങി. "ഇതൊന്നു കേൾക്കണേ—ഒരു കമ്പിവാൎത്ത." എന്നു പറഞ്ഞു: രണ്ടു മൂന്നുവരി വായിച്ച് "പന്തളം കേരളവൎമ്മതമ്പുരാൻ ഇന്നലെ വൈകിട്ടു'" എന്നിത്രയും വായിച്ചുകേട്ടപ്പോൾ ശരീരം ആപാദചൂഡം ജഡീഭവിച്ചു. എന്തെന്നില്ലാത്ത ഒരു

വികാരമാണ് എനിക്ക് അപ്പോൾ ഉണ്ടായത്. ദൈവമേ! കഠിനം? കേരള കാളിദാസനും, കേരളപാണിനീയും തീരപ്പെട്ടശേഷം നമുക്കൊക്കെ ആശ്വാസം തന്നുകൊണ്ടിരുന്ന ഒരു മഹാപണ്ഡിതനും മഹാകവിയും വിശേഷിച്ച് അസമുന്നദ്ധനുമായ ഈ നല്ല തമ്പുരാന്റെ അകാലികമായ ശരീരവിയോഗം ആർക്കാണ് ഖേദമുണ്ടാക്കാത്തത്.

കവനകൗമുദിയുടെ ആവിർഭാവം മുതലാണ് ഞാനും തമ്പുരാനുമായി പരിചയിക്കാൻ തുടങ്ങിയത്. ഞങ്ങളുടെ താമസസ്ഥലം നാലു നാഴികമാത്രം അകലമേയുള്ളുവെങ്കിലും ലേഖനമുഖേനയാണ് ഞങ്ങൾ അന്നു കണ്ടുകൊണ്ടിരുന്നത്. കവിതിലകൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ മാവേലിക്കര മജിസ്ട്രേട്ടായിരുന്നകാലത്ത് കൂടക്കൂടെ പന്തളത്തുകൊട്ടാരത്തിൽ അദ്ദേഹം വരുമായിരുന്നു. അന്നൊരിക്കൽ പരമേശ്വരയ്യർ അവർകളും തമ്പുരാനവർകളുംകൂടി ഒരാളിനെവിട്ട് എന്നെ വിളിപ്പിച്ചു. അന്നു ഞാനൊരു സുഖക്കേടായിക്കിടന്നതിനാൽ പോകുന്നതിനു സാധിച്ചില്ല. ആ ആഗ്രഹം എനിക്ക് നിറവേററാനിടയായത് അവിടുന്നു തിരുവനന്തപുരത്തു താമസമായശേഷമാണ്. പിന്നെ ഞാൻ കൂടക്കൂടെ തിരുവനന്തപുരത്തുപോയി കാണുക പതിവായിരുന്നു. ഒരു പ്രാവശ്യം ഞാൻ അവിടുത്തെ താമസസ്ഥലത്തു (കൈതമുക്ക്) ചെന്നപ്പോൾ പൂജയെട്ടപ്പ്രമാണിച്ചുവന്നിരുന്ന ശ്രീമാന്മാരായ ഒട്ടവിൽ കുഞ്ഞികൃഷ്ണമേനോൻ ബി. എ., ആലത്തൂർ കൊച്ചനുജൻനമ്പൂരി, കോയിപ്പള്ളി പരമേശ്വരക്കുറുപ്പ്, തോരണത്തു പരമേശ്വരമേനോൻ, നന്ത്യേലത്തു പത്മനാഭമേനോൻ, ചങ്ങനാശ്ശേരി പത്മനാഭൻ നമ്പൂതിരിപ്പാട്ട് എന്നിവരും ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകളും, സുഭാഷിണി പത്രാധിപർ ഗോവിന്ദപ്പിള്ള അവർകളും, പട്ടം കൊച്ചുകൃഷ്ണപിള്ള ബി. എ. അവർകളും പരിതഃസ്ഥിതന്മാരായിരുന്നുകൊണ്ട് തമ്പുരാൻ അവർകളുടെ പടം എടുക്കാൻ തുടങ്ങുകയായിരുന്നു. എന്നെ കണ്ടയുടനെ "എന്നാൽ ഇനി പണിക്കർകൂടി ഇക്കൂട്ടത്തിൽവേണം" എന്നു പരമേശ്വരയ്യർ അവർകളും തമ്പുരാനും നിർബന്ധിച്ചുപറഞ്ഞു. അതനുസരിച്ച് ഞാനും അക്കൂട്ടത്തിൽനിന്നു. അങ്ങനെ അന്നെടുത്തിട്ടുള്ളതാണ് മേൽവിവരിച്ച പടം. എന്നെ കണ്ടപ്പോൾ

പാലൂന്നിട്ടുന്നമട്ടിൽ പരിമൃദുലപദം
ചേർത്തു പദ്യം ചമക്കും
മൂലൂർ മേവുന്ന വിദ്വൽ കവിയെവിടെ
നീ കാൺകെടോ പെൺകിടാവേ."

എന്നു പെട്ടെന്നു ചൊല്ലിയ കുഞ്ഞികൃഷ്ണമേനോൻ അവർകളും, അന്ന് ആദ്യമായികണ്ട് സരസസംഭാഷണംചെയ്ത പത്മനാഭൻനമ്പൂരിപ്പാടവർകളും ചരമഗതരായി എന്നറിഞ്ഞു് ശോകാവിഷ്ടനായിരി

കുന്ന എനിക്കു് "പുണ്ണിലൊരു കൊള്ളിവയ്ക്കുന്നതുപോലെ" ഈ തിരുമേനിയുടെ വിയോഗം ഒരു കരിയാത്ത മുറിവാണെന്നുമാത്രമേ ഇപ്പോൾ പ്രസ്താവിക്കേണ്ടതായിട്ടുള്ളു.

"മരണം പ്രകൃതിശ്ശരീരിണാം
വികൃതിർജീവിതമുച്യതേബുധൈഃ
ക്ഷണമപ്യവതിഷ്ഠതേശ്വസ
ന്യദി ജന്തുർന്നനുലാഭവാനസൗ."

എന്നുള്ള കാളിദാസവചനം കേരളീയക്കു് ആശ്വാസം നൽകട്ടെ.

കണ്ടത്തിൽ വറുഗീസുമാപ്പിള

1060-ാമാണ്ടിടയ്ക്കാണു് വറുഗീസുമാപ്പിളഅവർകളെ ഞാൻ അറിയാൻ തുടങ്ങിയതു്. "കറത്താലിലെ വലിയ മുതൽ പടിക്കാരനദ്ദേഹത്തിൻെറ മകനാണു്, ചെങ്ങന്നൂരിലെ ഇപ്പോഴത്തെ മുതൽപടിക്കാരൻ. ഇദ്ദേഹം ഹിന്ദുമതഗ്രന്ഥങ്ങൾ പലതും വായിച്ചറിഞ്ഞിട്ടുള്ള ഒരു വിദ്വാനാണു്. "ഞാൻ വാദിയായ ഒരു ക്രിമിനൽകേസിലെ സത്യസ്ഥിതി സത്യാന്വേഷണതല്പരനായ മജിസ്ട്രേട്ടുസ്വാമിയെ അദ്ദേഹം മനസ്സിലാക്കി എനിക്കു വിജയമുണ്ടാക്കിത്തന്നിരിക്കുന്നു" എന്നിങ്ങനെ എൻെറ അച്ഛൻ മൂലൂർ ശങ്കരൻവൈദ്യൻഅവർകൾ പറഞ്ഞുകേൾക്കയാലാണു് ഇദ്ദേഹത്തിനെ ഇദംപ്രഥമമായി ഞാനറിഞ്ഞതു്. ചെങ്ങന്നൂർ മുതൽപടിക്കാരൻ എന്ന പേരിൽ മാത്രമേ അന്നു് ആദ്ദേഹത്തെ ഞാൻ അറിഞ്ഞിരുന്നുള്ളു. അക്കാലത്തു് പ്രസിദ്ധ സംസ്കൃതപണ്ഡിതനായിരുന്ന ആലപ്പുറത്തു് കൊച്ചുരാമൻപിള്ളവൈദ്യൻ അവർകളുടെഅടുക്കൽ ഞാൻ സംസ്കൃതം പഠിക്കയായിരുന്നു." ദർപ്പവിച്ഛേദനം അഥവാ "യദുകുലരാഘവം" എന്നൊരു കഥകളിപ്പാട്ടു് (ആട്ടക്കഥ) മുതൽപടിക്കാരൻ രചിച്ചു് എൻെറ ഗുരുനാഥൻെറ അടുക്കൽ പരിശോധനാർത്ഥം അയച്ചിരുന്നു. ആ കയ്യെഴുത്തുപുസ്തകത്തിൽ "വറുഗീസു് മഹാപിള്ളയാൽ ഉണ്ടാക്കപ്പെട്ടതു്'" എന്നാണു് ഗ്രന്ഥകർത്താവിൻെറ പേരെഴുതിക്കണ്ടതു്. മുതൽപടിക്കാരൻെറ പേരു് വറുഗീസു് എന്നാണെന്നും മഹാപിള്ളയുടെ തത്ഭവമാണു് മാപ്പിളയെന്നും ഞാൻ അപ്പോൾ മാത്രമാണറിഞ്ഞതു്. "വറുഗീസു് മിടുക്കനാണു്. യുക്തിപടുവാണു്. നല്ല വാസനയുണ്ടു്." എന്നു ഗുരുനാഥൻ പറയുന്നതും ഞാൻ കേട്ടു. മുതൽപടിക്കാരനേപ്പററി പിന്നെ കൂടുതൽ വിവരങ്ങൾ ഞാൻ ഗ്രഹിച്ചതു് അന്നെൻെറ സഹപാഠിയും ഉത്തമസുഹൃത്തും കണ്ടത്തിൽകുടുംബത്തിലെ ഒരു ചാർച്ചക്കാരനുമായിരുന്ന ആറാട്ടുപുഴ കാഞ്ഞരത്തുംമൂട്ടിൽ കൊച്ചുകോശികുഞ്ഞു് അവർകളിൽനിന്നാണു്. ചെങ്ങന്നൂർ അങ്ങാടിക്കൽവച്ചു് കച്ചേരിയിലേയ്ക്കുപോകുന്ന മുതൽപടിക്കാരനെ ഞാൻ അന്നൊരിക്കൽ യദൃച്ഛയാ കണ്ടിട്ടുമുണ്ടു്. ഒത്തനീളം, ഉരുണ്ട ശരീരം, സ്വർണ്ണനിറം, ചിന്താശീലത്തോടുകൂടിയ സുന്ദരമായ മുഖം ഇപ്രകാരമാണു് അന്നു ഞാൻ കണ്ട ശരീരം. കട്ടിയുള്ള ഒരു നല്ല ശുഭവസ്ത്രം ഉടുത്തിരിക്കു

ന്നു. ഉട്ടപ്പ് ഉപയോഗിച്ചിട്ടില്ല. അല്പം വൃത്തംകൂടിയ ഒരു മനോഹരമായ ഓലക്കുട തോളിൽ വഹിച്ചിരിക്കുന്നു. ഇത്രമാത്രമായിരുന്നു വേഷം.

കേവലം ഒരു പയ്യനായ എന്നെ അദ്ദേഹം അഭിവീക്ഷിച്ചില്ല. ആ കോമളകായനെ ഞാൻ സൂക്ഷിച്ചുനോക്കി. "ഈ പോയ ആൾ ആരാണെന്നു" ഒരു പരിചിതനോടു ഞാൻ ചോദിക്കുകയും "ചെങ്ങന്നൂർ മുതൽപടിക്കാരനാണു"" എന്നു ആ ആൾ പറഞ്ഞു് ഞാൻ അറിയുകയുമുണ്ടായി.

ആയിടയ്ക്കു് ചെങ്ങന്നൂരിലുള്ള സജാതീയയുവാക്കളെ ചേർത്തു് "സദാചാരസഹോദരസംഘം" എന്ന പേരിൽ അവിടെ ഒരു സംഘം മുതൽപടിക്കാരൻ നടത്തിവരുന്നുണ്ടായിരുന്നു. ആ സംഘാംഗങ്ങൾ സ്വനാമധേയത്തോടു് "മാപ്പിള" എന്ന ഉപനാമംകൂടിച്ചേർത്തു് എഴുതണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു. ടി. കെ. ജോസഫ് ബി. ഏ. എൽ. ററി. അവർകളുടെ ജ്യേഷ്ഠഭ്രാതാവും മനോരമയുടെ ഒരു മാന്യലേഖകനും കവിയുമായ ററി. കെ. കിയ്യാൻമാപ്പിളഅവർകളും മററുമായിരുന്നു സദാചാരസഹോദരസംഘത്തിൻെറ അംഗങ്ങൾ. പ്രസ്തുത സംഘത്തിലെ മറെറാരു അംഗമായ പുത്തൻകാവിൽ കുന്നംപ്രത്തു കുയ്യൻവാദ്ധ്യാരവർകൾ മൂലൂർ ഭവനത്തിനുസമീപത്തുണ്ടായിരുന്ന ഒരു പ്രവൃത്തിപ്പള്ളിക്കൂടത്തിൽ (സർക്കാർസ്കൂളിനു് അന്നിങ്ങനെയായിരുന്നു പേരു്) അദ്ധ്യാപകനായിരുന്നു. അദ്ദേഹം മുതൽപടിക്കാരൻെറ സാഹിത്യപരിശ്രമങ്ങളേയും പ്രസംഗസരണികളേയും അപ്പോഴപ്പോൾ പറഞ്ഞുകേൾപ്പിച്ചു് എന്നെ ആനന്ദിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുമായിരുന്നു.

സംസ്കൃതപണ്ഡിതന്മാരെന്നോ കവികളെന്നോ കേട്ടറിയുന്നവർ എത്ര ഉയൎന്ന നിലയിലിരിക്കുന്നവരായാലും അവരുടെപേക്കു് സ്വകീയദൗർബ്ബല്യത്തെ ലേശവും ആലോചിക്കാതെ പദ്യത്തുപേണകത്തെഴുതുന്നതിലുള്ള മോഹം എനിക്കു് അക്കാലത്തു കുറേ കൂടുതലായിട്ടുണ്ടായിരുന്നു.

മുതൽപടിക്കാരനു് രണ്ടു പദ്യം കൊടുത്താൽ കൊള്ളാമെന്നുള്ള എൻെറ ആഗ്രഹം കുയ്യൻവാദ്ധ്യാരെ ഞാൻ അറിയിക്കുകയും ഉത്സാഹശാലിയായ അദ്ദേഹം എന്നെ അക്കാൎയ്യത്തിൽ വേണ്ടവണ്ണം പ്രോത്സാഹിപ്പിക്കയും ചെയ്കയാൽ രണ്ടു പദ്യം ഒരു പനയോലഖണ്ഡത്തിൽ എഴുതി വാദ്ധ്യാരുടെ കൈവശം മുതൽപടിക്കാരൻെറപേക്കു്, ഞാൻ അയച്ചുകൊടുത്തു. അന്നു് കടലാസെഴുത്തു് ഞാൻ പരിശീലിച്ചിട്ടില്ല. താളിയോലയിലാണു് ധാരാളം എഴുതിക്കൊണ്ടിരുന്നതു്. വീട്ടിനു വളരെ അടുത്തു് സക്കാർസ്കൂൾ ഉണ്ടായിരുന്നിട്ടും അവിടെ ചേൎന്നു് കടലാസെഴുത്തും മററും കാലോചിതസമ്പ്രദായത്തിൽ ഞാൻ ശീലിക്കാഞ്ഞതെന്താ

ണെന്നു് പത്രവാചകന്മാൎക്കു് ഒരു സന്ദേഹം തോന്നാനിടയുള്ളതുകൊണ്ടു് അപ്രകൃതമാണെങ്കിലും ആ സംഗതികൂടി ഇവിടെ പറഞ്ഞുതീൎത്തുകളയാം.

ഈഴവർ, കമ്മാളർ, കണിയാന്മാർ, ചാക്കമാർ, (പരവന്മാർ) എന്നിവൎക്കൊക്കെ അന്നു് സർക്കാർസ്കൂളിൽ പ്രവേശനമുണ്ടായിരുന്നില്ല. ചാക്കമാരുടെ ചില കുട്ടികൾ സ്കൂളിന്റെ മുററത്തു് കുടിൽകെട്ടി അതിലിരുന്നു പഠിക്കുന്നതു് പലപ്പോഴും ഞാൻ കണ്ടിട്ടുണ്ടു്. എന്നേക്കൂടി സ്കൂളിൽ അയയ്ക്കണമെന്നു് അദ്ധ്യാപകന്മാർ വന്നു് അച്ഛനോടു നിർബന്ധിക്കാറുണ്ടായിരുന്നു എങ്കിലും അഭിമാനത്തിന്റെ ഇളയ മുള എന്റെ ഹൃദയത്തിൽ സ്ഥലംപിടിച്ചിരുന്നതിനാൽ സ്കൂളിന്റെ മുററത്തുപോയിരുന്നു പഠിക്കാൻ എനിക്കു കഴിയുകയില്ല എന്നു ഞാൻ ശാഠ്യംപിടിക്കയാൽ എന്നെ സർക്കാർസ്കൂളിൽ വിട്ടില്ല. എന്റെ സ്വഭാഷാവിദ്യാഭ്യാസം ഇക്കാരണത്താൽ നഷ്ടപ്പെട്ടുകയാണുണ്ടായതു്. അതു കിടക്കട്ടെ.

ഞാൻ അന്നയച്ച രണ്ടു പദ്യങ്ങളിൽ ഒരെണ്ണം സംസ്കൃതവും ഒന്നു മലയാളവുമായിരുന്നു. സംസ്കൃതപദ്യം ഓൎമ്മയുണ്ടു്. മലയാളപദ്യത്തിന്റെ ഉത്തരാൎദ്ധംമാത്രമേ ഇപ്പോൾ ഓൎമ്മയുള്ളു. സംസ്കൃതപദ്യം ഇങ്ങനെയാണു്:—

“വിദ്വൽകാവ്യകരപ്രവേകരസിക
പ്രൗഢപ്രണാളീമിള-
ത്വദ്വാൎത്താമൃതപാനഹർഷജലധൗ
മഗ്നാന്തരംഗോപ്യഹം
സദ്യസ്ത്വദ്വപുരീക്ഷിതും വര! സതാം
പുംസാമയേ കാമയേ
വിദ്യാവൃദ്ധ! നിബോധ സാധുഗിരമ
സ്യാദ്ധ്യം മമ പ്രേയസീം.”

മലയാളപദ്യത്തിന്റെ ഉത്തരാൎദ്ധം ഇതാണു്:—

“ഭൂലോകാലോകമേകും തവ ചരിതമഹോ
കേട്ടുസന്തുഷ്ടനായി-
ട്ടാലോകാലോലമാകുന്നിഹ ശ്രുണുനയന
ദ്വന്ദ്വമസ്മാകമിപ്പോൾ.”

എന്റെ ബാലചാപല്യത്തിന്റെ ഇയത്താപരിമാണത്തിനായിട്ടുമാത്രം ഈ പദ്യങ്ങൾ ഇവിടെ ഉദ്ധരിച്ചതാണു്. കയ്യൻ വാദ്ധ്യാരവർകൾ എന്റെ പദ്യങ്ങൾ മുതൽപടിക്കാരനു കൊടുക്കുകയും അദ്ദേഹം അതു വായിച്ചിട്ടു് “വൈദ്യന്റെ മകനു നല്ല കവിതാവാസനയുണ്ടു്” എന്നുപറഞ്ഞു് ഉപരമിക്കയും ചെയ്യുതല്ലാതെ എന്റെ പ്രതീക്ഷയ്ക്കനുസരിച്ചു് ഒരു മറുപടിയും അദ്ദേഹം അയച്ചുതന്നില്ല. “പിള്ളക്കു് എന്തോന്നു മറുപടി” എന്നായിരിക്കുമദ്ദേഹത്തിനുണ്ടായ വിചാരം എന്നേ വിചാരിക്കാനുള്ളു.

ആയിടയ്ക്കു് ഏതാനും ബന്ധുജനങ്ങളോടൊന്നിച്ചു ഞാൻ തിരുവല്ലായിക്കുപോകുമ്പോൾ തോണ്ടറക്കടവിന്റെ തെക്കേക്കരയ്ക്കു് ഇഞ്ചെക്കലോടി കോശി ഇൻസ്പെക്ടരും മുതൽപടിക്കാരനും പരസ്പരസംഭാഷണംചെയ്തുകൊണ്ടുനില്ക്കുന്നു. എന്നെ അറിയാവുന്ന ഇൻസ്പെക്ടർ അവർകൾ "ഇതു മൂലൂർ വൈദ്യന്റെ മകനാണു്" എന്നുപറഞ്ഞിട്ടു് എന്നെ മുതൽപടിക്കാരനു പരിചയപ്പെടുത്തിക്കൊടുത്തു. "എനിക്കു് ശ്ലോകം അയച്ച ആളാണോ? ഞാൻ ചെങ്ങന്നൂർ മുതൽപടിക്കാരൻ" എന്നു പറയുകയും അന്നങ്ങനെ കൃതാൎത്ഥനായിട്ടു മടങ്ങുകയുംചെയ്തു.

തന്റെ വാസനയ്ക്കു പ്രതിലോമമായ മുതൽപടി ഉദ്യോഗത്തിൽ ശ്വാസംമുട്ടിത്തന്നെയിരുന്ന ഇദ്ദേഹം കോട്ടയത്തു മനോരമക്കമ്പനി സ്ഥാപിക്കുകയും കമ്പനിവക പ്രസ്സിൽനിന്നു "മലയാളമനോരമ" എന്ന പേരിൽ അനന്യസാധാരണമായ ഒരു പ്രതിവാരപത്രം പ്രസിദ്ധീകരിക്കാൻ തുടങ്ങുകയുംചെയ്തു.

"മലയാളത്തിലേക്കേററം
വിലതാണുള്ള പത്രിക
വിലസീടുന്നു വിഖ്യാതാ
മലയാളമനോരമാ.
മലയാളവുമിംഗ്ലീഷും
പലവൈചിത്ര്യമോട്ടടൻ
നലമായച്ചടിച്ചീട്ടും
മലയാളമനോരമാ"

എന്നുള്ള പാർശ്വമുദ്രയോടുകൂടി സമുല്ലസത്തിൽ അവതരിച്ച ആ മലയാളമനോരമയാണു് ഒട്ടേറെക്കാലം മന്ദീഭവിച്ചുകിടന്ന മലയാളഭാഷയ്ക്കു് ഇപ്പോൾ കാണുന്ന മാന്യസ്ഥാനം ഉണ്ടാക്കിക്കൊടുത്തതു്.

ചെങ്ങന്നൂർ മുതൽപടിക്കാരൻ ആയിരുന്ന വറുഗീസുമാപ്പിള അവർകൾ അക്കാലത്തു് ഏർപ്പെടുത്തിയ "സദാചാര സഹോദരസംഘ"ത്തെപ്പററി ഞാൻ വിവരിച്ചിരുന്നല്ലോ. കവി ടി. കെ. കിട്ടൻ മാപ്പിള അവർകൾ അന്നൊരു വിദ്യാൎത്ഥിമാത്രമായിരുന്നു. അദ്ദേഹത്തിന്റെ ഭ്രാതാക്കളും മററുമായിരുന്നു "സദാചാരസഹോദരസംഘാംഗങ്ങൾ." ആ സംഘസ്ഥാപനോദ്ദേശ്യത്തെ യഥാവൽഗ്രഹിക്കുന്നതിനു കഴിഞ്ഞിരുന്ന ആ വിദ്യാൎത്ഥിയേയും സംഘാംഗമായി ഞാൻ പരിഗണിച്ചിരുന്നതിനാലാണു് ലേഖനത്തിൽ ആ മാന്യന്റെ പേരിനു സ്ഥാനമുണ്ടായതു്.

കൊച്ചി ദേവജിഭീമജിയുടെ വകയായി "കേരളമിത്രം" എന്നൊരു വൃത്താന്തപത്രം അക്കാലത്തു പ്രചരിച്ചിരുന്നു. ഇദംപ്രഥമമായി എനിക്കു കാണാനിടയായ മലയാളപത്രം ആ കേരളമിത്രമായിരുന്നു. വറുഗീസുമാപ്പിള അവർകൾ കേരളമിത്രത്തിന്റെ പത്രാധിപത്യം ഏതാനുംകാലം വഹിച്ചിരുന്നതായി ഞാൻ ഓർക്കുന്നു. ആ പത്രത്തിൽ

ശാശ്വതമുഖാലംകാരമായി ചേക്കുന്നതിലേക്കു് ഒരു സംസ്കൃതപദ്യം രചിച്ചയച്ചുകൊടുക്കണമെന്നു് എൻെറ ഗുരുനാഥനായ കൊച്ചുരാമൻ പിള്ള വൈദ്യരവർകളോടു് പത്രാധിപർ ആവശ്യപ്പെട്ടകയാൽ അന്നു അദ്ദേഹം അയച്ചുകൊടുത്തതും കേരളമിത്രം വളരെക്കാലം മുഖചിത്രകമായി വഹിച്ചിരുന്നതുമായ ആ പദ്യം താഴെ എഴുതുന്നു:—

"ഭൂരിസൂരിപരിഷന്മുദമത്രം
ഭുവിസ്രുതചര വിചിത്രചരിത്രം
ഭാഷിതൈരവിതഥൈരതിമാത്രം
ഭാസുരം ഭവതി കേരളമിത്രം."

ഹൈന്ദവ കഥാപ്രതിപാദകങ്ങളായ കിളിപ്പാട്ടുകളും കഥകളിപ്പാട്ടുകളും തുള്ളൽപ്പാട്ടുകളും ശ്രദ്ധാപൂർവം വായിച്ചു് ചെറുപ്പത്തിൽ തന്നെ സാഹിത്യസൗഹിത്യം അനുഭവിച്ച സഹൃദയാഗ്രേസരനായിരുന്നു വറുഗീസുമാപ്പിള അവർകൾ.

അനുഗ്രഹീത കവിയായ തുഞ്ചത്തു ഗുരുനാഥൻെറ ശ്രുതിസുഖദങ്ങളായ പാട്ടുകളും സരസ സരസനായ കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളും രവിവൎമ്മൻതമ്പി, കോട്ടയത്തുതമ്പുരാൻ, വിദ്വാൻ കോയിത്തമ്പുരാൻ, ഉണ്ണായിവാര്യർ മുതലായ കലാവിദഗ്ദ്ധന്മാരുടെ ഹൃദയാവൎജ്ജകങ്ങളായ ആട്ടങ്ങളും കേൾക്കുകയും കാണുകയും ചെയ്യുയെന്ന സാഹസകൃത്യത്തിൽനിന്നു് രസികനായ വറുഗീസുമാപ്പിള അവർകളെ നിരോധിക്കുന്നതിൽ മതഭ്രാന്തിക്കു തെല്ലും പഴുതുണ്ടായിരുന്നില്ല. അതിൻെറ ഫലമായിട്ടാണു് അദ്ദേഹം ഒന്നാംതരം ഒരു ആട്ടക്കഥയുണ്ടാക്കിയതു്

മഹാകവി വള്ളത്തോൾ അവർകൾ അടുത്തകാലത്തു നിൎമ്മിച്ച "മഗ്ദലനമറിയം" എന്ന സഹൃദയ ഹൃദയാഹ്ലാദകമായ ഖണ്ഡകാവ്യത്തിൽ "ക്രിസ്തുവാം കൃഷ്ണൻെറ" എന്നൊരു രൂപകാലങ്കാരപ്രയോഗമുള്ളതിനെ അടിസ്ഥാനമാക്കി കവിയെ കൂലംകഷമായി ശകാരിച്ച നിരൂപണവിദഗ്ദ്ധന്മാർ അന്നുണ്ടായിരുന്നെങ്കിൽ തൻെറ ആട്ടക്കഥയിൽ

"പൂൎണ്ണേ ഭൂ ഭൂരിതാപേ ജഗതി യദു
കുലേ വാസുദേവോവതീൎണ്ണഃ
കൃഷ്ണോ ജീമൂതവൎണ്ണോ........."

എന്നിങ്ങനെ ശ്രീകൃഷ്ണൻെറ പുറപ്പാട്ടുപദ്യമെഴുതിയ വറുഗീസുമാപ്പിള അവർകളെ അവർ എത്ര ബഹുശഃ ശകാരിക്കുമായിരുന്നെന്നു് ചിന്തിക്കുന്നതിനുതന്നെ ഭയമാകുന്നു.

വറുഗീസുമാപ്പിള അവർകളുടെ ആട്ടക്കഥയിലെ പച്ചവേഷം, മിനുക്കുവേഷം, താടിവേഷം, സ്ത്രീവേഷം മുതലായ പാത്രങ്ങളുടെ സൃഷ്ടിയിൽ കാണുന്ന സന്ദർഭശുദ്ധിയും പൗർവാപര്യക്രമവും, ദണ്ഡകം, കുമ്മി, പദ്യങ്ങൾ എന്നിവയുടെ ആസ്വാദരമ്യമായ ചമൽക്കാരവും ശ്രദ്ധവച്ചു നോക്കുന്നതായാൽ കവി ആട്ടക്കഥകൾ സമഗ്രമായി വായിച്ചറിഞ്ഞിട്ടുള്ള ആളാണെന്നുമാത്രമല്ല ഉറക്കമൊഴിഞ്ഞു് ധാരാളം ആട്ട

ങ്ങൾ കണ്ടിട്ടുള്ള ഒരു കലാലോലുപൻകൂടിയാണെന്നു സൂക്ഷ്മനിരീക്ഷണ പടുക്കളായ പണ്ഡിതന്മാൎക്ക് ഗ്രഹിക്കാൻകഴിയും.

ആട്ടക്കളിക്ക് വിശ്രുതന്മാരും വിദഗ്ദ്ധന്മാരുമായ "മാലിയിൽ നാരായണപ്പണിക്കൻ" മുതലായ പലരും തിരുവല്ലാ കഥകളിയോഗത്തിൽ അക്കാലത്തു ജീവിച്ചിരുന്നു. ആ കളിയോഗക്കാർ വറുഗീസുമാപ്പിള അവർകളുടെ ആട്ടക്കഥ "തോന്നിക്കുകയും" ഗ്രന്ഥകൎത്താവിൻെറ വാസസ്ഥലത്തു് ഒരുപ്രാവശ്യം കളിക്കുകയുമുണ്ടായിട്ടുണ്ടെന്നാണു് എൻെറ ഓൎമ്മ.

ചർവിതചർവണന്യായേന പല കവികളും ആട്ടക്കഥകളാക്കീട്ടുള്ള കഥകളെ ഒന്നിനേയും എടുക്കാതെ "രാമാനുകരണം" എന്ന പ്രസിദ്ധമായ ഒരു തുള്ളൽപ്പാട്ടിൽ അന്തർഭവിച്ച കഥയെ എടുത്തു് "ദർപ്പവിഛേദനം അഥവാ യദുകുലരാഘവം" എന്ന പേരുകൊടുത്തു് വിചിത്രവും സവിസ്തരവുമായ ഒരവതാരികയുംചേൎത്താണു് കവി ഈ ആട്ടക്കഥയെ പ്രകാശിപ്പിച്ചിരിക്കുന്നതു്. "സ്ത്രീമദം ശ്രീകുറവിന്നുമൂലം" എന്നുള്ള ന്യായേന രുഗ്മിണിയുടെ സൗന്ദര്യദർപ്പത്തെ സത്യഭാമയെക്കൊണ്ടു ശമിപ്പിക്കുന്നതുകൂടാതെ വിക്രമമത്തനായ ഗരുഡനെ ശ്രീഹനുമാനെക്കൊണ്ടു് പരാജിതനാക്കുന്നതും കഥയുടെ പ്രധാന ഭാഗമാകയാലാണു് ഈ കഥയ്ക്കു് "ദർപ്പവിഛേദനം" എന്ന പേരുനൽകീട്ടുള്ളതു്. ശ്രീകൃഷ്ണൻ ശ്രീരാമൻെറയും സത്യഭാമ സീതയുടെയും വേഷമെടുത്തു് ഹനുമൽസമക്ഷം തന്മയത്വത്തോടെ അഭിനയിച്ചുകാണിക്കുന്ന ഭാഗം ഈ കഥയുടെ അവസാനഘട്ടമാകകൊണ്ടു് "യദുകുലരാഘവം" എന്നൊരു പേരുകൂടി കഥയ്ക്കു കവി കൊടുത്തിട്ടുള്ളതാകുന്നു. ഈ കഥയേ തന്നെയാണു് പരേതനായ പ്രസിദ്ധ കവി കെ. സി. കേശവപിള്ള അവർകൾ "രാഘവമാധവം" എന്നപേരിൽ നാടകമാക്കീട്ടുള്ളതു്.

ഞാൻ വിദ്യാൎത്ഥിയായിരുന്നകാലത്താണു് ഈ കവിത വായിച്ചിട്ടുള്ളതെങ്കിലും ആ കവിതയിലെ പല ഭാഗങ്ങളും എനിക്കു കണ്ഠസ്ഥങ്ങളാണു്.

"നന്ദകുമാര മുകുന്ദഗോപൻ
നന്ദനീയഗുണ പൂൎണ്ണദേവൻ
സുന്ദരരൂപൻ, ധന്യനരവിന്ദസുനാഭൻ,
സുരുചിര മന്ദഹാസാഭൻ, വിധിമുഖ-
വൃന്ദാരക വൃന്ദൈരപിവന്ദ്യൻ ബഹു-
മാന്യൻ തവ മന്ദസ്മിതത്തേക്കൊതിച്ചീടുന്നു."

എന്നും മററുമുള്ള കുമ്മിയും

"പാമ്പിൻെറ ശത്രു നിജപക്ഷങ്ങളേ
പ്പരമവേശാൽ കുടഞ്ഞഥപറന്നു,
പരിചിനൊടുയൎന്നു, പലഗിരികടന്നു,
നദികടലുമടവികളുമുടനുടനെ പുറ-
കുപെടുമിതിഗഗനഭുവിഗതി തുടൎന്നു."

എന്നും മററുമുള്ള ദണ്ഡകവും ഉദ്ധരിക്കാൻ തുടങ്ങിയാൽ ഇങ്ങനെ പല ഭാഗങ്ങളും ആസ്വാദ്യതമങ്ങളായിട്ടുണ്ടെന്നാണു് ഞാൻ ഇന്നും വിശ്വസിക്കുന്നതു്. ഒരു ഹൈന്ദവകഥയെ ഇങ്ങനെ "മധുരപദാകലിത"മായ ആട്ടക്കഥയാക്കിത്തീർത്തിട്ടുള്ള കേരളത്തിലെ ഏക ക്രൈസ്തവകവി വറുഗീസുമാപ്പിളഅവർകളാണു്. വിശ്രുതകവിയായ കട്ടക്കയത്തിൽ ചെറിയാൻമാപ്പിളഅവർകൾ ഒരാട്ടക്കഥ രചിച്ചിട്ടുണ്ടു് എങ്കിലും അതു് "ഒലിവേർവിജയം" എന്ന പേരായ ഒരു ക്രൈസ്തവകഥയാണു്.

1064-ാമാണ്ടിടയ്ക്കു് ഒരു പ്രതിവാരപത്രമായിട്ടാരംഭിച്ച "മലയാളമനോരമ" ഒന്നാംലക്കംമുതൽ എന്റെ അച്ഛന്റെ പേർക്കയച്ചിരുന്നു. എന്റെ കവനഭ്രമത്തിന്റെ അങ്കുരകാലവും കവിതാജീവാതുവായ മനോരമയുടെ ആവിർഭാവകാലവും കാകതാലീയന്യായേന ഏതാണ്ടു യൗഗപമ്യേന സംഭവിക്കയാണു ചെയ്തതു്.

ഈ കാലഘട്ടത്തിനു് അല്പം മുമ്പു് കണ്ടത്തിൽ നെടുമ്പ്രാത്തു പോത്തമാപ്പിളഅവർകൾ (വറുഗീസുമാപ്പിളഅവർകളുടെ പിതൃവ്യൻ) കുന്നത്തേട്ടു കൊച്ചുകൃഷ്ണപിള്ളഅവർകൾ എന്നീ പ്രധാന പൗരന്മാരുടെ താല്പര്യത്താൽ അവരുടെ സ്വകീയന്മാരായ ഏതാനും യുവാക്കന്മാരെ സംസ്കൃതം അഭ്യസിപ്പിക്കുന്നതിനായി ഞങ്ങളുടെ ഗുരുനാഥൻ കൊച്ചുരാമൻപിള്ളവൈദ്യരവർകൾ വള്ളംകുളത്തുചെന്നു താമസമാക്കാൻ തുടങ്ങി. മാലക്കര പഠിച്ചുകൊണ്ടിരുന്ന ഞങ്ങൾ മൂന്നു നാലുപേർ ഗുരുനാഥനെ അനുഗമിച്ചു് വള്ളംകുളത്തു താമസമാക്കി. കണ്ടത്തിലെ മറെറാരു ഭവനമായ "മോണോത്തു"വീട്ടിൽവച്ചും ഞായറാഴ്ചമാത്രം "കുന്നത്തേട്ടു"വക ഒരു മഠത്തിൽവച്ചും പാഠംനടത്തി.

ആയിടയ്ക്കു ഗുരുനാഥൻ എന്നേയും എന്റെ സഹപാഠികളായ ശ്രീമാന്മാർ മാലക്കര നാരായണപിള്ള (ഇപ്പോൾ ആയുർവ്വേദചികിത്സാലയം വൈദ്യൻ) സമുദായത്തിൽ ഗോവിന്ദക്കുറുപ്പുവൈദ്യൻ, കാഞ്ഞരത്തുമ്മൂട്ടിൽ കൊച്ചുകോശികുഞ്ഞു്, എന്നിവരേയും ഉൾപ്പെടുത്തി ഒരു കവിതാപരീക്ഷ നടത്തി. ഗുരുനാഥൻ എല്ലാവരുടേയും പദ്യങ്ങൾ പ്രത്യേകം നോക്കി ചെറിയ ചെറിയ ചില കുററങ്ങൾ പറയുകയാണപ്പോൾ ചെയ്തതെങ്കിലും കണ്ടത്തിൽ കൊച്ചിടിക്കുളമാപ്പിളഅവർകൾ മുതലായ സാഹിത്യരസികന്മാരോടു "പപ്പുവിന്റെ ശ്ലോകം ഒരു ശ്ലോകമായിട്ടുണ്ടു്" എന്നു പറഞ്ഞതായി കർണ്ണാകർണ്ണികയാ കേൾക്കാൻ എനിക്കു സംഗതിയായി. അതുവരെ മറഞ്ഞിരുന്നു് കവിത എഴുതുകയും സ്വയം രസിക്കുകയും ചെയ്തുവന്നിരുന്ന എനിക്കു കവിതയുംകൊണ്ടു പുറത്തിറങ്ങാനുള്ള ധൈര്യമുണ്ടായി. ആ സന്ദർഭത്തിലാണു് മലയാളമനോരമ കവിതാപംക്തിയോടുകൂടി എന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചതു്.

മുമ്പു ഞാൻ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത പല ഭാഷാകവികളുടെ പേരുകളും കവിതകളും കവിതാപംക്തിയിൽകാണാൻ തുടങ്ങി. മനോ

രമയിൽ കവിത അയച്ചാൽക്കൊള്ളാമെന്നൊരു മോഹം എനിക്കുണ്ടായി. കോട്ടയത്തു കവിത എത്തിക്കാനുള്ള വഴിയെന്താണെന്നു് ഞാൻ ആലോചിക്കാൻ തുടങ്ങി. അഞ്ചലിൽ അയയ്ക്കാനുള്ള സമ്പ്രദായം വേണ്ടപോലെ അന്നറിഞ്ഞുകൂടാ. കാർഡുണ്ടായതുതന്നെ പിന്നെയാണെന്നു തോന്നുന്നു. കടലാസ്സിൽ എഴുതുന്നതിനും നല്ല ശീലമായില്ല. അങ്ങനെ ഞാൻ പരുങ്ങിക്കൊണ്ടിരിക്കുമ്പോൾ സി. എം. എസ്സ്. സ്കൂൾ ഇൻസ്പെക്ടരായിരുന്ന പുത്തൻകാവിൽ "പാലമൂട്ടിൽ വാദ്ധ്യാർ" എന്നൊരു മാന്യൻ എന്നെ വിളിച്ചിപ്രകാരം പറയുകയുണ്ടായി:—"മലയാളമനോരമയുടെ കവിതാപംക്തിയിൽ ചേർത്തുകാണുന്ന ഓരോ സമസ്യകളേയും യഥാകാലം പൂരിപ്പിച്ചു് മനോരമ ആഫീസിൽ അയച്ചുതരുന്നതിനു് മൂലൂർവൈദ്യൻെറ മകനോടു പറയണം എന്നു മലയാളമനോരമാപത്രാധിപർ എന്നോടു പറഞ്ഞിരിക്കുന്നു എന്നും പദ്യങ്ങൾ എഴുതി എൻെറ പക്കൽ തന്നാൽ കൂടെക്കൂടെ കോട്ടയത്തു പോവുക പതിവുള്ള ഞാൻ ആയതു മനോരമ ആഫീസിൽ എത്തിക്കാമെന്നുമാണു് അദ്ദേഹം പറഞ്ഞതു്. ഇത്രയും കേട്ടപ്പോൾ എനിക്കുണ്ടായ ആനന്ദവും ചാരിതാർത്ഥ്യവും അപരിമേയമായിരുന്നു.

ആ സന്ദർഭത്തിൽ മനോരമയിൽ ചേർത്തുകണ്ട സമസ്യ "കവിവീരർ തൻെറ കലഹാപ്പീസിൽ കമാനാപ്പർ" എന്നിങ്ങനെ ഐക്കണ്ഠ്യേന പറകപ്പെട്ടുവന്നിരുന്ന ചെങ്ങന്നൂർ മുരിങ്ങൂർ പോററിഅവർകളുടെ വകയായിരുന്നു.

"മാക്കുണ്ടായിരമോക്കവേണ മണ
ഭോഷ്ക്കല്ലിന്നുമേ ഗോക്കളും"

എന്നായിരുന്നു ആ സമസ്യ. അതു് ഞാനിങ്ങനെ പൂരിപ്പിച്ചു:—

"ആക്കം ചേതസിവാച്ചുമക്കല്മഷസം-
പക്കങ്ങൾ നഷ്ടങ്ങളായ്
തീക്കാനും നളിനാക്ഷിമാർകളെ വശ
ത്താക്കാനുമായ് പാക്കിലോ
നേക്കം പേരുകൾ, നേത്രജാലമിവവി
ഷപക്ഷേനദേവേശ്വര-
ന്മാക്കുണ്ടായിര..............."

ഈ സമസ്യാപൂരണത്തോടൊന്നിച്ചു മനോരമയെ അഭിനന്ദിച്ചു് നാലഞ്ചുപദ്യങ്ങൾകൂടി ഞാനെഴുതി എല്ലാംകൂടി പാലമൂട്ടിൽ വാദ്ധ്യാർമുഖാന്തരം കോട്ടയത്തെത്തിച്ചു. ആ പൂരണം കവിതാപംക്തിയിൽ യഥാക്രമം ചേർത്തു. അനുമോദനപദ്യങ്ങളിൽ ഒരെണ്ണംമാത്രം അല്പം തിരുത്തലോടുകൂടി പത്രത്തിൽ ചേർത്തുകണ്ടു.

"കല്യാണാംഗി! മനോരമേ! തവഗ്ഗുണം
കണ്ടിട്ടു സന്തോഷമാ
മുല്ലാസത്തിരതല്ലിടുന്ന ജലധൗ നീ-
ന്തിക്കളിക്കുന്നമേ
വല്ലാതുള്ളൊരു പദ്യജാലമിതു മ-
ച്ചൊല്ലാന്ന നിൻ പംക്തിയിൽ
കല്യന്മാക്കൊരു ഹാസ്യകേളി തുടരാ
നായിട്ടു ചേൎത്തീടണം"

എന്നുള്ള ആ അനുമോദനപദ്യത്തിൽ "പദ്യജാലമിതും" എന്നുണ്ടായിരുന്നതു് "പദ്യമെങ്കിലുമിതും" എന്നു പത്രാധിപർ തിരുത്തിയാണു ചേൎത്തതു്.

"നല്ലോരച്ചടികൊണ്ടു കണ്ണിനുടനേ
കല്ലോലയന്തീരസം
സല്ലോകത്തിനു സാരവാൎത്തയതിനാ
ലുല്ലാസമുൾത്താരിനും
ചൊല്ലാനോരു മനോരമേയമണുവും
വല്ലായ്മയില്ലാതെയാ-
ന്നെല്ലാരോടുമണഞ്ഞു തുല്യമനിശം
കല്യാണമാൎന്നീടണം"

എന്നിപ്രകാരം കേരള കാളിദാസനായ കേരളവൎമ്മവലിയകോയിത്തമ്പുരാൻതിരുമേനി തൃക്കൈവിളയാടി അയച്ചിരുന്ന ശബ്ദാൎത്ഥസുകുമാരമായ പദ്യത്തിന്റെ അടുത്തു താഴത്തു് ശബ്ദഭംഗിയേയോ അൎത്ഥഭംഗിയേയോ തെല്ലും സ്പൎശിച്ചിട്ടില്ലാത്ത എന്റെ ആ ശുഷ്കപദ്യം ചേൎത്തതു് കേവലം ബാലനായ എന്നെ കവനകലാരംഗപ്രവേശംകൊണ്ടു് പ്രോത്സാഹിപ്പിക്കാൻ മാത്രമായിരുന്നെന്നു കൃതജ്ഞതാപൂൎവ്വം ഞാൻ അനുസ്മരിക്കുന്നുണ്ടു്.

ഈഴവഭാഷാകവികളിൽ പരവൂർ കേശവനാശാൻ (കെ. സി. കേശവപിള്ളഅവർകളുടെ ഗുരു) കോമത്തു കുഞ്ഞുപണിക്കർ, വാരണപ്പള്ളി ഗോവിന്ദപ്പണിക്കർ, കായംകുളം കെ. സി. കുഞ്ഞൻവൈദ്യൻ, വേളശ്ശേരി കുഞ്ഞിക്കൃഷ്ണപ്പണിക്കർ എന്നിവർ മനോരമയുടെ കവിതാപംക്തിയിൽ വിഹരിച്ചവരാണെങ്കിലും അവരിൽ "എലാൻ" എന്ന വണ്ണം പ്രഥമമായി പ്രവേശിച്ചതു് ഞാൻതന്നെയെന്നാണു് എന്റെ അഭിമാനധുരന്ധരമായ ഓൎമ്മ.

"തങ്കുന്ന കീൎത്തികലരുന്ന മനോരമപ്പെൺ
തങ്കച്ചിയും നവ വിനോദിനിയും ഭവാന്റെ
വെൺകീൎത്തിയായ കമനിക്കു കളിപ്പതിന്നായ്
പൂങ്കാവിതെന്നു പറയുന്നു ജനങ്ങളെല്ലാം"

എന്നൊരു അനുമോദനപദ്യം കെ. സി. കേശവപിള്ള അവർകളുടെ അന്തേവാസിയായ തിനവിള രാമൻ അവർകൾ അന്നെൻറപേക്ഷയച്ചതായിട്ടും എനിക്കോർമ്മയുണ്ടു്.

പത്രാധിപർ ശനിയാഴ്ചതോറും കോട്ടയത്തുനിന്നു കുറൂർ കരുത്തനല്ലൂർ (സ്വഭവനത്തിൽ) വന്നുകൊണ്ടിരുന്നു. അതറിഞ്ഞു് ഞാൻ പലപ്പോഴും അദ്ദേഹത്തെ അവിടെച്ചെന്നു സന്ദർശിക്കുമായിരുന്നു. അദ്ദേഹവുമായിട്ടുള്ള അന്നത്തെ സർവതോമുഖമായ സംഭാഷണം സാഹിത്യസംബന്ധമായ പല പുതിയ വിജ്ഞാനത്തേയും എനിക്കു നൽകീട്ടുണ്ടു്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, നടുവത്തച്ഛൻനമ്പൂതിരി, കൊട്ടാരത്തിൽ ശങ്കുണ്ണി, എം. ചക്രപാണിവാര്യർ, കട്ടക്കയത്തിൽ ചെറിയാൻമാപ്പിള, പന്തളം കൃഷ്ണവാര്യർ എന്നിങ്ങനെ മനോരമാ കവിതാപംക്തിയിൽ നൈരന്തര്യേണ കണ്ടിരുന്നവരും എനിക്കു പരിചിതന്മാരല്ലാത്തവരുമായ പലരേയുംകുറിച്ചു ഞാൻ ചോദിക്കുകയും അവരുടെ വിവരങ്ങൾ പ്രത്യേകം പറഞ്ഞു് എന്നെ ധരിപ്പിക്കുകയും ചെയ്തു അതുകൂടാതെ മി: പന്തളം കൃഷ്ണവാര്യർ സാധാരണ ഭാഷാകവികളിൽപ്പെട്ട ആളല്ല; അദ്ദേഹം മഹാവിദ്വാനാണു് എന്നുകൂടി എനിക്കു മനസ്സിലാക്കിത്തന്നു.

ശങ്കുണ്ണിപ്പിള്ളയെന്നോ ശങ്കുണ്ണിമേനവൻ എന്നോ പതിവുള്ള ഉപനാമമൊന്നുമില്ലാതെ കേവലം ശങ്കുണ്ണിയെന്നുമാത്രം എഴുതിവരുന്ന മി: കൊട്ടാരത്തിൽ ശങ്കുണ്ണി ആരാണെന്നു ഞാൻ ചോദിച്ചതിനു് "ശങ്കു ഉണ്ണിയെന്നാണു്. ശങ്കു എന്നു് സ്വനാമധേയവും ഉണ്ണിയെന്നു സമുദായ സംജ്ഞയുമാണെ"ന്നുള്ള കൂടുതൽ വിവരം അദ്ദേഹം എന്നെ ഗ്രഹിപ്പിച്ചു.

ആയിടക്കു മനോരമയിൽ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളുടെ 'കുചേല ഗോപാലം" ഭാഷാ നാടകത്തെപ്പററി "അംഗദൻ" എന്നൊരു ഊർജ്ജസ്വലനായ ലേഖകൻ തുടരെത്തുടരെ കക്ശമായ നിരൂപണം നടത്തിക്കൊണ്ടിരുന്നു. രാമപുരത്തു വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിലെ കുചേല ഗോപാല സംഭാഷണത്തിൽനിന്നും മററും ഛായാപഹരണം ചെയ്തിട്ടുള്ള കുററമാണു കുചേലഗോപാല കർത്താവിൻെറ പേരിൽ ആ ലേഖകൻ ആരോപിച്ചു കണ്ടതു്. പത്രാധിപരും ഞാനുമായിട്ടുള്ള പരസ്പര സംഭാഷണം പ്രകൃത വിഷയത്തിലേക്കും തിരിഞ്ഞു.

ഓരോ പാത്രങ്ങളും പരസ്പരം ചെയ്യാറുള്ള സംഭാഷണം പൂർവ്വകവികൾ കാട്ടിത്തന്ന പന്ഥാവിൽനിന്നു വ്യതിയാനം ചെയ്യാമോ എന്നുള്ള എൻെറ ചോദ്യത്തിനു, പഴയ പന്ഥാവിൽനിന്നു വ്യതിരിക്തമായ സംഭാഷണംതന്നെ കവിതയിൽ വരുത്തിയെങ്കിൽ മാത്രമേ കവിതയ്ക്കു ഉൽകർഷവും ചമൽക്കാരവും സിദ്ധിക്കയുള്ളു എന്നും മററുമുള്ള സാഹിത്യപ്രസ്ഥാന മർമ്മങ്ങളെ അദ്ദേഹം എനിക്കു ഉപദേശിച്ചു തരികയാണു ചെയ്തതു്.

1064-ാം മാണ്ടു് ഞാൻ രചിച്ചതും ബ്രഹ്മശ്രീ മൂത്തേടത്തു വാസുദേവ ഗീർവാണകവി, കെ. സി. കേശവപിള്ള, പി. കെ. കൃഷ്ണൻവൈദ്യൻ എന്നീ അഭിജ്ഞന്മാർ കേട്ട അഭിനന്ദിച്ചിട്ടുള്ളതുമായ "കിരാതം അമ്മാനപ്പാട്ടു്" മലയാളമനോരമ പ്രസ്സിൽ ആയിരം പ്രതി ആയ്യിടസ്സുതന്നെ ഞാൻ അച്ചടിപ്പിച്ചു. ആ പുസ്തകത്തേപ്പററി മനോരമയിൽ വാത്സല്യ നിബിഡമായ ഒരഭിപ്രായമാണു് പത്രാധിപർ പ്രസ്താവിച്ചു കണ്ടതു്. അതിൽ ഒരുഭാഗം ഇങ്ങനെയാണെന്നു തോന്നുന്നു:- "ചെങ്ങന്നൂർ ഇടനാട്ടിൽ മൂലൂർ പത്മനാഭശൗണ്ഡികൻ എന്ന ബാലകവി ഉണ്ടാക്കിയ കിരാതം അമ്മാനപ്പാട്ടു് അഭിപ്രായത്തിനയച്ചതു കിട്ടി. വളരെ സന്തോഷിക്കുന്നു. ഗ്രന്ഥകർത്താവിൻെറ പ്രായം വ്യുല്പത്തിസ്ഥിതി ഇതുകളെ അറിഞ്ഞിട്ടുള്ളവക്കു് അസാമാന്യമായ ആശ്ചര്യത്തിനാണു വകയുള്ളതു്. * * * " എന്നും മററും അതു പ്രോത്സാഹ ജനകമായ ഒരഭിപ്രായമായിരുന്നു. അന്നുഞാൻ എൻെറ പേരോട്ടുകൂടി പത്രങ്ങളിലും പുസ്തകങ്ങളിലും ശൗണ്ഡികൻ എന്ന ഉപനാമമാണു സ്വീകരിച്ചുവന്നതു്. അതിനേപ്പററിയും ഇവിടെ അല്പമായൊരു ചർച്ചചെയ്യുന്നതു് അത്ര അപ്രകൃതമായിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മലയാളമനോരമയുടെ പ്രചരണംതുടങ്ങി ഒരു കൊല്ലം കഴിഞ്ഞശേഷം കോട്ടയത്തുനിന്നു "മലയാള വിനോദിനി" എന്നു മറെറാരു പ്രതിവാരപത്രം പ്രാദുർഭവിച്ചു. ക്രൈസ്തവ സമുദായത്തിൽ തെക്കുംഭാഗക്കാർ, വടക്കുംഭാഗക്കാർ, എന്നു രണ്ടു വ്യത്യസ്ത വിഭാഗങ്ങളുള്ളവരിൽ തെക്കുംഭാഗക്കാരുടെ വകയായി "ക്നാനായ പ്രദീപിക" അച്ചുക്കൂടത്തിൽനിന്നു് ശ്രീമാൻ ഇടവഴിക്കൽ പീലി അവർകളുടെ പത്രാധിപത്യത്തിലാണു് വിനോദിനിപത്രം പ്രചരിപ്പിക്കപ്പെട്ടതു്. വടക്കുംഭാഗക്കാരുടെ വകയായ മലയാളമനോരമയും തെക്കുംഭാഗക്കാരുടെ വകയായ മലയാളവിനോദിനിയും സാമുദായിക സംഗതികളിൽ അല്പം അസ്വാരസ്യത്തോടുകൂടിയാണു് നടന്നതു് എന്നുള്ളതിലേക്കു് ആ രണ്ടുപത്രങ്ങളിലും കണ്ടിരുന്ന അനേകലേഖനങ്ങൾ ദൃഷ്ടാന്തങ്ങളായിരുന്നു. മനോരമയെ അനുകരിച്ചു് വിനോദിനിയും ഒരു കവിതാപങ്ക്തി പത്രത്തിൽ ആരംഭിച്ചു. സീമയേ ലംഘിച്ച ശണ്ഠകൾക്കും യുവചാപല്യങ്ങൾക്കും മനോരമ അത്രയൊന്നും സ്ഥലം അനുവദിക്കാതെ ഇരുന്നതിനാൽ ഭഗ്നാശയന്മാരായ ചില കലഹശീലന്മാരും പല യുവകവികളും വിനോദിനിയെ ശരണംപ്രാപിച്ചു. ഞാൻ ആ രണ്ടുപത്രങ്ങളിലും അനുസ്യൂതമായി കവിതകൾ എഴുതി. പെരുന്നെല്ലി പി. കെ. കൃഷ്ണൻവൈദ്യൻ, അമ്പലത്തുവീട്ടിൽ കൃഷ്ണശൗണ്ഡികൻ] മുതലായ പല ഈഴവ കവികളും വിനോദിനിയിൽ വിഹരിച്ചതിനാൽ "അയിത്തം"കൊണ്ടു വിനോദിനിയിൽ കടക്കാൻ തനിക്കു നിവൃത്തിയില്ലാതെ വന്നിരിക്കുന്നു എന്നുള്ള ന്യായം പറഞ്ഞുകൊണ്ടു മുരിങ്ങൂർപോററി അവർകളും വിനോദിനിയിൽ ഹാജരായി.

"ജാതിശ്ലാഘ്യതയും വലിപ്പവുമിയ
    ന്നോരിന്നുചേരന്നെങ്കിലേ
ജാതീയെന്നു പറഞ്ഞിടാവൂ വില
    യേറീടുന്ന പത്രത്തിനോ"
"ബലിപുഷ്ട കുലാന്തരേ മരാളം
    വിലസീടുന്നതുയോഗ്യമല്ല നൂനം"

ഇത്യാദിയായ പോററി അവർകളുടെ "ഷോയറി" ശബ്ദത്തെ കേട്ടു കയർത്തിട്ട്,

"ജാതിശ്ലാഘ്യതയെന്ന പദ്യഗതമാം
    "ജാതീ" പദം ജാതിയോ
ജാതിശ്ലാഘ്യതകൊണ്ടു വല്ലവിധവും
    നീതീകരിക്കാവതോ?
ജാതിക്കല്ല, വയസ്സിനല്ല, പൊരുളിന്നല്ല, ല്ലനാമത്തിനും
ബോധിച്ചീടുക സൽഗുണം പെരിയ
    വക്കാവു മഹത്വാ വിഭോ"

എന്നുംമററും പറഞ്ഞു ശൗണ്ഡികന്മാർ പോററി അവർകളോടു ശണ്ഠ യ്ക്കാരംഭിച്ചു. അതിനിടയ്ക്കു രസിക കവിയായ പി. കെ. കൃഷ്ണൻവൈ ദ്യൻ അമ്പലത്തുവീടനോടു താഴെ വിവരിക്കുന്ന പ്രകാരം പറയുകയു ണ്ടായി:—

"ഏറെശ്ശൌണ്ഡികരുണ്ടു കണ്ടവർ
    പഴിക്കത്തക്കവാറാം വെറും
പീറശ്ലോകമയച്ചു പത്രികകളിൽ
    കോണൊക്കെ വീണാക്കുവാൻ
കുറേറിപ്പറയുന്നതല്ലവരിൽ വച്ചിക്ക-
    ണ്ടചൊൽക്കൊണ്ടതാൻ
വേറേയാണതുകൊണ്ടെനിക്കു സുകവേ
    തൻപേരിലമ്പേറുമോ,

ഇങ്ങനെ പല ഈഴവരേയും ശൗണ്ഡിക നാമാങ്കിതന്മാരായി കണ്ടപ്പോൾ പണ്ഡിതനായ ആലപ്പുഴ മട്ടാഞ്ചേരി ഗോവിന്ദൻ വൈദ്യൻ എതി ർക്കാൻതുടങ്ങി

"ശുണ്ഡാമദ്യം ആപണാർത്ഥേ ഠക്" എന്നുള്ള സൂത്രപ്രകാരം മ ദ്യവിക്രയികൾക്കു മാത്രമല്ലാതെ ഈഴവസമുദായത്തിനു പൊതുവേ ശൗ ണ്ഡികശബ്ദം ഉപയോഗിച്ചുകൂടാ എന്നായിരുന്നു വൈദ്യൻെറ എ തിർപ്പ്.

മഹാവിദ്വാനായ വെളുത്തേരി കേശവൻ വൈദ്യൻ ശാട്യായന സ്മൃതിയിൽനിന്നു താഴെപ്പറയുന്ന ഭാഗം ഉദ്ധരിച്ചുകൊണ്ടു ശൗണ്ഡിക ശബ്ദത്തിനു് തൽക്ഷണം സാധുത്വം കല്പിച്ചു. ആ ഭാഗം ഇതാണ്.-

'ക്ഷത്രിയാദ്വൈശ്യ കന്യായാം
മാഹിഷ്യ ഇതിനിശ്ചയഃ
ആയുർവേദമഥാ ഷ്ടാംഗം
പഠേദേഷ സ്സ്വവൃത്തയെ
തസ്യാമനേന ചൌര്യേണ
ജാതശ്ശൌണ്ഡിക ഈരിതഃ
അശ്വാനാംവിക്രയ സ്തേഷാം
ശുശ്രൂഷാവൃത്തിരന്യവൈ
ശുണ്ഡാകരികരെ മദ്യേ
പത്മിന്യാംവാര യോഷിതി- (നിഘണ്ടു)

ഇങ്ങനെ ശൌണ്ഡികന്മാൎക്കു് ആ ശണ്ഠയിൽ പരാജയംപററാതെ കഴിഞ്ഞുകൂടിയെങ്കിലും അല്പം സങ്കോചത്തോടുകൂടി ആ ഉപനാമം ഞാൻ ഉപേക്ഷിക്കുകയും തറവാട്ടിൽ പരമ്പരയാ സിദ്ധിച്ചിട്ടുള്ള ഇപ്പോഴത്തെ ഉപനാമം സ്വീകരിച്ചു് മനോരമയിലും മററും പദ്യം എഴിത്തുടങ്ങുകയും ചെയ്തു. അപ്പോൾ ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ അവതകൾ മനോരമയിൽ വന്നിട്ടു ജിജ്ഞാസയോടുകൂടി എന്നോടിങ്ങനെ ചോദിച്ചു.

"മാനംചേരും ഭവാനോടഹമൊരുകഥ ചോ-
ദിച്ചിടുന്നീപ്പണിക്കർ
സ്ഥാനംശ്രീവഞ്ചി ഭൂപാലകനൊടുതിരുമുൽ-
ക്കാഴ്ചയാൽ വാങ്ങുവൊന്നോ
താനേ പ്രായംതികഞ്ഞീടുകിലണയുവതോ
പൂർവ്വസിദ്ധാധികാരാ
ലൂനം കൈവിട്ടുചൊല്ലീടണമിതു കപടം-
ച്ചോദ്യമെന്നോൎത്തിടൊല്ലേ."

ഉത്തരം:-

"എക്കാലത്തെന്നറിഞ്ഞീടരുതു കരുതു
കെൻ വംശ്യരാരോപുരാനാ-
ടക്കാലംവാണഭൂപാലകനൊടുനലമേ-
റുന്നൊരീസ്ഥാനമേററു
ഉൾക്കോലും മാനമോടിങ്ങതുമുതലവരിൽ
പിന്നെയുണ്ടായ ഞങ്ങൾ-
ക്കിക്കാണും നാമമുണ്ടായിതുസുകവിമണേ!
കള്ളമില്ലെള്ളിടയ്ക്കും"

ഇങ്ങനെ ഞാൻ മറുപടിയും പറഞ്ഞു,

ഈഴവൎക്കു് "പണിക്കൻ" എന്നല്ലാതെ "പണിക്കർ" എന്നു (ൻ,ർ ആക്കി) സ്ഥാനപ്പേരുവയ്ക്കാൻ അധികാരമുണ്ടോ എന്നൊരു ശങ്ക ഉയൎന്ന വൎഗ്ഗക്കാരിൽ ചിലൎക്കു അപ്പോൾ ഉണ്ടായി. ഒരീഴവപത്രമായ "സുജനാനന്ദിനി" യിലാണു് ആ വാദത്തിൻെറ രംഗപ്രവേശമുണ്ടായതു്.

ണിക്കർ" ശബ്ദത്തോട്ട യാതൊരു സംബന്ധവുമില്ലാത്ത പരഷ്കൃതാശയനായ ഒരു കേരളബ്രാഹ്മണപണ്ഡിതനാണ് ആ വാദം കൊണ്ടു വന്നതു്.

"സ്ഥാനംപണിക്കരിതി ശൂദ്രരിലുണ്ടുപണ്ടേ
മാനംപെട്ടുന്നവനിപാലർകൊട്ടത്തതായി
ആനന്ദമോടവരതിപ്പൊഴുതീഴവക്ക-
മൂനം വിനാ ബത! കൊട്ടത്തുതുടങ്ങിയെന്നോ!
പണിക്കനേയൊന്നുപരിഷ്ക്കരിച്ചാൽ
പണിക്കരാമെന്നു നിനച്ചിടേണ്ട"

എന്നും മററുമാണ് ആ പണ്ഡിതൻ സ്വപക്ഷസ്ഥാപനം ചെയ്തതു്. നായർസമുദായത്തിൽ പല വിഭാഗക്കാക്കും, ക്രൈസ്തവസമുദായത്തിൽ അപൂർവ്വം ചിലക്കും (അടങ്ങപ്പുറത്തു പണിക്കർ എന്നും മററും ചില പഴയ തറവാട്ടുകാരുണ്ടു്,) പണിക്കർസ്ഥാനം ഈനാട്ടിലുള്ളതിനാൽ ഇഴവർകൂടി പണിക്കരായി കാണുന്നതിൽ ഒരു വെറുപ്പ് ആ സമുദായക്കാക്കും പക്ഷേ സംഭവിക്കാനിടയുണ്ടു്. ഒരു മലയാളബ്രാഹ്മണനിൽ ഈ ഈഷ്യാദോഷം എപ്രകാരം സംക്രമിച്ചു എന്നു ഞാനന്നു ശങ്കിക്കാതെയിരുന്നില്ല.

തെക്കൻ തിരുവിതാംകൂറിൽ കോട്ടാർ മുതലായ സ്ഥലങ്ങളിൽ ഈഴവക്കു പണിക്കർ (പണിക്കൻ എന്നില്ല,) മുതലിയാർ എന്നീ സ്ഥാനപ്പേരുകളും മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും ചാന്നാർ, തണ്ടാർ, പണിക്കർ, ചേകവൻ, ആശാൻ, കുറുപ്പ്, കോമരം, എന്നീ സ്ഥാനപ്പേരുകളും പണ്ടുപണ്ടേ നടപ്പുണ്ടു്.

ചാന്നാരുടെ "ർ" പ്രയോഗത്തിലോ തണ്ടാരുടെ "ർ" പ്രയോഗത്തിലോ മുതലിയാരുടെ "ർ" പ്രയോഗത്തിലോ ഇതരസമുദായത്തിലുള്ളവക്കാക്കും ശാഠ്യമില്ല:

ചാരുത്വം വാക്കിലേറുന്ന
ചാന്ദാരാം കൊച്ചുനാഥനാൽ
ചമയ്ക്കപ്പെട്ടൊരീയശ്വ
ലക്ഷണം നല്ലശിക്ഷയായ്.

എന്നു മഹാമഹിമശ്രീ കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമേനിയും

"തണ്ടാരോശുദ്ധനല്ലേ സരസകവി
ഭവാൻഹന്ത! ഗംഭീരനല്ലേ
രണ്ടാളുംമാന്യരല്ലേ ചിലവുകഴിയു
വാൻ ചിത്തസമ്പത്തുമില്ലേ"

എന്നു പന്തളം കൃഷ്ണവാര്യർ അവർകളും എഴുതികണ്ടിട്ടുണ്ടു്.

പണിക്കരുടെ "ർ" പ്രയോഗത്തിൽ വലിയകോയിത്തമ്പുരാൻ മൂത്തകോയിത്തമ്പുരാൻ എന്നീ കുലീനന്മാൎക്കു് വെറുപ്പ് അക്കാലത്തുണ്ടായി ഞാൻ കണ്ടിട്ടില്ല. "കവിക്കൂട്ടത്തിലൊന്നാമനാ മാമൂലൂരിലെഴും പണിക്കർ" എന്നു ഒട്ടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ ബി. എ. അവർകൾ അക്കാലത്തു പറയാൻ വൈമുഖ്യം കാണിച്ചിരുന്നില്ലെങ്കില്ലം "വെണ്മണിക്കായിത കൎത്താവായ" അമ്പലപ്പുഴ മാധവപ്പൊതുവാൾ അവർകൾക്കു് "ചേത്താനോരോരോ കപികടെപദേശഹന്ത മൂലൂർപണിക്കൻ" എന്നെഴുതുന്നതിനുമാത്രമേ തൻെറ 'മന്ദാക്രാന്ത' വൃത്തത്തിൽ സൗകൎയ്യം ലഭിച്ചുള്ളു.

മദ്ധ്യതിരുവിതാംകൂറിൽ ഈഴവൎക്ക "കുഞ്ഞുപണിക്കൻ" എന്നൊരു വ്യക്തിനാമമുണ്ടു്. അതിനെപ്പററിപ്പിടിച്ചിട്ട വാരണപ്പള്ളിൽ കുഞ്ഞുപണിക്കൻെറ ജേഷ്ഠസഹോദരൻ വാരണപ്പള്ളി "ഗോവിന്ദപ്പണിക്കൻ" എന്നുംമററും പറഞ്ഞും റിക്കാർഡുകളിൽ എഴുതിയും 'ർ' പ്രയോഗം മററുള്ളവർ മനഃപൂർവ്വം മായിച്ചു കളഞ്ഞിരിക്കണം-കുഞ്ഞുപിള്ള, കൊച്ചുപിള്ള, എന്നിങ്ങിനെ പലടത്തും ഈഴവൎക്ക വ്യക്തിനാമങ്ങളുണ്ടു്. അതിനെ അനുകരിച്ചു "പിള്ള"സ്ഥാനം ഇവരിൽ ആൎക്കും ആരോപിച്ചുകാണുന്നുമില്ല.

പണിക്കർ ശബ്ദത്തിനുള്ള പല ന്യായങ്ങളേയും സവിസ്തരം പ്രതിപാദിച്ചു് "ഉപദേശാഷ്ടകം" എന്ന തലക്കെട്ടിൽ പോററി അവർകൾക്കൊരു മറുപടി ഞാൻ "സുജനാനന്ദിനി" പത്രത്തിലേക്കയച്ചു. ആയതു "ഉപകാരസ്മരണാപൂർവ്വം ഉപേക്ഷിച്ചു" എന്നുപറഞ്ഞു സുജനാനന്ദിനി പത്രാധിപർ തള്ളിക്കളഞ്ഞു.

പ്രതിപക്ഷത്തിനോടു് മറുപടിപറഞ്ഞില്ലെങ്കിൽ ശാപസംമുട്ടുന്ന ഒരു സമ്പ്രദായം അക്കാലത്തു അധികമായിട്ടുണ്ടായിരുന്നു. ഞാൻ ഈ സംഗതി കത്തുമുഖേന വറുഗീസുമാപ്പിള അവർകളെ നിർബന്ധപൂർവ്വം അറിയിച്ചു. എൻെറ ന്യായസ്ഥാപനത്തിൽ സന്തോഷവും മമതയും തോന്നിയ ആ യഥാൎത്ഥപത്രാധിപർ ഉപദേശാഷ്ടകം മലയാളമനോരമയിൽ ചേൎത്തുകൊള്ളാമെന്നു് ദയാപൂർവ്വം സമ്മതിച്ചു് എനിക്കു് മറുപടിതന്നു. ഞാൻ ആ പദ്യങ്ങൾ ഉടനേതന്നെ അദ്ദേഹത്തിൻെറ പേൎക്കയച്ചുകൊടുത്തു. മനോരമാ കവിതാപംക്തിയുടെ പ്രഥമസ്ഥാനത്തുതന്നെ ആ "ഉപദേശാഷ്ടകം" "സുജനാനന്ദിനിയിൽ ഉപേക്ഷിക്കപ്പെട്ടതു്" എന്നുപറഞ്ഞു ചേൎക്കുകയും അങ്ങിനെ ആ വാദം എനിക്കതെല്ലും പരാജയം ഭവിക്കാതെ പൎയ്യവസാനിക്കുകയുമാണുണ്ടായതു്.

വറുഗീസുമാപ്പിള അവർകൾ കോട്ടയത്തുനിന്നും ശനിയാഴ്ചതോറും സ്വഭവനമായ കറുത്തനെല്ലൂർ, വീട്ടിൽ വരാറുണ്ടായിരുന്നെന്നും ഞാൻ ചിലപ്പോൾ അവിടെയെത്തി അദ്ദേഹവുമായി സംഭാഷണം ചെയ്യാറുണ്ടായിരുന്നെന്നും മററുമുള്ള വിവരം പ്രസ്താവിച്ചുവല്ലോ. അങ്ങനെ ഒരു പ്രാവശ്യം ഞാൻ ചെന്നപ്പോൾ വറുഗീസുമാപ്പിള അവർകൾ അവി

ടെ സമാഗതനായിട്ടില്ല എന്നറിഞ്ഞെങ്കിലും എനിക്കു ആശാഭംഗത്തിനു വകയുണ്ടായില്ല.

അദ്ദേഹത്തിൻെറ പ്രിയപിതാവും 'വലിയ മുതൽപിടിക്കാരൻ' എന്നപേരിൽ അറിയപ്പെട്ടിരുന്ന ആളും വന്ദ്യവയോധികനുമായ മാന്യ ശ്രീ. ഈപ്പൻമാപ്പിള അവർകളേ ഇംദപ്രഥമമായി കാണുന്നതിനും പരസ്പര സംഭാഷണം ചെയ്യുന്നതിനും എനിക്കു സൗകര്യം ലഭിച്ചു. ഈ മാന്യൻ 'കണ്ടത്തിൽ' കുടുംബത്തിൻെറ ആദിമസ്ഥാപകനും, ആ തറ വാട്ടുകാരുടെ ഒരു 'രഘു' എന്നു നിശ്ശംകം വർണ്ണിക്കാവുന്ന പ്രതാപശാലിയുമായിരുന്ന ശ്രീമാൻ മാത്തുള്ളമാപ്പിള അവർകളുടെ സീമന്ത പുത്രനാണു്. മാത്തുള്ളമാപ്പിള അവർകൾക്കു് മഹാബാഹുക്കളും സാല പ്രാംശുക്കളും ലക്ഷണ സമ്പൂർണ്ണന്മാരുമായ ആറുപുത്രന്മാർ ഉണ്ടായിരുന്നവരിൽ സർവ്വപ്രകാരേണ സൗഭാഗ്യ സമ്പന്നനായിരുന്നു ഈപ്പൻമാപ്പിള അവർകൾ.

"അംഭഃപരിമിതമംഭഃ
പിബതി പപൗകുംഭസംഭവാംഭോധിം
അതിരിച്യതെ സുജന്മാ
പുത്രഃപിതരം നിജേന ചരിതേനാ,,

പിടിപ്പതംഭസ്സുകുടംകുടിപ്പു
കുടിച്ചു കുംഭോത്ഭവനംബുരാശി
മിടുക്കനാമാത്മജനാത്മവൃത്ത്യാ
കടന്നു കാണുന്നുപിതാവിനേയും.

എന്നുള്ളന്യായേന ഭാഗ്യവാനായ ഈപ്പൻമാപ്പിള അവർകളുടെ പുത്രൻ വറുഗീസുമാപ്പിള അവർകൾ മലയാളികളുടെ മദ്ധ്യത്തിൽ മലയാളമനോരമാനഭസ്സിൽ മദ്ധ്യാഹ്ന മാർത്താണ്ഡമണ്ഡലം പോലെ പ്രകാശിച്ചു കാണ്മാനിടയായതിൽ പ്രേക്ഷകന്മാർക്കും അത്ഭുതത്തിന വകാശില്ല,

അതിരിക്കട്ടെ. എൻെറ അച്ഛനെക്കുറിച്ചു സ്നേഹവും ബഹുമാനവുമുണ്ടായിരുന്ന ആ മാന്യദേഹം തൻെറ വാത്സല്യരസത്തിൻെറ ഛിത്രശീകരങ്ങൾ എന്നിലും നിഷ്പതിപ്പിച്ചു് നിർബന്ധപൂർവ്വം എന്നെ അടുക്കൽ യഥാസ്ഥാനം ഇരുത്തി കുശലങ്ങൾ ചോദിച്ചു. സാഹിതീരസജ്ഞനായ അദ്ദേഹം ഞാൻ ചെന്നഅവസരത്തിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസുകൊണ്ടു് ആയ്യിടെയു് പ്രസിദ്ധീകരിച്ച "മയൂരസന്ദേശം" മണിപ്രവാളം ശ്രദ്ധാപൂർവ്വം വായിച്ചു് സ്വയമേവ രസിച്ചുകൊണ്ടിരിക്കയായിരുന്നു. "ഹരിക്കുന്നു ചോരൻ സമീരൻ" എന്നു് അവസാനിക്കുന്ന പദ്യമാണദ്ദേഹം വായിച്ചുകൊണ്ടിരുന്നതു്. ആ പദ്യത്തിൻെറ അർത്ഥം അദ്ദേഹം എന്നെക്കൊണ്ടു പറയിച്ചു. പിന്നെ കുറേഭാഗങ്ങൾകൂടി എന്നേക്കൊണ്ടു പറയിപ്പിക്കുകയും അർത്ഥം പറയിപ്പിക്കുകയുംചെയ്തു. കണ്ടത്തിൽ കുടുംബത്തിലുള്ള പുരുഷന്മാരേപ്പോലെതന്നെ സ്ത്രീകളും സാഹിത്യചർച്ചയിൽ സന്തോഷമുള്ളവരായിരുന്നു

എന്നു് അന്നത്തെ അനുഭവത്താൽ ഞാൻ മനസ്സിലാക്കി, ഈപ്പൻമാപ്പിള അവർകളുടെ ഒരു പൗത്രിയും മയൂരസന്ദേശവായനയിൽ ശ്രദ്ധാവതിയായിട്ടു് അപ്പോൾഅവിടെ നിൽപ്പുണ്ടായിരുന്നു. ആ മാന്യ ആറാട്ടുപുഴ കൊച്ചുകോശി കുഞ്ഞുവൈദ്യരവർകളുടെ പ്രേയസിയും മി: കെ. കെ. ചെറിയാൻ ബി. എ. ബി. എൽ-ൻെറ പ്രിയമാതാവുമാണെന്നു ഞാൻ ഇപ്പോൾ ഓക്കുന്നുണ്ടു്. അങ്ങനെ കൃതാത്ഥനായിട്ടു ഞാൻ സ്വഗൃഹത്തിലേക്കു മടങ്ങി.

എൻെറ "സ്മരണ ലേഖന"ത്തിൻെറ ആഭ്യന്തര കായ്യങ്ങളിൽ സന്ദർഭവശാൽ അപ്രകൃതമായിട്ടു പലതുംപറഞ്ഞുകാണുന്നുണ്ടെന്നു് പത്രവാചകന്മാർ വിചാരിച്ചേക്കാൻ ഇടയുണ്ടെന്നു എനിക്കറിയാമെങ്കിലും ആ ഭാഗങ്ങൾകൂടി ക്ഷമാപൂർവ്വം വായിക്കണമെന്നു് സഹൃദയന്മാരായ ആ വായനക്കാരോടു് ഞാനഭ്യത്ഥിച്ചുകൊള്ളട്ടെ.

"കണ്ടത്തിൽ കുടുംബചരിത്രം" എന്നൊരു രസകരമായ പുസ്തകം ആ കുടുംബജാതനായ കെ. വി. മാത്യു എൽ. എം. എസ്സ്. അവർകൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ആ പുസ്തകത്തിൽ വറുഗീസുമാപ്പിള അവർകളെപ്പററി പറഞ്ഞിരിക്കുന്ന ചരിത്രഭാഗം തീരെപരിമിതമായിരിക്കുന്നതുപോലെ ഈഷന്മാത്രങ്ങളായ വേറെ ചില ന്യൂനതകളും അതിൽ കാണുന്നുണ്ടു്. കുടുംബാംഗങ്ങളിൽ 370-ാം അംഗമായ ശ്രീമതി മറിയാമ്മയേ ഒരു യുവകവിയായ ശങ്കരത്തിൽ ഏ. വി. മാത്യു കല്യാണം കഴിച്ചിരിക്കുന്നു് എന്നും 268-ാം അംഗമായ ശ്രീമതി സാറാമ്മയെ "ആറാട്ടുപുഴ കാഞ്ഞരത്തുമൂട്ടിൽ കെട്ടിച്ചിരിക്കുന്നു എന്നും ആ പുസ്തകത്തിൽ വിവരിച്ചുകാണുന്നു.

മി: മാത്യു ഒരു വാസനാകവിയാകകൊണ്ടു ആ യുവാവിനെ അപ്രകാരം പ്രശംസിച്ചുകൊള്ളട്ടെ. സാറാമ്മയെ വിവാഹംചെയ്ത മി: കൊച്ചുകോശികുഞ്ഞുവൈദ്യൻ ഒരു സംസ്കൃതപണ്ഡിതനായിരിക്കെ അദ്ദേഹത്തിൻെറ നാമധേയംപോലും പ്രസ്താവിക്കാതെ "കാഞ്ഞരത്തുമൂട്ടിൽ കെട്ടിച്ചിരിക്കുന്നു" എന്നു ലുപ്തവാചകത്തിൽ മാത്രംപറഞ്ഞു് ആ ഭാഗം പയ്യവസാനിപ്പിച്ചതു് നന്നായില്ലെന്നുതന്നെയാണു് എൻെറ അഭിപ്രായം. ക്രൈസ്തവസമുദായം പ്രായേണ സംസ്കൃതഭാഷയേയും സംസ്കൃതഭാഷാപണ്ഡിതന്മാരേയും ഇക്കാലത്തു സമാദരിച്ചു വരുന്നില്ലാ എന്നൊരു അപഖ്യാതി നാട്ടിലെങ്ങും നടപ്പുള്ളതു് ഏതാണ്ടു പരമാത്ഥമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

തിരുവല്ലാതാലൂക്കിൽ കോഴഞ്ചേരിഎന്നസ്ഥലത്തു് "പൊയ്യാനിൽ മൂത്തകുഞ്ഞുവൈദ്യൻ അവർകൾ കാവ്യനാടകാലങ്കാരങ്ങളിൽ അദ്വിതീയമായ പാണ്ഡിത്യം സമ്പാദിച്ചിരുന്ന ഒരു വന്ദ്യവയോധികനും 'ദക്ഷ'ത്വാദിഗുണങ്ങളോട്ടുകൂടിയ ആയുർവ്വേദപണ്ഡിതനും പ്രൈവററായിട്ടു ഇംഗ്ലീഷും പഠിച്ചു് നൈപുണ്യം സമ്പാദിച്ച ഒരു മഹാനുമായിരുന്നതിനും പുറമേ ഒരു ലക്ഷപ്രഭുവുംകൂടി ആയിരുന്നു. അദ്ദേഹത്ത

ൻെറ ചരമദശയെസംബന്ധിച്ചു് അനുശോചനയോഗമോ, ക്രൈസ്തവപത്രങ്ങളിൽ വല്ല ചരമക്കുറിപ്പെങ്കിലുമോ വേണ്ടവണ്ണമുണ്ടായതായി ട്ടൊന്നും ഞാനറിയുന്നില്ല. ആ ഭാഗം അങ്ങനെ നിൽക്കട്ടെ.

പല അവസരങ്ങളിലും വറുഗീസുമാപ്പിള അവർകളുടെ ദീർഘദൃഷ്ടിയെ പുരസ്ക്കരിച്ചു കരുത്തനല്ലൂർ ചെല്ലുന്നതിനിടയായിട്ടുള്ള എനിക്കു് വേറെയും ചില സാഹിത്യരസജ്ഞന്മാരെ കണ്ടു പരിചയംസമ്പാദിക്കാനിടയായിട്ടുണ്ടു്. വറുഗീസുമാപ്പിള അവർകളുടെ ഭ്രാതൃപുത്രനായ നിമിഷകവി കെ. എം. കൊച്ചീപ്പൻമാപ്പിള അവർകൾ ഇദ്ദേഹത്തെ കരത്താലിൽകുഞ്ഞു് എന്നാണു് സാധാരണ പറയാറുള്ളതു്.) ഭാഗിനേയനായ കവി പി. കെ. കൊച്ചീപ്പൻ തരകൻ അവർകൾ എന്നിവരെയും മററുമാണു് എനിക്കു പരിചയിക്കാൻ സാധിച്ചതു്.

തിരുവല്ലാ മുൻസിപ്പുകോർട്ടു വക്കീൽ കെ. ഐ. ഈപ്പൻ അവർകൾ വറുഗീസുമാപ്പിള അവർകളുടെ ജേഷ്ഠസഹോദരനും ഒരു ലക്ഷപ്രഭുവുമായിരുന്നു. "ഗീവച്ചൻ കുറേ കീർത്തി സമ്പാദിച്ചു; ഞാൻ കുറെ പണം സമ്പാദിച്ചു" എന്നു ചിലപ്പോഴൊക്കെ അദ്ദേഹം അനുജനെപ്പററി ഫലിതമയമായി പറയുക പതിവുണ്ടായിരുന്നു. എൻെറ അച്ഛൻെറ സിവിൽകേസ്സുകൾ പലതും നടത്തികൊണ്ടിരുന്ന ഒരു പ്രധാന വക്കീലായിരുന്നു അദ്ദേഹം.

അച്ഛൻെറ ആജ്ഞാനുസരണം ഞാൻ ഒരിക്കൽ ഈപ്പൻവക്കീൽ അവർകളുടെ വസതിയിൽചെന്നു. അന്നു വറുഗീസുമാപ്പിള അവർകൾ പരിവാരസമേതനായിട്ടു് അവിടെ വന്നുചേർന്നിട്ടുണ്ടു്. അദ്ദേഹം ആയിടക്കു രചിച്ചിട്ടുള്ള "എബ്രായക്കുട്ടി" നാടകം തിരുവല്ലാ ഇംഗ്ലീഷ് സ്ക്കൂളിൽവച്ചു അഭിനയിക്കാൻ തീർച്ചയാക്കിയതു പ്രമാണിച്ചാണു് ബാലശൈലൂഷന്മാരോടുകൂടി അന്നു് അദ്ദേഹം അവിടെ സന്നിഹിതനായതു്. കൊല്ലം പേഷ്ക്കാരായിരുന്ന ശ്രീമാൻ ആററുകാൽ ഗോവിന്ദപ്പിള്ള അവർകൾ ബി. എ. ബി. എൽ. അന്നു സർക്യൂട്ടായി സ്ഥലത്തെത്തീട്ടുണ്ടെന്നറിഞ്ഞതിനാൽ നാടകസന്ദർശനാർത്ഥം അദ്ദേഹത്തേക്കൂടെ ക്ഷണിച്ചാൽ കൊള്ളാമെന്നു വറുഗീസുമാപ്പിള അവർകൾ അഭിപ്രായപ്പെട്ടതിനെ ഈപ്പൻ വക്കീൽ അവർകൾ സന്തോഷപുരസ്സരം പിൻതാങ്ങി.

കവിയായ പേഷ്ക്കാരെ ക്ഷണിക്കുന്നതു് ഒരു പദ്യംകൊണ്ടായാൽ കൊള്ളാമെന്നുകൂടി വറുഗീസുമാപ്പിള അവർകൾ അഭിപ്രായപ്പെട്ടശേഷം അതിന്നായിട്ടു് ഒരു പദ്യം രചിക്കാൻ അദ്ദേഹം എന്നോടാവശ്യപ്പെടുകയും കടലാസും പെൻസിലും എൻെറ പക്കൽ തരികയുമുണ്ടായി. തൽക്ഷണം ഒരു പദ്യമുണ്ടാക്കി ഞാൻ അദ്ദേഹത്തിൻെറ കൈവശം കൊടുത്തു. അദ്ദേഹം പദ്യം വാങ്ങിച്ചു വായിച്ചു സന്തുഷ്ടനായിട്ടു "കവിതക്കു ആവശ്യം നേരിടുമ്പോഴൊക്കെ ഇങ്ങനെ കവികളെ കിട്ടുന്നതു

പ്രയോജനകരമാണ്." എന്നുപറഞ്ഞു ചിരിക്കുകയും എന്നേപ്പററി ചിലപ്രശംസാവചനങ്ങൾ ജേഷ്ഠനോട്ടപറയുകയും രണ്ടുപേരും എന്നെ അഭിനന്ദിക്കുകയും ചെയ്തു. ആ പദ്യം താഴെചേർക്കുന്നു:-

'ഇക്കാലത്തൊച്ചപൊങ്ങും ബുധനിവഹ
മെട്ടത്താദരിച്ചോമനിച്ചി-
ട്ടക്കാലൗത്സുക്യപൂർവ്വം തടവിയുപചരി
ക്കുന്ന സൗഭാഗ്യസിന്ധോ!
ഇസ്കൂളിൽപാദപത്മപ്പൊടി വിതറിയിരു-
ന്നസ്സലായിസ്സദസ്സി
ന്നൽക്കോല്യംപുണ്യപൂരം ചൊരിവതിനവിടേ-
ക്കാശയൊന്നേശിടേണം"

അന്നവിടെ സ്കൂളിൽവച്ചുനടക്കുന്ന നാടകംകാണാൻ എനിക്കും കൗതുകമുണ്ടായി. ഈഴവക്ക "മുപ്പത്തുരണ്ടടി അകലം അയിത്തം" വേണമെന്ന അക്കാലത്തു നിർബന്ധമുണ്ടായിരുന്ന തിരുവല്ലായിലെ സവർണ്ണകേസരികൾ നിരന്നിരിക്കാനിടയുള്ള ആ നാടകരംഗത്തിൽ ഒരു അവർണ്ണബാലൻെറ പ്രവേശം എത്രമാത്രം സുശകമാകുമെന്നു് സംശയം തോന്നുകയാൽ ഞാൻ ആ നാടകപ്രവത്തകന്മാരോടു വിവരം ചോദിച്ചു! നാടകം കാണത്തക്കവണ്ണം നേപഥ്യശാലയുടെ ഒരു പാർശ്വഭാഗത്തു എന്നേ ഇരുത്തികൊള്ളാമെന്നു അവർ സമ്മതിച്ചുവെങ്കിലും "മാനംകെട്ട" ആ ഗൂഢവ്യാപാരത്തിനു ഞാൻ തയ്യാറാകാതെ മടങ്ങിപ്പോരുകയാണുചെയ്തതു്.

വറുഗീസുമാപ്പിള അവർകൾ രചിച്ചിട്ടുള്ളതും അദ്ദേഹത്തിൻെറ ദേഹവിയോഗശേഷം പുത്രൻ മി: കെ. വി. ഈപ്പൻ ബി. എ. ബി. എൽ. അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ "സച്ചരിത്ര ശതകം" മണിപ്രവാളപുസ്തകത്തിനു് കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ എഴുതിച്ചേർത്തിരിക്കുന്ന അവതാരികയിൽ ഇങ്ങനെ കാണുന്നു:—"മലയാളഗദ്യം ഇപ്പോൾ ഞാൻ എഴുതുന്ന ഈ വിധത്തിലെങ്കിലും എഴുതുന്നതിനു് എൻെറ ഗുരുസ്ഥാനം വഹിച്ചിട്ടുള്ളതു് പ്രസ്തുത പുസ്തകത്തിൻെറ കത്താവായ ആ മഹാനാണെന്നുള്ള വാസ്തവം എനിക്കു് ഒരിക്കലും വിസ്മരിക്കത്തക്കതല്ല. പിന്നെ സാഹിത്യവിഷയത്തിൽ അനേക ഗുണദോഷങ്ങളേ ഉപദേശിക്കുകയും എന്നേ പ്രധാനമായി പ്രോത്സാഹിപ്പിക്കുകയും പ്രവത്തിപ്പിക്കയും ചെയ്തിട്ടുള്ളതും അദ്ദേഹംതന്നെയാണു്. കിം ബഹുനാ. കൊട്ടാരത്തിൽ ശങ്കുണ്ണി എന്ന പേരിനു് സ്വല്പമായിട്ടെങ്കിലും പ്രസിദ്ധിയുണ്ടായിട്ടുണ്ടെങ്കിൽ അതിൻെറപ്രധാന കാരണഭൂതൻ അദ്ദേഹം തന്നെയാണു്."

ഇങ്ങനെ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളെപ്പോലെ വറുഗീസുമാപ്പിള അവർകളുടെ അനവരത സാഹചര്യംമൂലം ഇത്രവളരെ പ്രസിദ്ധിയും സൗഭാഗ്യവും അനായാസേന സിദ്ധിച്ച മററുകവികൾ ചുരുങ്ങു

മെങ്കിലും കുഞ്ഞിക്കുട്ടൻതമ്പുരാൻ അവർകൾമുതൽ ആതിച്ചമ്മൻനായർ അവർകൾ വരെയുള്ള സകല കേരളീയകവികളും വറുഗീസുമാപ്പിള അവർകളുടെ നേതൃത്വത്തിൽ ആരംഭിച്ച മനോരമാ കവിപംക്തിവഴിക്കാണു്, തങ്ങൾ അർഹിക്കുന്ന വിധത്തിലും അർഹിക്കാത്ത വിധത്തിലുമുള്ള വിശ്രുതിയേ സമ്പാദിക്കാൻ കഴിഞ്ഞതു്. ഈ വാസ്തവം തുറന്നുപറയുമ്പോൾ ഭാഷാകവികളിൽ ചിലർ വൈരസ്യം കാട്ടാൻ തുങ്ങിയേക്കും. എന്നാൽ വാസ്തവം അങ്ങിനെതന്നെയാണെന്നുള്ളതിലേക്കു ഈ ഞാനും ഒരനുഭവസാക്ഷിയാണു്. "ബ്രിസീനാ" എന്ന ഒരു ക്രൈസ്തവ കഥ വേഷംമാറിയതാണു് ശങ്കുണ്ണി അവർകളുടെ "ദേവീവിലാസം" നാടകം എന്നു് എല്ലാപേൎക്കുമറിയാം.

വറുഗീസുമാപ്പിള അവർകളുടെ പരിഷ്കരണോപദേശം ആ നാടകനിൎമ്മാണത്തിൽ കവിയേ വേണ്ടവണ്ണം പ്രോത്സാഹിപ്പിച്ചിരിക്കണം. കൃതജ്ഞനായകവി അതൊന്നും വിസ്മരിച്ചിട്ടില്ലെന്നു മേൽവിവരിച്ച അവതാരിക വായിച്ചാൽ ആൎക്കും സന്തോഷപൂർവ്വം മനസ്സിലാക്കാം. ഈ സംഗതികളെല്ലാം വഴിപോലെ അറിഞ്ഞിരുന്നതുകൊണ്ടാണു് ഞാൻ എന്റെ കവിരാമായണത്തിൽ ശങ്കുണ്ണി അവർകളെ താഴെകാണുന്ന പ്രകാരം സുഗ്രീവനാക്കിയതു്.

"അത്യുത്സാഹമമന്ദബുദ്ധി"രമ"തൻ-
ഭൎത്താ സുഹൃത്താകയാ-
ലത്യന്തംബഹുമാന്യഭാവമിതുപോലുൾ
ത്തുത്തതൽഗുണം
ഒത്താങ്ങേവരിലുംമികച്ചസുകൃതം ത-
ങ്കുന്നശങ്കുണ്ണിയാം
വിദ്വാൻസോമസമാഭിരാമവദനേ!
ചൊല്ലൊണ്ട സുഗ്രീവനാം"

പ്രസിദ്ധ കവിയായ ഇരുവനാട്ടു കെ. സി. നാരായണൻനമ്പ്യാർ അവർകൾ വേറൊരുകവിരാമായണം പന്നീട്ടു് എഴുതിക്കണ്ടതിൽ ശങ്കുണ്ണി അവർകളേ താഴെക്കാണുന്നപ്രകാരം കുംഭകൎണ്ണനാക്കുകയാണു ചെയ്തതു്.

"കോലുംതൻ കൃതിവൈഭവാൽ പ്രഥിത
നായീടുന്ന ശ്രീരാമനെ
പ്പോലും ചെറുഗണിച്ചിടാതെ കവിത
ക്കൈയ്യൂക്കുവൎദ്ധിക്കയാൽ
കാളുംശൗൎയ്യമിയന്നു ശാന്തതനടിച്ചീടുന്ന
ശങ്കുണ്ണിയാ-
യാളും സമ്പ്രതികുംഭകൎണ്ണനമൊരേ
മട്ടാണു മട്ടോമന്മൊഴീ!"

മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ അവർകൾ ഇതിനൊക്കെ മുമ്പു രചിച്ചിട്ടുള്ള കവിഭാരതത്തിൽ ശങ്കുണ്ണി അവർകളെ

"മുന്നിട്ടാർജ്ജുനിയോടെതിത്ത ഭരതൻ
ശങ്കുണ്ണിയാമുണ്ണിയാം''

എന്നുമാത്രമാണു പറഞ്ഞുകണ്ടതു്. ശങ്കുണ്ണിഅവർകൾ നിഷ്കളങ്കമായി സ്വയമേവ സമ്മതിക്കുന്ന മനോരമാ സാഹായ്യത്തിന്റെ പാത്രത, ആലോചിക്കുന്നവരോടു് മേൽക്കാണുന്ന മൂന്നു പക്ഷങ്ങളുടെ സാധുത്വത്തെപ്പററി വ്യവഹരിക്കേണമെന്നില്ല.

കവിരാമായണകർത്താവു് ഒരു മഹാകവിയായിരുന്നെങ്കിൽ ആ അഭിപ്രായത്തെ സാഹിത്യവേദികൾ സശിരഃകമ്പംസമ്മതിച്ചു കൊടുക്കുമായിരുന്നു എന്നു ഞാൻ പറഞ്ഞാൽ അതിൽ സ്വപ്രശംസാദോഷ വ്യാപ്തി സ്പൃശിച്ചിട്ടുണ്ടെങ്കിൽ ആ അപരാധം സഹൃദയലോകം ക്ഷമിക്കട്ടെ. "കവിരാമായണത്തിൽ ചിലക്കു കൊടുത്തിട്ടുള്ള പേരുകൾ ആലോചനയോടുകൂടിയാണെന്നു ഊഹിക്കത്തക്ക ലക്ഷണസമന്വയങ്ങൾ ഉള്ളവയും ചമൽക്കാര കാരികളുമായിരിക്കുന്നു.'' എന്നിങ്ങനെ മഹാമഹിമശ്രീ അനന്തപുരത്തുകൊട്ടാരത്തിൽ മൂത്തകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് അക്കാലത്തു മലയാളമനോരമയിൽ എഴുതിക്കണ്ടിരുന്ന ഒരു തിരുവെഴുത്തിലെ ഈ ഭാഗം പ്രകൃതപക്ഷത്തെ സാധൂകരിക്കുന്നതേയുള്ളു.

"വേണ്ടപോലിഹ മനോരമാശ്രയം
കൊണ്ടുതന്നെപുകഴും കവീന്ദ്രരേ!
കണ്ടഭാവമതകന്നൊരാനയെ
ക്കൊണ്ടുപദ്യമുരചെയ്യിനേവരും.''

ഇങ്ങനെ മഹിത ശ്രീ: കുഞ്ഞിക്കുട്ടൻതമ്പുരാൻ അവർകൾ ഒരിക്കൽ മനോരമയിലെഴുതിയ ചിത്രപ്രശ്നത്തിലെ "മനോരമാശ്രയം കൊണ്ടു്'' എന്ന ഭാഗം ചില മാന്യകവികൾക്കു അന്നു് അഭിമാനഭഞ്ജകമായിട്ടു ഭവിച്ച സംഗതി ഞാനോർക്കുന്നു. "മനോരമ'' എന്ന വ്യാകരണഗ്രന്ഥത്തിന്റെ ആശ്രയംകൊണ്ടു് എന്നത്രേ കവിഹൃദയം എന്നു് ആ തമ്പുരാൻ അവരോടു സമാധാനം പറയേണ്ടതായിട്ടുവന്നു എന്നും കൂടി ഞാനോർക്കുന്നു.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ, വെണ്മണി നമ്പൂരി എന്നീ നാമധേയമൊഴിച്ചുള്ള മറെറല്ലാ കവികളുടേയും നാമധേയങ്ങൾ മനോരമയുടെ കവിതാപംക്തി കണ്ടതിന്റെ ശേഷമാണു് എനിക്കറിയാനിടവന്നതു്. "വിലാട്ടത്താശാൻ'' എന്നൊരാളിനെ ബാല്യംമുതൽ ഞാൻ കേട്ടിരുന്നു. എങ്കിലും വിലാട്ടത്തു രാഘവൻനമ്പ്യാർ എന്ന ആ വൃദ്ധകവിയെ മനോരമയിൽ "മുരിങ്ങൂർ പോററി'' അവർകളുമായുള്ള മല്ലയുദ്ധത്തിൽ ഏപ്പെട്ടുകണ്ട ശേഷമാണു് ശരിക്കു് അറിയാനും "കമ്മട്ടമല്ലീവൃദ്ധന്റെ കളി''യെന്നു കാണാനും കഴിഞ്ഞതു്.

*　*　*　*　*

വില്വട്ടത്തുപണിക്കരെന്നൊരു മഹാ വമ്പൻ വസിക്കുന്നതും
കല്യേ!നീയുമയത്തിതോരസികനേശ്ശീഘ്രം ക്ഷണിച്ചിണ്ടുവി-
ട്ടില്ലെങ്കിൽ പലമല്ലിടാനൊരുരസംകണ്ടില്ല മിണ്ടില്ല ഞാൻ"
എന്നൊരു പോരിനു വിളിപോലെയുള്ള പദ്യം

"സുപ്തസിംഹസ്യഘോണായാം
പ്രവേശയതി തജ്ജനീം"

എന്നന്യായേന പോററിഅവർകൾ മനോരമയിൽ ഗ്രഹപ്പിഴക്കു് എഴുതിക്കണ്ടപ്പോൾ ബലിഷ്ഠനായ ആ കവിഹര്യക്ഷൻ

"വില്വട്ടം വൃദ്ധനായീവിരവൊടിവനുമായൊന്നടുക്കാം പിടിക്കാം
മല്ലിട്ടീടാം മടക്കാമിതിമനസിമുരിങ്ങൂർ ദ്വിജന്നുണ്ടുമോഹം"
"പോക്കിന്നതേക്കിനോടൊരുങ്ങരുതേ മുരിങ്ങേ!"

എന്നും മററുമുള്ള കക്കശവാങ്മുഷ്ടിഘട്ടനം ഏല്പിച്ചുകൊണ്ടു് പോററിഅവർകളെ അതിക്രമണംചെയ്തു. കലഹശീലനായ പോററി അവർകൾ മാറുമോ?

"അടർക്കളമൊക്കെപ്പൊടിച്ചിടുവതും"

എന്നു പറയാനല്ലാതെ ആ കവനസംഗ്രാമഘോഷത്തെ വർണ്ണിച്ചെഴുതാൻ പ്രയാസം. അന്നങ്ങനെ കാന്ദിശീകനായ പോററിഅവർകൾ "പുത്തൻവീട്ടിൽ കല്യാണിക്കുട്ടിഅമ്മ" എന്ന പേരിൽ ഒരു ലളിത വേഷം കെട്ടി വൃദ്ധൻെറ നേരേചെന്നു:

"കല്യാണിക്കുട്ടിയമ്മേ തവ കൃതി കളവാണീ"
"കമനി കവിക്കട്ടെ കാണട്ടെ വട്ടം"

എന്നും മററും അവർ പറഞ്ഞു മോഹിനിയെ ലജ്ജിപ്പിച്ചുവിട്ടുകയത്രേ ചെയ്തതു്.

വില്വട്ടത്തിൻെറ രണ്ടാം യുദ്ധരംഗം ആററുപുറത്തു ശങ്കുണ്ണിമേനോൻഅവർകളുമായിട്ടായിരുന്നു. ആരെയും കയ്യിൽകിട്ടിയാൽ ചുഴററിയെറിയുന്നതിനു് ദൃഢകല്യനായ ആ വയോധികന്നു് പ്രയാസമുണ്ടായിരുന്നില്ല. രണ്ടാമത്തെ ആ യുദ്ധം കുറേ നീണ്ടുനിന്നതു കണ്ടപ്പോൾ

"വില്വട്ടവും ശ്രീ വിദ്വാൻ ശങ്കുണ്ണിതാനും
വിരവൊട്ട വിരമിക്കേണമിശുശ്രൂഷ്ടഭാവാൽ"

എന്നു് പണ്ഡിതശ്രീ വയസ്കര ആര്യനാരായണൻ മൂസ്സതു് അവർകൾ ഒരു മാദ്ധ്യസ്ഥ്യം പറയുകയുണ്ടായി. അപ്പോഴാണു് ഭീഷ്മസന്നിഭനായ ആ വൃദ്ധൻ വില്ലു താഴെവച്ചതു്. മഹാഭാരതയുദ്ധം ഏകതാനതയോടുകൂടി നിരീക്ഷിച്ചുകൊണ്ടു് കപിദ്ധ്വജൻെറ കേതനാഗ്രത്തിലിരുന്ന ശ്രീ ഹനുമാനെപ്പോലെ രസികനായ വറുഗീസുമാപ്പിള അവർകൾ ഇതെല്ലാം ആഹ്ലാദപുരസ്സരം നോക്കിക്കൊണ്ടിരുന്നതേയുള്ളു. രസകരങ്ങളായ ഈ കവിതാകലഹപദ്യങ്ങൾ ഒരു പുസ്തകമാക്കി പ്രസിദ്ധീകരിച്ചാൽ ആയതു സാഹിത്യരസികന്മാക്കു് വായിക്കാൻ വളരെ കൗതുകവും ഉന്മേഷവും ഉണ്ടാകുന്ന ഒരു ഗ്രന്ഥമായിരിക്കും. ആ വൃദ്ധ

കവിയെ താഴെക്കാണുന്നപ്രകാരം ഞാൻ കവിരാമായണത്തിൽ ജാംബവാനാക്കീട്ടുണ്ട്:—

"വാർദ്ധക്യംകൊണ്ടുമിന്നുള്ളൊരുകവികളിൽവച്ചേറ്റമാവമ്പുകൊണ്ടും
കൂത്തോലും നല്ല ബുദ്ധിക്കടയഗുണഗണാംകൊണ്ടുമസ്സൽകൃതികൊണ്ടും
നേത്തീട്ടന്നോക്കു പദ്യപ്രഹരനിരകൊട്ടുത്തേററമോടിക്കകൊണ്ടും
തീത്തോതാം വില്ലുവട്ടത്തരിയസുകവിയേ ജാംബവാനെന്നുതന്നെ"

നമ്മുടെ കെ. സി. നാരായണൻനമ്പ്യാർ അവർകൾ തൻെറ പരിഷ്കരിച്ച കവിരാമായണത്തിൽ വിലപട്ടക്കവിയെ നിഷ്കാസനംചെയ്തിട്ട് ജാംബവാൻെറ സ്ഥാനം മറെറാരു മഹാന് സംഭാവനംചെയ്കയാണുണ്ടായതു്. അതിപ്രകാരമമാണ്:

"അന്നെല്ലാം യൗവ്വനത്തിൽ കൃതികൃതി
തകത്തൊ.ച്ചപൊങ്ങിച്ചപാത്താ-
ലിന്നെന്നാലാവതല്ലെന്നൊരു മടികരുതി
സ്വസ്ഥനായ് വൃദ്ധനായീ
മന്നെല്ലാംകീത്തിതട്ടാമഹിമയിൽ മരുവും
ശങ്കരൻവല്യനമ്പ്യാ-
രിന്നെല്ലാംകൊണ്ടുമോത്താൽ കപികുലവരനാം
ജാംബവാനംബുജാക്ഷീ!"

സമസ്യകൾ, പാദസമസ്യകൾ, ചിത്രപ്രശ്നങ്ങൾ, ഭാഷാന്തരങ്ങൾ എന്നിതുകളെക്കൊണ്ടാണ് കവിതാപംക്തിയിൽ പണ്ഡിതകവികളേയും വാസനാകവികളേയും വൃദ്ധകവികളേയും യുവകവികളേയും, കവിയശഃപ്രാത്ഥികളേയും മററുമൊക്കെ പത്രാധിപർ ആകർഷിച്ചു "കബാത്തു"പരിശീലിപ്പിക്കാൻ തുടങ്ങിയതു്.

"വയസ്സിനിക്കെഴപതാണെന്നല്ല സച്ഛൂദ്ര ഞാൻ" എന്നിങ്ങനെ സ്വചരിത്രപ്രഖ്യാപനം ചെയ്തുകൊണ്ട് വന്ദ്യമാതാമഹിയായ ശ്രീമതി കുട്ടിക്കുഞ്ഞുതങ്കച്ചി അവർകളും

"വയോതിപാതോൽഗതവാതവേപിത"മായ കാരണത്താൽ മനോരമാബാലികയെ വാത്സല്യപൂർവ്വം ലാളനംചെയ്യുകയുണ്ടായി. പ്രസിദ്ധമഹാകവിയായിരുന്ന "ഇരയിമ്മൻതമ്പി" അവർകളുടെ സീമന്തപുത്രിയും വിദുഷിയും ജാത്യന്ധയുമായ ആ അമ്മയുടെ ലാളനം ലഭിക്കുന്നതിനു സംഗതിയായ മനോരമയുടെ സുകൃതപരീപാകം പ്രലോഭനീയംതന്നെ.

"ഗണാധിപതയേനമഃ" എന്നുള്ള കുഞ്ഞിക്കുട്ടൻതമ്പുരാൻെറ ഒരു സമസ്യ

"കുഞ്ഞിക്കുട്ടൻതമ്പുരാനേ!
മഞ്ജുവാദ!മഹാകവേ!
അസ്തുതുഭ്യം വിഭോ! വിദ്വൽ
ഗണാധിപതയേ നമഃ"

എന്നാണന്നു കവനചതുരനായ വിലപട്ടം പൂരിപ്പിച്ചതു്.

"൦൦൦൦൦൦൦൦"ഇങ്ങനെ ശൂന്യാക്ഷരങ്ങളെ സൂചിപ്പിക്കുന്ന എട്ടു പൂജ്യങ്ങളോടുകൂടി ഒരു പാദസമസ്യ മനോരമയിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ അവർകൾ ചേർത്തിരുന്നതു് പ്രസാധകൻതന്നെ പൂരിപ്പിച്ചതു്

"അന്നുവൈക്കത്തുനിന്നിട്ടു്
പോന്നനാൾ കോട്ടയംവരെ
വന്ന കാററും മഴകളും
നിന്നു നന്ന നനഞ്ഞു ഞാൻ" എന്നായിരുന്നു.

ഇതെല്ലാം കവികിശോരന്മാരുടെ അന്നത്തെ ബാലപാഠമാലകളായിരുന്നു. അങ്ങനെ പ്രൗഢന്മാരായിത്തീൎന്ന ഭാഷാകവികളാരും മനോരമ ചെയ്ത ഈ ഉപകാരാതിശയം വിസ്മരിച്ചുകാണുകയില്ലെന്നു വിശ്വസിക്കാം.

ആയിടയ്ക്കു് അരിപ്പാട്ടു കച്ചേരിയുടെ തിണ്ണയിൽ ഈഴവരെ പ്രവേശിപ്പിക്കുന്നില്ല എന്നും മഴക്കാലങ്ങളിൽ ഈഴവർ വളരെ കുഴങ്ങുന്നു എന്നും അരിപ്പാട്ടുനിന്നു് ഒരീഴവമാന്യൻ മനോരമയിൽ ലേഖനം അയച്ചിരുന്നു.

"നിന്നു നന്ന നനഞ്ഞു ഞാൻ"

"എന്നുള്ള സമസ്യകൂടി ലേഖനത്തിൻെറ ചുവട്ടിൽ ചേർക്കുന്നതു കൊള്ളാം" എന്നിങ്ങനെ പത്രാധിപർ ആ ലേഖനത്തിൽ സൂചന കൊടുത്തിരുന്നു. ലേഖകൻ ഒരു കവികൂടിയായിരുന്നതിനാലാണു് പത്രാധിപർ അവിടെ ഈ സാരസ്യം പ്രയോഗിച്ചതു്.

നമ്മുടെ മഹാകവികളായ ശ്രീമാന്മാർ ഉള്ളൂർ, വള്ളത്തോൾ, ആശാൻ എന്നിവരെല്ലാം അക്കാലത്തു ഗുരുകുലക്ലിഷ്ടന്മാരായിരുന്നതിനാൽ മനോരമയിലെ കവിതാപംക്തിയിൽ കടന്നു കളിക്കാൻ സൗകര്യം ലഭിച്ചിട്ടുള്ളവരല്ല എങ്കിലും അവർ അന്നത്തെ കവനകലാപങ്ങൾ കണ്ടുകൊണ്ടു ധാരാളം രസിച്ചിരുന്നു എന്നു അവരുടെ അനന്തര പ്രസംഗങ്ങളിൽനിന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിളഅവർകൾ രചിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള "ശ്രീയേശുവിജയം" എന്ന മഹാകാവ്യത്തിനുമഹാകവി ഉള്ളൂർ അവർകൾ എഴുതിയ സവിസ്തരവും ശ്രദ്ധേയവുമായ അവതാരികയിൽ താഴെയെഴുതുംപ്രകാരമുള്ള അഭിപ്രായശകലങ്ങൾ കാണുന്നു:—

"അന്നു മനോരമ, മലയാളി, സുജനാനന്ദിനി, കേരളസഞ്ചാരി, മുതലായ പത്രങ്ങളിൽ ഇടവിടാതെയുണ്ടായിരുന്ന കവികളുടെ നർമ്മസല്ലാപങ്ങളും ലീലാകലഹങ്ങളും ഇങ്ങിനിത്തിരിയെ വരാത്തവണ്ണം പൊയ്പ്പോയതുപോലെ തോന്നുന്നുണ്ടു്. അവ വായിക്കുവാൻ എന്നെപ്പോലെയുള്ള യുവാക്കൾക്കു് അക്കാലത്തു് എന്തു കൗതുകമായിരുന്നു. ഇന്നത്തെ ഒരു വർത്തമാനക്കടലാസിനു് ആ പ്രസ്ഥാനം പത്ഥ്യമായി തോന്നീട്ടില്ലെന്നുള്ളതു് അനുഭവസിദ്ധമാണല്ലോ. ഇന്നു് കാവ്യാലാ

പവിനോദത്തിനു് പത്രാധിപന്മാക്കും വായനക്കാക്കും തെല്ലും സൗകൎയ്യമില്ല. രാഷ്ട്രീയവും സാമുദായികവുമായുള്ള കാൎയ്യങ്ങളിലേ അവർക്കഭിരുചിയുള്ളൂ. നോക്കണേ കാലംപോയപോക്കു്. "പൃഥിവീഗതയൗവ്വനാ"എന്നുള്ള വ്യാസവാക്യം ഭാഷാസാഹിത്യവിഷയത്തിൽ പററിയതാണെന്നുതന്നെ പറയണം. വെറുതേയല്ല യോഗ്യന്മാരായ യുവകവികളുടെ സംഖ്യ (തിരുവിതാംകൂറിൽ പ്രത്യേകിച്ചും) നാൾചെല്ലുന്തോറും കുറഞ്ഞുവരുന്നതു്......"

ആ അവതാരികയിൽ മറെറാരു ഭാഗത്തു ഇങ്ങനെയും പറയുന്നു:

"ഇന്നത്തെ കവികളിൽ പലക്കും ഉപദേഷ്ടാവും പ്രോത്സാഹകനുമായിരുന്ന മനോരമപത്രാധിപർ സാക്ഷാൽ കണ്ടത്തിൽ വറുഗീസുമാപ്പിളഅവർകൾതന്നെയാണു് കട്ടക്കയത്തേയും പ്രകടമായി രംഗപ്രവേശം ചെയ്യിച്ചതു്."

"അല്പജ്ഞനാകുമിവനും കവിവേഷമേന്തി
ക്കെല്പേന്നാസൽക്കവികൾതന്നിടയിൽകടന്നു
അപ്പപ്പൊഴായു്ചില മഹാവികൃതിത്തമേതാ
ണ്ടൊപ്പിച്ചതും സുമതിനിൻപതിമൂലമത്രേ"

എന്നിങ്ങനെ ഒരു പദ്യം ചെറിയാൻമാപ്പിളഅവർകൾ വറുഗീസുമാപ്പിള അവർകളുടെ ചരമഘട്ടത്തിൽ മനോരമാഭിമുഖമായി പറഞ്ഞിട്ടുള്ളതു് ഉള്ളൂർ അവർകളുടെ അഭിപ്രായത്തെ പ്രകടീഭവിപ്പിക്കയാണുചെയ്യുന്നതു്.

"തേർത്തട്ടിൽ ചീൎത്തമോദാലരുളിയഭഗവാ-
നാൎത്തിതീൎത്തീടണം മേ"

എന്നൊരു സമസ്യ അക്കാലത്തു മനോരമയിൽ ചേൎത്തിരുന്നതു് പല ഭാഷാകവികളും പൂരിപ്പിച്ചിട്ടുണ്ടായിരുന്നു. എങ്കിലും"......തവയന്നാവുണ്ടാനെന്നുകേറിത്തേർത്തട്ടിൽ ചീൎത്തമോദാ......"എന്നിങ്ങനെ ശ്രീകൃഷ്ണപരമായിട്ടു അവസാനിക്കുന്നവിധം "കട്ടക്കയം" എഴുതിയിരുന്ന പൂരണമാണു് അന്നു് അതുകളിൽ പ്രാഥമ്യത്തെ അർഹിച്ചുകണ്ടതു്. ആ സമസ്യാപൂരണപദ്യത്തിന്റെ അടിയിൽ "ഈ പ്രാൎത്ഥന കവിയുടെ മനപ്പൂൎവ്വംതന്നെയോ" എന്നു പത്രാധിപർ ചോദിക്കയുണ്ടായി. അതിന്റെ അടുത്ത ലക്കം പത്രത്തിൽ "കട്ടക്കയത്തിനുമതം തലമാറിമയന്നോ?" എന്നു് നടുവത്തു മഹൻനമ്പൂരിഅവർകളും ചോദിക്കയുണ്ടായി. അതിനു മിതഭാഷിയായ കട്ടക്കയം കൊടുത്ത മറുപടി താഴെപറയുംപ്രകാരമത്രേ:

"നടുവത്തുമഹൻമഹീസുതൻതാൻ
വടിവേറുന്നധിപോക്തിയേക്കവിഞ്ഞു്
വിട്ടസൂചനചെയ്യതോത്തുകണ്ടാൽ
കടൽതന്നിൽ പൊഴിയുംമഴക്കുതുല്യം"

ക്രൈസ്തവനായ കവി ഹൈന്ദസമ്പ്രദായത്തിൽ പ്രാർത്ഥിച്ചതു് "നിരംകുശാഃകവയ" എന്നുള്ള കവിന്യായത്തെ അവലംബിച്ചിട്ടോ, യദാ ഹൃദയപൂർവ്വമായിട്ടുതന്നെയോ എന്നുമാത്രമേ സാഹിത്യമർമ്മജ്ഞനായ പത്രാധിപരുടെ ആ സൂചനയ്ക്കർത്ഥമുണ്ടായിരുന്നുള്ളു. മതഭ്രാന്തിയേ അടിസ്ഥാനമാക്കിയ മർക്കടമുഷ്ടി കവിന്യായത്തേയും കവിസ്വാതന്ത്ര്യത്തേയും നിരോധിക്കത്തക്കവണ്ണം സാഹിത്യരംഗത്തിൽ വലിച്ചിടുന്നതു് നല്ലതല്ല. ഭാവിഗ്രന്ഥങ്ങളെ ഗളഗ്രഹണം ചെയ്തു ഭാഷയെ ശോഷിപ്പിക്കുന്ന ഒരു ദുസ്സാഹസ പ്രവൃത്തിയാണെന്നു് "ഭാഷാപോഷിണി"യുടെ ജനയിതാവായ വറുഗീസുമാപ്പിള അവർകൾ ബാല്യാദാരഭ്യമനസ്സിലാക്കിവച്ചിട്ടുണ്ടായിരുന്നു.

അകാല ദേഹവിയോഗംചെയ്ത നിമിഷകവിയായ തിരുവനന്തപുരം പി. കെ. കൃഷ്ണൻവൈദ്യൻ അവർകൾ രചിച്ച സുഭദ്രാഹരണം ഭാഷാനാടകത്തിൻെറ രംഗപ്രവേശം 1067-ാം മാണ്ടിടയ്ക്കു് പേട്ടയിൽ "പുത്തൻകോവിൽ" എന്ന ക്ഷേത്രസ്ഥലത്തുവെച്ചു് നടത്തുകയുണ്ടായി. സുകണ്ഠനായ ഗ്രന്ഥകർത്താവുതന്നെയാണു് സൂത്രധാരൻെറ ഭാഗം വഹിച്ചിരുന്നതു്. രസികനായ ഒരു വിദൂഷകനും ആ സൂത്രധാരകനും തമ്മിൽ നാടകരംഗത്തിൽ താഴെവിവരിക്കുന്ന പ്രകാരം ഒരു സംഭാഷണം നടക്കാനിടയായി:—

വിദൂഷകൻ:- സർ, അങ്ങു് ഒരു നിമിഷകവിയാണു്. അങ്ങേ പ്രിയദർശകനായ ഈ ഇരിക്കുന്ന പേട്ടയിൽ രാമൻപിള്ള ആശാൻ അവർകളേ ഉദ്ദേശിച്ചു് ഒരു പദ്യം ഇപ്പോൾ ചൊല്ലികേട്ടാൽകൊള്ളാം

സൂത്രധാരൻ:-(അല്പംആലോചിച്ചു് ഇങ്ങനെ ചൊല്ലി.)

"പാരംസന്തോഷമാർന്നിട്ടരിയതിൽ "ഹരി"യെ-
 ന്നാദ്യമീണങ്ങളേക്കൊ-
ണ്ടോരോരോകൗശലത്താലവികലമെഴുതി-
 ച്ചാശുവാസിപ്പിച്ചുപിന്നെ
നേരേശാസ്ത്രാർത്ഥസാരംനിമിഷമവരവ-
 ക്കൊത്തവണ്ണം പഠിപ്പി-
ച്ചോരീരാമാഖ്യനാമെൻ ഗുരുവരനെയിതാ
 കൈയ്യോടെ കൈതൊഴുന്നേൻ.,

വിദൂ:-പോരാ പുത്തൻകോവിൽ ഭദ്രയെക്കുറിച്ചും ഒരു പദ്യം ചൊല്ലികേൾക്കണം.

സൂത്ര:-

"ഹുംകാരത്തോടടുത്തീടിനശഠമതിയാം
 ദാരുകൻതൻെറവക്ഷ-
സ്സിങ്കൽശ്ശൂലംചെലുത്തിച്ചുടുചുടനിണമ-
 മ്പീട്ടവാൻതുമ്പുവച്ചു
തൻകയ്യാൽതച്ചരക്തപ്പടകളെയഖിലം

കൊന്നഘോരാട്ടഹാസം
വൻ കോപാൽചെയ്തഭദ്രേ നവനിലയനിവാ-
സേ നമുക്കാശ്രയംനീ''

വിദൂ:-ദിവ്യശ്രീ നിധിയിരിക്കൽ മാണി കത്തനാരവർകൾ മുതലായ ക്രിസ്തീയ മഹാന്മാർ രംഗത്തിൻെറ ഒരുഭാഗത്തു (അവർ ഒരു ഭാഗത്തു തിരോഹിതന്മാരായിരിക്കുന്നുണ്ടായിരുന്നു) ഇരിക്കുന്നതിനാൽ അവർക്കു മംഗളമാശംസിക്കുന്ന ഒരു പദ്യംകൂടി ചൊല്ലികേൾക്കണം.

സൂത്ര:-(ക്ഷണനേരമാലോചിട്ടു സദസ്യരേ അപഹൃതമനോവൃത്തികളാക്കത്തക്കവണ്ണം മധുരസ്വരത്തിൽ ഇങ്ങനെചൊല്ലി)

''ആദാമാദൌചമച്ചോരതികഠിനമതാം
പാപമിക്കണ്ട നമ്മേ
ബാധിപ്പൂബാധപോലായതിനെയറുതിചെ-
യ്തീട്ടുവാൻ പെയ്തമോദാൽ
മാതാവായീട്ടമമ്മ മറിയയിലവതാ-
രം പൊലിഞ്ഞുള്ളൊരസ്മ
ന്നേതാവാം യേശുദേവൻ പരിചിനൊടീവരേ
പ്പാർത്തു പാലിച്ചിടട്ടെ!''

ഒരു ഹൈന്ദവക്ഷേത്ര പുരോഭാഗത്തിൽവച്ചു് ഒരു ഹൈന്ദവ കഥാനാടകം അഭിനയിക്കവേ സൂത്രധാരത്വം എട്ടത്തിരുന്ന ഹൈന്ദവനായ കവി ഗുരുവിനേയും, സ്വദേവതയേയും ഭക്തിപൂർവ്വം പ്രാർത്ഥിച്ചതോടുകൂടി ഭഗവാൻ ക്രിസ്തുവിനേയും ഭക്തിപുരസ്സരം പ്രാർത്ഥിച്ചുകേട്ടപ്പോൾ സകല ഹൈന്ദവസദസ്യന്മാരും ആ പ്രാർത്ഥനയേ ഹസ്തതാഡനംകൊണ്ടു സവിശേഷം അഭിനന്ദിച്ചതല്ലാതെ കവിക്കു മതഭ്രംശം കല്പിച്ചതായിട്ടൊന്നും അന്നു കേട്ടില്ല.

''കീലാലം വര ഗോസ്തനീരസതയേ പ്രാപിച്ചുഗംഭീരമാ
കീലാലാശയമാശു ഗമ്യ മതുഭൂവായിബഭവിച്ചുപരം
മാലററന്ധനുദ്ദക്കു്കിട്ടി ദൃഢമായച്ഛക്തിയാലജ്ജഗൽ
പാലൻ കന്യകപെററദിവ്യതനയൻ
നൽകട്ടെവാർ മംഗളം.
നൈഷ്ഠുര്യ്യംചേൎന്നമുള്ളിൻ മുടിമുടിയിൽ
ദുരാത്മാക്കൾബന്ധിച്ചപോതും
നിഷ്പൂതിക്കുള്ളശേഷം കഴവവർഗിരി
മേലേക്കേറ്റപ്പിച്ചപോതും
കഷ്ടം ക്രൂശിൽതറച്ചപ്പൊഴമവരുടെ
ഭവ്യാൎത്ഥനംചെയ്തദേവൻ
ഖ്റീഷ്ടൻ വൈവാഹികം മംഗളമിഹ
മിഥുനത്തിന്നുനൽകട്ടെ നിത്യം

ഇത്യാദി മംഗളാശംസകൾ ഞാൻ പലപ്പോഴും ചെയ്തിട്ടുണ്ട്. എന്നാൽ സവർണ്ണഹിന്ദുക്കളിലും അവർണ്ണഹിന്ദുക്കളിലുമുള്ള ആരുംതന്നെ എന്നെ മതഭ്രഷ്ടനാക്കീട്ടില്ല.

ഹിന്ദുമതം സ്വീകരിക്കാത്ത മററു സകലമതസ്ഥരേയും ഹിന്ദുമതസ്ഥരേയും ഹിന്ദുക്കൾ പാഷാണ്ഡന്മാരെന്നും ബൗദ്ധന്മാരെന്നും വിളിച്ചുവരുന്നതുപോലെ ക്രിസ്തുമതം സ്വീകരിക്കാത്ത സകലരേയും ക്രിസ്ത്യർ "പുറജാതിക്കാർ" എന്നു വിളിച്ചുവരുന്നതും നമ്മുടെനാട്ടിൽ നടപ്പുള്ള ഒരു സംഗതിയാണ്.

ബുദ്ധമതം വിശ്വസിക്കുന്നവരാണ് ബൗദ്ധന്മാർ. ബൗദ്ധന്മാരെ നാസ്തികന്മാർ എന്നുകൂടി ഹിന്ദുക്കൾ പറയാറുണ്ട്. മുഹമ്മദീയർക്കും ക്രൈസ്തവർക്കുംകൂടി ബൗദ്ധപര്യായം പുച്ഛരസദ്യോതകമായിട്ട് ഹിന്ദുക്കൾ കൊടുക്കാറുണ്ട്. പണ്ഡിത പരിശോഭിതമായ പന്തളത്തു കൊട്ടാരത്തിലെ വിദ്വാനായ ഒരു തമ്പുരാൻ സ്ഥലത്തുണ്ടായിരുന്ന ഒരു ക്രൈസ്തവമല്ലനെപ്പററി പദ്യരൂപേണ ഒരു പരാതി ചെങ്ങന്നൂർ തഹശീദാരായിരുന്ന എം. സി. നാരായണപിള്ള ബി. എ. അവർകളുടെ പേക്കു അയച്ചുകൊടുത്തതിൽ ഒരു പദ്യഖണ്ഡം ഇപ്രകാരം കാണുന്നു.

'ഉണ്ടിങ്ങു പന്തളമതാം ദിശിബൗദ്ധനേകൻ
പണ്ടേകചക്രവിഷയേ ബകനെന്നപോലെ"

ഇങ്ങനെയാണ് ആ പദ്യഖണ്ഡം. ഹിന്ദുക്കൾ ബുദ്ധമതത്തെ എത്രമാത്രം അനാദരിച്ചുവന്നിരുന്നു എന്നുള്ളതിനു,

"ബൗദ്ധനേസ്സേവിച്ചു ജീവിക്കയേക്കാൾ
മൂർദ്ധാൻവലിച്ചുമരിക്കതന്നേഗുണം"

എന്നുള്ള മഹാകവി കുഞ്ചൻനമ്പ്യാരുടെ പ്രയോഗത്താലും,

"ബൗദ്ധനാരീസുതോസിത്വം
ഗച്ഛഗച്ഛാതിദൂരതഃ" എന്നിങ്ങനെ ബൗദ്ധാഭിമുഖ്യമായി ഭാർഗ്ഗവരാമൻ അനുശാസിക്കുന്നപ്രകാരമുള്ള "കേരളമാഹാത്മ്യം" ഗ്രന്ഥവാക്യത്താലും പ്രസ്പഷ്ടമാണ്.

ബൗദ്ധന്മാർ അനാത്മവാദികളാണെന്നു്

"സർവ്വകാര്യശരീരേഷു
മുക്താംഗസ്കന്ധപഞ്ചകം
സൗഗതാനാമിവാത്മാന്യോ
നാസ്തിമന്ത്രോമഹീഭൃതാം" എന്നുള്ള പദ്യത്താൽ മാഘമഹാകവിയും നിർവ്വചിച്ചിരിക്കുന്നു.

ഞാൻ അമരകോശവും അഷ്ടാംഗഹൃദയവും പഠിച്ചിരുന്നകാലത്തു ഏകാദശിനാളിൽ ആ രണ്ടു ഗ്രന്ഥവും പഠിച്ചുകൂടാ എന്നു ഗുരുനാഥൻ നിരോധനാജ്ഞ നൽകിയിരുന്ന കഥ ഞാനോർക്കുന്നു. ആ ഗ്രന്ഥങ്ങൾ രണ്ടും പാഠ്ങ്ങളും വിഭജ്ഞയങ്ങളുമാണെന്നിരുന്നാ[illegible] ബൗദ്ധന്മാർ

(ബുദ്ധമതസ്ഥന്മാർ) നിർമ്മിച്ച പുസ്തകങ്ങളാകയാൽ ഹിന്ദുക്കളുടെ പുണ്യദിനമായ ഏകാദശിനാൾ ആ ഗ്രന്ഥസ്പർശനത്താൽ അയിത്തംബാധിക്കാതിരിക്കാൻ പൂർവ്വഹിന്ദുക്കൾ നിർദ്ദേശിച്ചുവച്ചിരുന്ന ഒരു പരമ്പരാചാരമാണിതെന്നു് ഊഹിക്കുന്നതിനു് ധാരാളം വകയുണ്ടു്.

സാമ്പത്തികാവസ്ഥ, സംഖ്യാബാഹുല്യം, വിദ്യാഭ്യാസപൗഷ്കല്യം, എന്നീ രംഗങ്ങളിൽ ഈഴവരേക്കാൾ വളരെ പിന്നോക്കംനിൽക്കുന്നവരും ഈഴവർ കൂടിയും പണ്ടേ അസ്പൃശ്യന്മാരായിരുന്നവരുമായ കണിശന്മാർ, പാണന്മാർ, വേലന്മാർ, പുള്ളുവന്മാർ തച്ചന്മാർ, കാക്കാലന്മാർ, മുതലായവർ ഹിന്ദുക്ഷേത്രങ്ങളുടെ പരിസരമാർഗ്ഗങ്ങളിൽ സ്വച്ഛന്ദസഞ്ചാരം അനുവദിക്കപ്പെട്ടിരുന്നിട്ടും ഈഴവർ ആ വഴിയേ സഞ്ചരിക്കാൻ ഹിന്ദുവൈദികന്മാർ അനുമതി നൽകാതെയിരുന്നതു് അവർ ഒരുകാലത്തു് ബുദ്ധമതാവലംബികളായിരുന്നിട്ടുള്ള ഏകകാരണംകൊണ്ടുമാത്രമായിരുന്നു എന്നനുമാനിക്കുന്നതിനു് അല്പമാത്ര ചിന്തകന്മാർക്കും പ്രയാസമില്ലാത്ത ഒരു സംഗതിയാകുന്നു.

ഒരു തികഞ്ഞ ഹിന്ദുവും മഹാപണ്ഡിതനുമായിരുന്ന വന്ദ്യശ്രീ മേല്പത്തൂർ നാരായണഭട്ടതിരി അവർകൾ വിരചിച്ചിട്ടുള്ളതുംഹിന്ദുക്കൾ സഭക്തിപ്രസരം പാരായണം ചെയ്തുകൊണ്ടിരിക്കുന്നതുമായ "ഭക്തിസംവർദ്ധനശതകം" എന്ന വിശിഷ്ട ഗ്രന്ഥത്തിൽ താഴെക്കാണുന്നപ്രകാരം കവി, ബുദ്ധദേവനെ ആരാധിച്ചുകാണുന്നു:—

"ഭർഗ്ഗേഭക്തം ത്രിതയപഥേ വർത്തമാനംപുരാണാം
വാചോയുക്ത്യാ പരിണതമഹാദ്വേഷമാപാദയന്തം
ധർമ്മസ്ഥിത്യൈപ്രഥിതചരിതം ബുദ്ധസംജ്ഞംമുനീന്ദ്രം
മായാദേവീസുതമയി! ഹരേ! മായിനം ഭാവയേത്വാം"

പരിപക്വഹൃദയന്മാരായ സാഹിത്യവിദഗ്ദ്ധന്മാർ മതഭ്രാന്തിസങ്കലിതമായ മർക്കടമുഷ്ടിന്യായത്തെ തെല്ലും പരിഗണിച്ചിട്ടില്ല എന്നു പലേടത്തു കാണാം. മഹാകവി വള്ളത്തോളിൻെറ "മഗ്ദലനമറിയം" എന്ന മനോഹരമായ ഖണ്ഡകവനം വായിച്ചാൽക്രിസ്തുദേവനെ തൻെറ ഒരു ആരാധ്യമൂർത്തിയായിട്ടാണു് കവി വർണ്ണിച്ചിരിക്കുന്നതെന്നു് കണ്ണുള്ളവർക്കു കാണാനും കാതുള്ളവർക്കു കേൾക്കാനും മസ്തിഷ്കമുള്ളവർക്കു ചിന്തിക്കാനും കഴിയും.

ആ മഹാകവിയെ നിരൂപണവിദഗ്ദ്ധന്മാർ ഭഗ്നാശനാക്കാതെ അടങ്ങിയിരുന്നു എങ്കിൽ വീണ്ടും അദ്ദേഹത്തിൽനിന്നും മഹാകവി ഉള്ളൂരവർകളിൽനിന്നും ക്രൈസ്തവകഥാപ്രതിപാദകങ്ങളായപല നല്ല കാവ്യങ്ങൾ കൈരളീകണ്ഠാഭരണങ്ങളായിട്ടു സംഭവിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാമായിരുന്നു. "ക്രിസ്തുവിൻെറ ചിന്തകൾ" എന്നൊരു പുസ്തകം താൻ ഉടനേ എഴുതുന്നതാണെന്നു മഹാകവി കുമാരനാശാൻ ചരമഘട്ടത്തിനു് ഏതാണ്ടു മുമ്പു് എന്നോടു പറഞ്ഞിരുന്ന കാര്യവും ഈ അവസരത്തിൽ സ്മരണീയംതന്നെ. വറുഗീസുമാപ്പിള അവർകൾക്കു്

ആഭ്യന്തരമായ മതമർക്കടമുഷ്ടി ഉണ്ടായിരുന്നില്ല എന്നു് അദ്ദേഹത്തിന്റെ "യദുകുലനാഥവം" എന്ന കഥകളിപ്പാട്ടിനെപ്പററി പ്രസ്താവിച്ച സന്ദർഭത്തിൽ ഞാൻ കാരണസഹിതം പ്രസ്പഷ്ടമാക്കീട്ടുണ്ടു്............

കഴിഞ്ഞമാസം ഒടുവിൽ ഞാൻ തിരുവനന്തപുരത്തുവെച്ചു് സി. എൻ. എ. രാമയ്യാശാസ്ത്രി എം. എ. അവർകളെ കാണുകയുണ്ടായി. "മനോരമയിലെ സ്മരണകൾ ഞാൻ വായിക്കുന്നുണ്ടു്. നിങ്ങളുടെ ഓർമ്മശക്തി അഭിനന്ദനീയംതന്നെ" എന്നും മററും സംഭാഷണമദ്ധ്യേ എന്നോടദ്ദേഹം പറഞ്ഞു. തങ്കച്ചി അവർകളുടെ നയനവൈകല്യത്തെപ്പററി ഞാൻ അദ്ദേഹത്തോടു ചോദിച്ചു. "ആ മഹതിക്കു് ഒടുവിൽ കണ്ണിനു കാഴ്ചയില്ലാതെവന്നു; ജാത്യന്ധയായിരുന്നില്ല" എന്നാണദ്ദേഹം എന്നോടു പറഞ്ഞതു്. കണ്ണിനു കാഴ്ചയില്ലാതെയിരുന്ന കാലത്തു് ആ മാതാമഹിയെ കണ്ടിട്ടുള്ള ഒരു യുവസ്നേഹിതൻ എന്നെ അപ്രകാരം ധരിപ്പിക്കുകയും ഞാനങ്ങനെ ധരിക്കുകയും മാത്രമേ ചെയ്തിട്ടുള്ളു.

ആ അമ്മയുടെ സഹൃദയാനന്ദകരമായ കിരാതം കുറത്തിപ്പാട്ടു് ഞാൻ ബാല്യത്തിൽ കാണാപ്പാഠമായി പഠിച്ചിട്ടുണ്ടു്.

"കറുത്തകുക്കരത്തലവന്മാരുടെ
കഴുത്തിൽ ചങ്ങലപൂട്ടി
കരത്തിലങ്ങുടൻ പിടിച്ചുവേടന്മാർ
തരത്തിലങ്ങുനടന്നു."

എന്നും മററും അതിലുള്ള ശീലുകൾ അദ്യാപി എനിക്കു കണ്ഠസ്ഥങ്ങളാണു്. എന്നെ അതിമാത്രം ആകർഷിച്ച ആ കവിതയെ അനുകരിച്ചു "സുന്ദോപസുന്ദചരിതം" എന്നൊരു കുറത്തിപ്പാട്ടു് ഞാൻ അക്കാലത്തെഴുതിയതു് കിരാതം കുറത്തിപ്പാട്ടിന്റെ സമീപഗമനത്തിനുകൂടി കൊള്ളില്ലെന്നു കണ്ടിട്ടു് ഞാൻ ആ കവിത മറച്ചുകളകയാണു ചെയ്തതു്.

"ഇന്നത്തെ സാഹിത്യപ്രസ്ഥാതാക്കളുടെ ഒരു മാർഗ്ഗസന്ദർശകനായിരുന്ന സാഹിത്യശ്രീ വറുഗീസുമാപ്പിള അവർകളുടെ സ്മരണകളിൽ ഏതാണ്ടൊരംശം എന്റെ ദുഷ്ടബുദ്ധിയുടെ അടിത്തട്ടിൽ അന്തർദ്ധാനം ചെയ്തുകിടന്നതിനെയാണു് ഞാൻ മനോരമാപംക്തിയിൽ യഥാമതി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നതു്. അതുകളിൽ പരമാണുപ്രമാണങ്ങളായ പല പ്രമാദങ്ങൾ സംഭവിച്ചേക്കാം. അവയെ പവ്വതീകരിച്ചു് മറഞ്ഞിരുന്നു എന്നെ പരിഹസിക്കാൻ പണ്ഡിതലോകം പുറപ്പെടുകയില്ലെന്നു വിശ്വസിക്കട്ടെ ...."

ഞാൻ കഴിഞ്ഞമാസം 19-ാംതീയതിമുതൽ 25-ാംതീയതിവരെ കല്ക്കുളം, കുഴിത്തുറ, തിരുവട്ടാർ, തോവാള, നാഗർകോവിൽ എന്നീ പ്രദേശങ്ങളിൽ ഇറിഗേഷൻകമ്മീററിപ്രമാണിച്ചു് സഞ്ചരിച്ചുകൊണ്ടിരുന്നു. ദ്രാവിഡഭാഷാ സങ്കീർണ്ണമായ ആ കിഴക്കൻ പ്രദേശങ്ങളിലും യശശ്ശരീരനായ വറുഗീസുമാപ്പിളഅവർകളുടെ മലയാളഭാഷാ വ്യവസായ പരിമളം ഇപ്പോഴും ചുററിയടിക്കുന്നതായിട്ടു കണ്ടു.

19-ാംതീയതി കല്ക്കുളംതാലൂക്കിലുള്ള "കരിങ്കൽ" മുസാവരിയിൽ വെച്ചായിരുന്നു കമ്മിററിയുടെ ജോലി നിർവ്വഹിച്ചതു്. 5 മണിവരെ പൗരന്മാരെ വിസ്തരിച്ചുകഴിഞ്ഞശേഷം ഞാനൊഴികെയുള്ള മററു മെമ്പർമാർ ചില കുളങ്ങൾ സന്ദർശിക്കുന്നതിനും പര്യടനം ചെയ്യുന്നതിനുമായി പുറത്തേയ്ക്കുപോയി. ടി. ബി-യുടെ പടിഞ്ഞാറെ വരാന്തയിൽ ഒരു ചാരുകസേരയിൽ കിടന്നുകൊണ്ടു് ഞാൻ ഒരു തങ്കപ്പട്ടത്തിന്റെ ആകൃതിയിൽ കണ്ണഞ്ചിക്കുന്ന ആ അസ്തമയസൂര്യന്റെ പരിണാമഭംഗിയെ സൂക്ഷിച്ചുനോക്കുമ്പോൾ ചില ചിന്താപരമ്പരകൾ എന്റെ ഹൃദയത്തിൽ ഓരോന്നോരോന്നായിട്ടു് സ്ഥലംപിടിക്കാൻ തുടങ്ങി. ഏതാണ്ടു് ഒന്നരമൈൽ ചുററളവിൽ കിണറുകളിൽനിന്നോ കുളങ്ങളിൽനിന്നോ തുള്ളി വെള്ളംകിട്ടാൻ തീരെ നിവൃത്തിയില്ലാത്തതും പാഷാണമയങ്ങളായ പർവ്വതപംക്തികളാൽ പരിവൃതവുമായ ഈ സ്ഥലത്തിനു "കരിങ്കൽ" എന്ന ദേശസംജ്ഞ ഏററവും അന്വർത്ഥമാണെന്നും, അമ്പതടിവരെ കുഴിച്ചിട്ടും വെള്ളം കിട്ടുന്നില്ല എന്നു പറയപ്പെടുന്ന ഈ സ്ഥലത്തു് ഇടതൂർന്നു നില്ക്കുന്നവയും ഏതാണ്ടു് അൻപതടിയോളം ഉയർച്ചയുള്ളവയുമായ താലവൃക്ഷങ്ങളിൽ തളപ്പിട്ടുകയറി രുച്യതരമായ "അക്കാനി" എന്ന മധുരപാനീയം എടുത്തുകൊണ്ടുവരുന്ന നാടാർ യുവാക്കന്മാരുടെ പരിശ്രമശൈലി അഭിനന്ദനീയമാണെന്നും, ഈ അക്കാനിയുടെ വിപാകരൂപാന്തരമാണു് ചക്കര, പനംകല്ക്കണ്ടു് എന്നീ വിശിഷ്ട സാധനങ്ങൾ എന്നും "അക്കം" എന്ന സംസ്കൃതപദം അരക്കായി, റാക്കായി, അക്കാനിയായി മാറിയതായിരിക്കാമെന്നും, ഇപ്പോഴത്തെ "മധുവർജ്ജനശ്രമം അത്യന്തം പ്രലോഭനീയമായ ഈ അനർഘവ്യവസായത്തെക്കൂടി നാട്ടുകടത്താനാണെങ്കിൽ ആ ഉദ്യമം ആശാസ്യമായിരിക്കുന്നില്ല എന്നും, "ഘൂർണ്ണയൻ മദിരാസ്വാദ മദപാടലിതദ്യുതീ രേവതീവദനോച്ഛിഷ്ട പരിപൂതപുടേ ദൃശൗ" എന്നിപ്രകാരം മാഘമഹാകവിയാൽ വർണ്ണിക്കപ്പെട്ട വൈഷ്ണവമൂർത്തിയായ ബലഭദ്രസ്വാമി പതിവായി അമൃതേത്തുകഴിച്ചിരുന്നതിനാൽ ഈ അക്കാനിക്കു് "ഹലിപ്രിയ" എന്നൊരു പര്യായശബ്ദംകൂടി ലഭിച്ചതാണെന്നും "ഗന്ധോത്തമ"യും "പ്രസന്ന"യുമായ അക്കാനി ആസ്വദിച്ചിട്ടുണ്ടായ സൗഹിത്യത്താൽ തന്റെ കൊടിമരമെന്നു മാത്രമല്ല തന്റെ സകല മുദ്രകളും താലാകൃതിയിലാക്കീട്ടു ആ സ്വാമികൾ "താലാംകൻ" എന്ന സ്ഥാനപ്പേരു സമ്പാദിച്ചതായിരിക്കണമെന്നും മററും ചിന്തിക്കവേ ടി. ബി-യുടെ കിഴക്കേ വരാന്തയിൽകൂടെ നടുവിലത്തെ മുറികടന്നു് പടിഞ്ഞാറേവാതലിൽ ഒരു ആൾ വന്നുനിന്നിട്ടു് എന്നെ അഭിമുഖീകരിച്ചു് മന്ദഹാസം തൂകി. ആൾ കറുത്തനിറം, നീളംകുറഞ്ഞ ശരീരം, വാർദ്ധക്യസൗധത്തിന്റെ കല്പടിയിൽ ചവിട്ടിക്കഴിഞ്ഞെങ്കിലും ഒരു യുവാവിന്റെ എന്നപോലെ പ്രസന്നമായ മുഖം, കറുത്തകോട്ടും കസവുതലപ്പാവും ധരിച്ചിട്ടുണ്ടു്. ഞങ്ങൾ അദൃഷ്ടപൂർവ്വന്മാരാണെങ്കിലും അദ്ദേഹം എന്റെമേൽ ദീർഘപരിചിതത്വം പ്രദർശിപ്പിച്ചുകാൺകയാൽ അദ്ദേഹത്തെ ആസനസ്ഥ

നാക്കിയശേഷം "എനിക്കു മനസ്സിലായില്ലല്ലോ" എന്നു ഞാൻ ചോദിക്കയും "ഞാൻ മനോരമയിലെ പണ്ടത്തെ 'ശോമ്പിയാണു്' എന്നു് അദ്ദേഹം എന്നോടു മറുപടി പറകയും ചെയ്യവേ "ശോമ്പി മി: കമുകറ കേശവക്കുറുപ്പായിരുന്നില്ലേ?" എന്നു വീണ്ടും ഞാൻ ചോദിച്ചതിനു് "അല്ല, മാധവൻപിള്ളയായിരുന്നു" എന്നദ്ദേഹം ആവർത്തിച്ചു പറഞ്ഞശേഷം അദ്ദേഹത്തിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും അദ്ദേഹം ഇപ്രകാരം എന്നെ കേൾപ്പിച്ചു:—"ചില പത്രങ്ങളിലും മാസികകളിലും കല്ലൂരും വാൾവച്ചവട്ടം മാധവൻപിള്ള ബി. എ. എന്നു പേരെഴുതിക്കാണുന്ന ആൾ ഞാനാണു്. പരേതനായ വറുഗീസുമാപ്പിള അവർകളാണു് എന്നെ ഗദ്യരചനയ്ക്കു പ്രോത്സാഹിപ്പിച്ചതു്. മനോരമയുടെ ആവിർഭാവകാലംമുതൽ ഞാൻ ആ പത്രത്തിലെ ഒരെഴുത്തുകാരനാണു്. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ പ്രോത്സാഹനം ലഭിക്കാതെയിരുന്നെങ്കിൽ ഒരു ഗദ്യകാരനായിട്ടു ഞാനൊരിക്കലും പുറത്തിറങ്ങാൻ സംഗതിവരില്ലായിരുന്നു. ഗദ്യരചനയ്ക്കു വറുഗീസുമാപ്പിള അവർകൾ എന്റെ ഉപദേഷ്ടാവായിരുന്നതുപോലെ പദ്യരചനയ്ക്കു തിരുവനന്തപുരം പി. കെ. കൃഷ്ണൻവൈദ്യൻ അവർകളും ആയിരുന്നു എന്റെ ഉപദേഷ്ടാവു്.

"മനോരമമുഖേനയും കൃഷ്ണൻവൈദ്യൻമുഖേനയും വളരെക്കാലമായിട്ടു നിങ്ങളെ ഞാൻ കേട്ടറിഞ്ഞിരുന്നു. ഇറിഗേഷൽകമ്മിററിമെമ്പറായിട്ടു നിങ്ങളും ഇവിടെ എത്തിയിട്ടുണ്ടെന്നു കച്ചേരിയിൽവെച്ചു കേട്ടറിഞ്ഞതിനാൽ ഞാൻ നേരെ ഇങ്ങോട്ടുവന്നതാണു്. ഞാൻ ഇപ്പോൾ ഒരു വക്കീലാണു്. വയസ്സു് 64 ആയിട്ടുണ്ടു്. വറുഗീസുമാപ്പിള അവർകളുടെ നിര്യാണശേഷം മലയാളമനോരമയുമായിട്ടുള്ള ബന്ധം ഞാൻ നിശ്ശേഷം വിട്ടിരിക്കയാണു്. മനോരമയിൽ കവിതയെഴുതാതെയിരുന്ന കൃഷ്ണൻവൈദ്യരെ മനോരമാപംക്തിയിൽ പ്രവേശിപ്പിച്ചതു് "ശോമ്പി"യായിരുന്നു എന്നു നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ."

"വറുഗീസുമാപ്പിള അവർകളെപ്പററി ഞാൻ എഴുതിവരുന്ന സ്മരണകൾ വായിക്കുന്നുണ്ടോ" എന്നു ഞാൻ അപ്പോൾ ചോദിച്ചു;—"അങ്ങിനെ എഴുതിവരുന്നുണ്ടോ? ആവൂ! അതെനിക്കു കാണാൻ കഴിഞ്ഞില്ലല്ലോ. ഇവിടങ്ങളിൽ മലയാളരാജ്യപത്രത്തിനാണു് പ്രചാരാധിക്യമുള്ളതു്. ഇവിടെ അടുത്തൊരു വായനശാലയിൽമാത്രമേ മനോരമയുള്ളൂ. കഴിഞ്ഞടത്തോളമുള്ള സ്മരണകൾ വായനശാലയിൽനിന്നുതേടിപ്പിടിച്ചു ഞാൻ വായിച്ചുകൊള്ളാം. മേലിൽ വരുന്നവയും ശ്രദ്ധാപൂർവ്വം വായിച്ചുകൊള്ളാം." എന്നും മററും തുടരെത്തുടരെ വളരെക്കാര്യങ്ങൾ ഞങ്ങൾ പരസ്പരം പറഞ്ഞുകഴിഞ്ഞശേഷം സായാഹ്നത്തിനു് സ്വാഗതം പറഞ്ഞു് ആ മാന്യൻ മടങ്ങിപ്പോയി. എന്റെ മാന്യസുഹൃത്തായ എ. സി. കുര്യാക്കോസു് അവർകളോടു് ഞാൻ പിന്നെ ഇക്കാര്യമെല്ലാം കേൾപ്പിച്ചു. അന്നത്തെ രാത്രി ഞങ്ങൾ സസുഖം നയിച്ചു.

അക്കാലത്തു് തിരുവിതാംകൂറിലെ ഈഴവരിൽ പാണ്ഡിത്യംകൊണ്ടും കവിത്വംകൊണ്ടും നല്ല പേരെടുത്തിട്ടുള്ള വെളുത്തേരി കേശവൻവൈദ്യനും, പി. കെ. കൃഷ്ണൻവൈദ്യനും മനോരമയിൽ കവിത അയയ്ക്കുന്നതല്ലെന്നു് സംഗതിവശാൽ ശാഠ്യംപിടിച്ചിരുന്നു. ആ സംഗതി സവിസ്തരം ഞാൻ പുറകേ പറയുന്നതാണു്. മനോരമാപംക്തിയിൽ അപ്പോൾ കടന്നുവന്നിട്ടില്ലാത്ത പല മാന്യകവികളേയും, പിരിഞ്ഞുപോയ പല വിശിഷ്ടകവികളേയും സൗഹാർദ്ദപൂർവ്വം ക്ഷണിക്കുന്നമാതിരിയിലായിരുന്നു "ശോമ്പി"യുടെ ലേഖനം.

"വെണ്മണിച്ചുവ" എന്നു പ്രസിദ്ധയായ കവിതാമാധുരിയെ സമ്പാദിച്ചിരിക്കുന്ന പി. കെ. കൃഷ്ണൻവൈദ്യൻ മനോരമയിൽ വരാതെ വൈമുഖ്യം കലർന്നിരിക്കുന്നതു് വലിയ കഷ്ടമാണു്" എന്നുള്ള ആ ലേഖനത്തിലെ ഒരു ഭാഗം രസികകവിയായ കൃഷ്ണൻവൈദ്യരെ "സദ്യഃപ്രതിഷ്ഠംഭവിമുക്തബാഷ്പ"വാക്കുകയും മനോരമസ്ഥായിട്ടു [താഴെക്കാണുന്ന നാലു പദ്യങ്ങളും സമസ്യയും പൂരണവും ഒരുമിച്ചു വൈദ്യൻ അയച്ചുകൊടുക്കുകയുമാണുണ്ടായതു്:—

"നിന്നെക്കൈവിട്ടുനില്ലും നിരുപമ
കവികൾക്കുള്ള കല്യാണവാണീ-
ക്കന്നൽച്ചാറാസ്വദിക്കാനഭിരുചി-
പെരുകിപ്പൊങ്ങിവിങ്ങിക്കുഴങ്ങി.
എന്നേപ്പററിപ്പറഞ്ഞീടിന പട്ടതിയൊഴി
ച്ചോമന "ശ്ശോമ്പി" ചൊല്ലീ-
ട്ടന്നോണംതന്നെയാണി ക്കവികുലനി
ലയെന്തുത്തമേ! സത്യമല്ലേ?
പിള്ളക്കാലത്തുനിന്നേ പ്രിയമൊട്ടുപരി
ലാളിച്ചുവെന്നല്ല പൈന്തേൻ
തുള്ളിത്തുവാണിതുകിസ്സൂജവമുയരുമാ
പ്രൗഢിയും കൂടെനൽകി
തള്ളിക്കേറിത്തകർത്തീടിന സരസകവി
ക്കൂട്ടമൊട്ടുക്കുനിന്നേ
തള്ളിദ്ധന്യാംഗിനില്ലും നിലയിതുനിയതം
നീതിയല്ലേതുകൊണ്ടും.
എന്നേക്കൂടിക്കുഴച്ചാക്കവികളുടെ നട്ട
പ്പന്തിയിൽ ശോമ്പിചേർത്താ
നെന്നാല്ലാതില്ലതിന്നിങ്ങൊരുമുറവെ
റുമച്ചേച്ചിനും ചേരുവാനും
ഇന്നല്ലെന്നും രസംനിന്നൊട്ടുപെരുക
മെനിക്കെങ്കിലുംതങ്കമേ! കേ-
ളൊന്നാണൊന്നാമതൊന്നാന്തരമൊ

ദുമടയാണേതിലും കാതലിമ്മേ.
അതാണുഞാൻ സദാപിവന്നിടാസ്സു
ഹേതുനിന്നൊടെ
തഥാപരംവദാന്യനായനിൻപിതാവുതന്നൊടോ
വൃഥാവചസ്സുധാലയേമറുക്കയോ വെറുക്കയോ
കദാപിചെയ്കയല്ല മന്മനോരമേ മനോരമേ!

സമസ്യ:—

"മാനിൻെറതുവലണവും വിലയുള്ളതല്ല"

പൂരണം:—

"എന്നത്തൊടെക്കലകളുംവിലസുന്നവഞ്ചി
ക്ഷോണീശചരീരമണനോടെതിരിട്ട ദുഷ്ടേ
ഞാനെന്നഭാവമതുനീക്കുകപത്രികേ,ചു-
മ്മാനിൻെറ തുവലണവുംവിലയുള്ളതല്ല."

കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അമരുക ശതകത്തിൽ വൃത്തഭംഗമുണ്ടെന്നു് അക്കാലത്തുവാദിച്ചിരുന്ന "കേരളപത്രിക" യോടു കവി സ്വാഭിപ്രായത്തെ തുറന്നുപറയുന്നതായിട്ടാണു് ഈ പൂരണാത്ഥം.

ഈ പദ്യങ്ങൾ മനോരമയ്ക്കയച്ചുകൊടുത്തു് പത്രത്തിൽ ചേത്തുവരുന്നതിനുമുമ്പുതന്നെ 1069-ാംമാണ്ടു് ഇടവം 29-ാം തീയതി വിഷൂചികാവിഷ്ടനായ വൈദ്യൻ തൻെറ 31-ാമത്തെ വയസ്സിൽ ദേഹവിയോഗം ചെയ്തുയാണുണ്ടായതു്. സുമുഖനും വിദ്വാനും നല്ല വാസനാകവിയും കോട്ടയത്തുവച്ചുനടന്ന കവിസമാജത്തിൽ ഘടികാവിംശതി, കവിതാചാതുര്യം നാടകം എന്നീ മൂന്നുപരീക്ഷകളിൽ ചേന്നു വിജയംപ്രാപിച്ചു പ്രശംസാപത്രങ്ങൾ വാങ്ങിയിട്ടുള്ള ആളുമായ വൈദ്യൻെറ അകാല ദേഹവിയോഗത്തിൽ വ്യസനിക്കുന്ന പ്രകാരം പത്രാധിപരവർകൾ മനോരമയിൽ ചരമക്കുറിപ്പെഴുതുകയും പദ്യങ്ങൾ നാലും സമസ്യയും ആ മനോരമയിൽതന്നെ ചേക്കുകയുംചെയ്തു. സമസ്യയിൽ ആദ്യമാക്ഷരങ്ങൾ മൂന്നുംവിട്ടിട്ടു് "തുവലണവും വിലയുള്ളതല്ല." എന്നാണു പത്രത്തിൽ ചേത്തു കണ്ടതു്. അതിൻെറ പൂരണങ്ങളിൽ ചിലതു് വൈദ്യരുടെ ചരമത്രപത്തിലും പര്യവസാനിച്ചുകണ്ടു.

"ഭാഷാകവീന്ദ്രമണിയാകിയ വെണ്മണിക്കും
ദോഷജ്ഞനാംസരസകൃഷ്ണകവീശ്വരനും
ശീഷത്തിലേവമറിയാതെഴുതിക്കളഞ്ഞ
ഭോഷൻെറ തുവലണവും വിലയുള്ളതല്ല"

എന്നും മററുമായിരുന്നു ആ പൂരണം.

വറുഗീസുമാപ്പിള അവർകൾ ഇംഗ്ലീഷ് പഠിക്കുന്ന കാലത്തു കണക്കിൻെറവിഷയത്തിൽ തീരെ അസമത്ഥനും ഭാഷാവിഷയത്തിൽ വളരെ സമത്ഥനും ആയിരുന്നു എന്നാണു് പറഞ്ഞു കേട്ടിട്ടുള്ളതു്. എഫ് ·

ഏ. ക്ലാസ്സുവരെ പഠിച്ചിട്ടുണ്ട്. അക്കാലത്തെ മെട്രിക്കുലേഷൻ പരീക്ഷാ വിജയികൾ ഇക്കാലത്തെ ബി. ഏ. പരീക്ഷാ ബിരുദധാരികളെക്കാൾ പ്രായേണ സമർത്ഥന്മാരായിട്ടാണു കണ്ടിട്ടുള്ളതു്. തിരുവിതാംകൂറിലെ ഈഴവസമുദായത്തിൽ ഇദംപ്രഥമമായി ബി. ഏ. പരീക്ഷ ജയിച്ചശേഷം ഒരു ഗുമസ്താപണിക്കു് തിരുവിതാംകൂർ ഗവണ്മെൻ്റിനോടപേക്ഷിച്ചതിൽ ഈഴവനാകയാൽ ഉദ്യോഗത്തിൽവയ്ക്കാൻ ഇവിടെ നിവൃത്തി കാണുന്നില്ല എന്നു് അന്നത്തെദിവാൻജി ഇണ്ടാസുകൊടുക്കയാൽ സ്വരാജ്യംവിട്ടു മലബാറിൽപോയി ഡെപ്യൂട്ടികലക്ടർ ഉദ്യോഗംവരെ ഉയരുകയും റാവു ബഹദൂർസ്ഥാനം ലഭിക്കയുംചെയ്ത പി. വേലു അവർകൾ എഫ്.ഏ. ക്ലാസ്സിൽ വറുഗീസുമാപ്പിള അവർകളുടെ സഹപാഠിയായിരുന്നു എന്നു് വറുഗീസുമാപ്പിള അവർകൾതന്നെ പറഞ്ഞു ഞാനറിഞ്ഞിട്ടുണ്ട്. മി: വേലു സംസ്കൃതം ഐച്ഛികമായിട്ടെടുത്തു പഠിച്ചിട്ടുള്ള പണ്ഡിതനും പദ്യരചനയിലും ഗദ്യരചനയിലും നിപുണനും "പരാക്ലേശരാജാവിൻെറ കഥ" മുതലായ ഗദ്യഗ്രന്ഥങ്ങളുടെ നിർമ്മാതാവുമാണു. നീണ്ടഗദ്യം പ്രായേണ ഭംഗിയില്ലാതെയാണു കാണുന്നതെങ്കിലും മി: വേലുവിൻെറ നീണ്ടഗദ്യശൈലി സഹൃദയന്മാക്കു അതിമാത്രം ആനന്ദമുണ്ടാക്കിക്കൊണ്ടു തന്നെയിരിക്കുമെന്നുംകൂടി വറുഗീസുമാപ്പിള അവർകൾ മി: വേലു ബി. ഏ-യെ കുറിച്ചു എന്നോടഭിപ്രായം പറഞ്ഞിട്ടുണ്ട്.

കോട്ടയത്തുവച്ചു ആദ്യമായികൂടിയ കവിസമാജത്തിൽ ചെന്നുചേരുന്നതിനു പത്രാധിപരവർകൾ ഞങ്ങളിൽ പലരേയും ക്ഷണിച്ചിരുന്നു എങ്കിലും ഈഴവരിൽ പി. കെ. കൃഷ്ണൻവൈദ്യനും കോമത്തു കുഞ്ഞുപണിക്കനും മാത്രമേ സമാജത്തിൽ സംബന്ധിച്ചിരുന്നുള്ളു. മഹാമഹിമശ്രീകളായ മറിയപ്പള്ളി വലിയതമ്പുരാനവർകൾ തുടങ്ങിയ സവർണ്ണപ്രവരന്മാർ അന്നത്തെ ആ സമാജ പ്രവർത്തകന്മാരായിരുന്നതിനാൽ അവർ ഈഴവർക്കായിട്ടു മറെറാരുപന്തൽ ഉണ്ടാക്കിച്ചു് അവരെ അവിടെ ഇരുത്താനായിരിക്കുമിടയുണ്ടാകുന്നതെന്നു ശങ്കിച്ചുമാത്രമാണു് ഞാൻ പോകാതെയിരുന്നതു്. "അങ്ങനെ ഒരു ശങ്കയ്ക്കുതന്നെ അവകാശമില്ല, അല്ലെങ്കിൽ ഒന്നുപരീക്ഷിക്കാം" എന്നുപറഞ്ഞുകൊണ്ടാണു് വൈദ്യരവർകളും മി: കുഞ്ഞുപണിക്കരുമൊന്നിച്ചു കവിസമാജത്തിൽ ഹാജരായതു്.

"ഹോയിയെന്ന കഠോരമാംശബ്ദംകേട്ടുഞെട്ടുന്നു
ഭീതിയോടിണ്ടുകിടാങ്ങളടിയങ്ങൾ"

എന്നും മററുമുള്ള പുലവൃത്തം ഞാൻ രചിച്ചു് മി: കുറുമ്പൻ ദൈവത്താനെക്കൊണ്ടു ആ പാട്ടു പ്രജാസഭയിൽ പാടിച്ചിട്ടുണ്ടെങ്കിലും ആ അനുഭവം മദ്ധ്യതിരുവിതാകൂർ മുതൽ വടക്കോട്ടുള്ള താലൂക്കുകളിലെ ഈഴവരുടേയും കൂടിയായിരുന്നു.

മി. പി. കെ. കൃഷ്ണൻവൈദ്യൻ അരിപ്പാട്ടു അനന്തപുരത്തുകൊട്ടാരത്തിൽ മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിലെ അടുക്കൽ അഷ്ടാംഗഹൃദയം പഠിച്ചിരുന്നകാലത്തു ലേഖനം മുഖേന തനിക്കു പരിചിതനി

യിത്തീൻ തലവടിപുന്നാമ്പറമ്പിൽ കുഞ്ഞൻപിള്ള എന്ന കവിയേ കാണുന്നതിനായിട്ട ആ സ്ഥലത്തുചെന്ന അദ്ദേഹത്തിനെ അന്വേഷിച്ചതിൽ അദ്ദേഹം "വെള്ളൂരി"ലാണെന്നും അവിടെ ഈഴവരുടെ പാദസ്പർശദോഷം ബാധിച്ചിട്ടില്ലാത്ത വഴികളാണ് പ്രയേണ ഉള്ളതെന്നും അവിടെച്ചെല്ലുന്നതു കൃച്ഛ്രസാദ്ധ്യമാണെന്നും ചില സ്നേഹിതന്മാർ പറഞ്ഞു മനസ്സിലാവുകയാൽ വൈദ്യരവർകൾ അടിയിൽ പറയുന്ന ഒരു പദ്യം രചിച്ചു. മി: കുഞ്ഞൻപിള്ളയുടെ കയ്യിൽ കൊടുക്കത്തക്കവണ്ണം ഒരു സുഹൃത്തിനെ ഏല്പിച്ചശേഷം അവിടെനിന്നുടനെ മടങ്ങുകയാണുണ്ടായതു്. ആ പദ്യം ഇതാണ്:

"തമ്മിൽക്കാണുന്നതിന്നത്തലവടിവരെയും
വന്നപോതൊന്നുകേട്ടേ-
നെൻമഞ്ജുശ്രീകളിക്കുംസുകവിമണിഭവാ-
നന്നുവെള്ളൂരിലെന്നായ്
സമ്മോദംസർവ്വവുംപോയ്സരഭസമവിടെ-
ക്കെത്തിടാനസ്ഥലത്തിൻ
ബിമ്മിഷ്ടപ്പാടുകേട്ടിട്ടടനടിബഹുധാ
വെമ്പി ഞാൻ കമ്പിനീട്ടി."

ഈ മാതിരിയുള്ള ദേശീയസ്ഥിതിക്കു് മേൽ വിവരിച്ചപ്രകാരം ഒരു ശങ്ക അപരിപക്വപ്രായനായ എനിക്കു് അന്നുണ്ടായതിൽ വായനക്കാർക്ക മന്ദഹാസമുണ്ടാകണമെന്നില്ല.

മഹാരാജ ശ്രീ: എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ അവർകളുടെ അദ്ധ്യക്ഷതയിൽ കവിസമാജം ആരംഭിച്ചപ്പോൾ കൃഷ്ണൻവൈദ്യരവർകൾ പന്തലിന്റെ ഗേററിൽവന്നു് അല്പനേരം നിന്നു. "കൃഷ്ണനല്ലേ അതു്?" എന്നു തമ്പുരാൻ ചോദിച്ചതും വറുഗീസുമാപ്പിളഅവർകൾ ചെന്നു സാഹസ്ലംകൊടുത്തു് വൈദ്യരെ യഥാസ്ഥാനം ഇരുത്തുകയും ഏതാണ്ട ഒരുമിച്ചുകഴിഞ്ഞു. അന്നത്തെ ആ കവിസമാജം കാണാൻ ഭാഗ്യംലഭിക്കാത്തവർ ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ രവിവർമ്മയോയിത്തമ്പുരാൻതിരുമനസ്സിലെ (ഉള്ളൂർഅവർകളുടെ ഗുരു) "കവിസഭാരഞ്ജനം" എന്ന മനോഹരമായ നാടകം ഒരു പ്രാവശ്യമെങ്കിലും വായിച്ചുനോക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രസ്തുത നാടകത്തിൽ, വാസുദേവൻനമ്പൂതിരി, രാമൻപിള്ള എന്നു രണ്ടു പാത്രങ്ങളെക്കൊണ്ടു സദസ്സിലിരിക്കുന്ന കവികളെ അനുക്രമം വിവരിച്ചുകാണിക്കുന്ന ഭാഗം ഏററവും ആസ്വാദ്യമായിട്ടുള്ളതാണ്. "ഈ അനാഡംബരനായ മാലക്കാരനാരാണു്?" എന്നുള്ള ചോദ്യത്തിനു "പ്രസിദ്ധ സംസ്കൃതവാഗ്മിയായ പുന്നശ്ശേരി നമ്പിനീലകണ്ഠശർമ്മാവാണിതു്.

"കോടിസൂര്യസമഹേമഭൂഷണം
കോടിനേര്യതിവയൊക്കെയും വൃഥാ
മോടിയല്ല സഭതന്നിൽ നല്ല വാ-
ഗ്ധാടിയാണു ബഹുമാനദായിനി"

എന്നു ഇതരൻ മറുപടിപറഞ്ഞിരിക്കുന്നതു് എത്ര ചമൽക്കൃതമായിട്ടുണ്ടു്!!

"ഇന്നലെ നാടകപരീക്ഷയിൽ ചേൎന്നിരുന്ന കൃഷ്ണൻവൈദ്യൻ ഇയാളാണു്" എന്നു നമ്പൂതിരിയും, "ഇയാളെക്കണ്ടാൽ ഒരു ശൗണ്ഡികനാണെന്നു തോന്നുന്നില്ല" എന്നു പിള്ളയും പറഞ്ഞുകാണുന്നു.

"ഇതാ സഖേ നല്ലൊരു പെട്ടിവണ്ടി
നിതാന്തവേഗത്തൊടുമെത്തിടുന്നു
ഇതാരുടേതെന്നറിയുന്നതിന്നായ്
ധൃതാദരം നാമിതിലേക്കു നോക്കാം"

*　　*　　*　　*　　*

"സത്തനായ് നിധിയിരിക്കൽ വാണിട്ടും
കത്തനാരവർകൾ വന്നിട്ടുന്നിതാ"

*　　*　　*　　*　　*

"കിഴക്കായിട്ടു കാണുന്ന
മഴക്കാറതിനേകമായ്
ഒഴിക്കാമല്ലെയെന്നാകിൽ
കുഴക്കായിവരും ദൃഢം"

"പീരുമേട്ടമലയാണെന്നോക്കണേ നോക്കണേ"

*　　*　　*　　*　　*

"അനന്തരം വിലപട്ടത്തുരാഘവൻനമ്പ്യാരും പത്രാധിപരും പ്രവേശിക്കുന്നു" എന്നും മററും ആ പുസ്തകത്തിൽ ഇതസ്തതഃ കാണുന്ന ഭാഗങ്ങൾ എത്രമാത്രം ചമൽക്കാരഗർഭങ്ങളായിട്ടുണ്ടെന്നു് ആ പുസ്തകം വായിച്ചുതന്നെ അറിയേണ്ടതാണു്. രസകരമായ ആ ഗ്രന്ഥത്തിൻെറ ഒരു നിരൂപണംകൂടി ഈ സ്മരണയിൽ സംഘടിപ്പിക്കാൻ എനിക്കു് അതിവാഞ്ഛയുണ്ടായിരുന്നു എങ്കിലും ഗ്രന്ഥം എൻെറ കൈവശം ഇല്ലാതെ പോകയാലും മനോരമപ്രസ്സിൽ എഴുതിച്ചോദിച്ചിട്ടു് അതിൻെറ ഒരു പ്രതിപോലുമില്ലെന്നു മറുപടിവന്നതിനാലും ആശാഭംഗത്തോടുകൂടി അതിൽനിന്നു മടങ്ങേണ്ടിവന്നു. ആ ഗ്രന്ഥം കൈവശമുള്ളവർ ആരെങ്കിലും വിലയ്ക്കായിട്ടെങ്കിലും അയച്ചുതന്നാൽ അതൊരു വലിയ ഉപകാരമായിരിക്കും. അതിൻെറ രണ്ടാംപതിപ്പു് ഉടനേ അച്ചടിപ്പിക്കണമെന്നു മനോരമപ്രസ്സുകാരോടും ഞാൻ അപേക്ഷിച്ചുകൊള്ളട്ടെ.

ആ നാടകത്തിൽ വിദൂഷകസ്ഥാനം വഹിക്കുന്നതു് വൃദ്ധകവി വിലപട്ടത്തുരാഘവൻനമ്പ്യാരവർകളാണെന്നു പറഞ്ഞാൽ അതിൻെറ രസികതയേപ്പററി മറെറാന്നും പറയണമെന്നില്ലല്ലോ.

അന്നു കവിസമാജത്തിൽവച്ചു് പരസ്പരം കണ്ടുമുട്ടുന്നതിനും പരിചയിക്കുന്നതിനും ഇടയായ വിലപട്ടത്തുരാഘവൻനമ്പ്യാരവർകളും പി. കെ. കൃഷ്ണൻവൈദ്യൻഅവർകളുംതമ്മിൽ നടന്ന ഒരു സംഭാഷണസംഗതികൂടെ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

വിലപട്ടം:—പെരുന്നെല്ലി പി. കെ. കൃഷ്ണൻവൈദ്യൻ നിങ്ങളാണോ?

പെരുന്നെല്ലി:—ഞാൻതന്നെയാണു കൃഷ്ണൻവൈദ്യൻ.

വിലപട്ടം:—പ്രായം ഇത്ര കുറച്ചേയുള്ള എന്നു ഞാൻ ഒത്തിരുന്നില്ല.

പെരുന്നെല്ലി—അങ്ങയുടെ ഭാഗിനേയൻ കൃഷ്ണൻനമ്പ്യാരവർകൾ ഇവിടെ വന്നിട്ടുണ്ടോ?

വിലപട്ടം:—നിങ്ങളോട്ടു തൊങ്ങലുംകെട്ടി തോററ ആ വിദ്വാനല്ലേ? അയാൾ വന്നിട്ടില്ല, (എന്നു പറഞ്ഞു് രണ്ടുപേരും ചിരിച്ചു.)

ഈ കഥയുടെ ഒരു വിവരണം ഇവിടെ കൊടുക്കുന്നതു് അസംഗതമല്ലെന്നു തോന്നുന്നതിനാൽ അതുകൂടി അല്പം വിവരിക്കട്ടെ.

ഞാൻ സ്മരണയിൽ മുൻപു പറഞ്ഞിട്ടുള്ള കോട്ടയം മലയാളവിനോദിനി എന്ന പത്രത്തിൽ വിലപട്ടത്തു കൃഷ്ണൻനമ്പ്യാരവർകൾ (മന്ദാക്രാന്താ വൃത്തത്തിലാണെന്നു തോന്നുന്നു) ഒരു ചരമശ്ലോകം എഴുതിയിരുന്നതു് വൃത്തഭംഗാനുഷക്തമായി കാണപ്പെട്ടതിനാൽ വൈദ്യരവർകകളും നമ്പ്യാരവർകളുമായി അടിയിൽ പറയുന്നപ്രകാരം ശ്ലോകരൂപേണ ഒരു സംഭാഷണം നടന്നു:—

വിലപട്ടത്തുകൃഷ്ണൻനമ്പ്യാരവർകൾക്കു്.

ചോരും സാരസ്യപൂരത്തൊട്ടമിഹ ചരമ
ശ്ലോകമേകംഭവാൻതൻ
പേരുംവച്ചിങ്ങുകണ്ടേനതിലൊരു പി-
ഴയും വൃത്തഭംഗാനുഷംഗാൽ
സാരജ്ഞോത്തംസമേ! ഞാൻ സരസമതുളമീ-
വാക്കു പോക്കല്ല, ഭോഷ്ട-
ല്ലാരായേണം വരേണം കരുണസതതമെൻ
നേക്കനേക്കായ്ക്കുവേണം"

പി. കെ. കൃഷ്ണൻവൈദ്യൻ.

പി. കെ. കൃഷ്ണൻവൈദ്യൻഅവർകൾക്കു്,

ചൊല്ലേറ്റാള്ളും മലയാളരീതി കവിതാ
സാരസ്യസമ്പത്തിനെ
കൈക്കൊള്ളും മതിമൽകുലാഭരണ പി. കെ.
കൃഷ്ണവൈദ്യാഭവാൻ
തക്കത്തിൽ പിഴയോതി മാമക കൃതൗ

പക്ഷേലതെത്രാമതാം
ലക്കത്തിൽ പുനരെന്നുകൂടി വിവരിച്ചല്പം
കഥിച്ചീടണം.

വിലപട്ടത്തു് കൃഷ്ണൻനമ്പ്യാർ.

വിലപട്ടത്തു കൃഷ്ണൻനമ്പ്യാരവർകൾക്കു്,

തേന്മാധുരിത്തെറിവിറച്ചു കുറച്ചുദൂരെ
ത്താന്മാറിനിന്നു വിടവാങ്ങി മടങ്ങിമന്ദം
പോമ്മാറുദിച്ചുബത ചെററുപിഴച്ച പദ്യം
നാന്മൂന്നുലക്കമിയലും കടലാസിലോവാൻ.

പി. കെ. കൃഷ്ണൻവൈദ്യൻ.

പി· കെ. കൃഷ്ണൻവൈദ്യൻഅവർകൾക്കു്,

ലോകേതിങ്ങും വാക്പടുത്വംനിമിത്തം
നാകേശൻതൻ ദേശികൻ തന്നെ വെല്ലും
പി. കെ. കൃഷ്ണൻവൈദ്യനാകും ഭവാനെൻ
ശ്ലോകേ ചൊന്നത്തെററുതെററാണു ധീമൻ.
ജാത്യാകീദൃശനെന്നു മേതുവിഷയേ
പാക്കുന്നുവെന്നും ഗുരു
പ്രീത്യാ സ്വാലയമിന്നതെന്നു മറ്റുമ
ല്ലാചാര്യനാരെന്നതും
പാത്താലിപ്പൊഴുതെത്രയായു് തവ വയ-
സ്സെന്നും വിശേഷിച്ചതിൽ
കീത്തിച്ചീടണമേ മുറയ്ക്കഖിലവും
കേൾക്കാനെനിക്കാഗ്രഹം.

വി. കൃഷ്ണൻനമ്പ്യാർ.

വി. കൃഷ്ണൻനമ്പ്യാരവർകൾക്കു്,

നൂനംജാതിക്കബോധിക്കുക നുണമൊഴിയ
ല്ലേഴയാമീഴവൻ ഞാൻ
സ്യാനന്ദൂരത്തിലാണെൻ വസതി, വസതി
തൻപേർ പെരുന്നെല്ലിയെന്നും
ഏനംചേരും വയസ്സുണ്ടിരുപതുമതിനോ
ടാറുമൊന്നേറി രണ്ടും
മാനംചേരും മഹാപണ്ഡിത ജനമകുടീ
മഞ്ജുമാണിക്യമേ! മേ.
ശ്രീമാൻ കൈലാസാധിപ
ഭൂമിദേവപ്രവീണവരശിഷ്യൻ

ധീമാന്മാരടിപണിയും
രാമാഭിഖ്യപ്രസിദ്ധകവിമണിയും
ചൊല്ലൊങ്ങീടിന പണ്ഡിതാവലിമുദാ
ചുററും ചുഴന്നങ്ങിരു
ന്നല്പനാദരമെപ്പൊഴും മടിയിൽ വ-
ച്ചൊല്പം തലോടിത്തഥാ
സൽഭക്ത്യാ സമുപാചരിച്ചുപചരി
ച്ചീട്ടന്നൊരോമൽ പദ
പ്പൊൽപ്പൂവാന്നൊരു പല്പ്ഭ്രമരമണനും
മദ്ദേശികന്മാർ വിഭോ!

പി. കെ. കൃഷ്ണൻവൈദ്യൻ.

(ഈ സ്മരണ സമ്പൂർണ്ണമാക്കുന്നതിനു മുമ്പ് ഇതിന്റെ കർത്താവ് ദിവംഗതനായി.)

വർഗ്ഗീസുമാപ്പിളഅവർകളുടെ ചരമം

"മാക്കുണ്ടായിരമോക്കവേണമണുഭോഷ്ഷില്ലിന്നാ
മേ ഗോക്ക"ളെ
ന്നിക്കാണുന്ന സമസ്യയൊന്നിനെഴുതീ ഞാ-
നാദ്യമായ് പൂരണം.
അക്കാലം മമ ബാലചാപലദശാമദ്ധ്യേ
കവിതപത്തിലേ
ക്കുൾക്കാമ്പേററമുപാനയിച്ചൊരു സുഹൃത്താണീ
മഹാർഹാശയൻ.
ചെങ്ങന്നൂരിങ്കൽ വന്നിസ്സുമതിമുതൽപടിസ്ഥാന
മേറെറന്നുമൈത്രീ
സംഗത്തിൻബന്ധമുണ്ടായ് മമജനകനു, ഞാനന്നു
വിദ്യാർത്ഥിയത്രേ.
ഇങ്ങാശ്ലാഘാവഴിക്കായ് പരിചയമിവനുംകിട്ടി,
യക്കോട്ടയത്തേ
ക്കങ്ങദ്ദേഹം ഗമിച്ചാ,നഥ "ഹൃദയരമാ" പോതവും
ജാതമായി.

ഞാനന്നുതൊട്ടു മലയാളമനോരമാദി
സ്ഥാനംപിടിച്ചു പലതും പടവെട്ടിനോക്കി.
"ഞാനുംതഥാ മുതലയച്ചനു"മെന്നമട്ടി
ലീനാമമിങ്ങനെകുറച്ചഥ വേരുറച്ചു.

പിന്നെത്തെല്ലുമുഷിഞ്ഞിടാനിടഭവിച്ചെന്നാകിലും
മാനസം
തന്നിൽ സൗഹൃദബന്ധമപ്പൊഴുമഴിഞ്ഞീലാശ്രു
മേ ലേശവും
എന്നല്ലാ, വറുഗീസുമാപ്പിളമരിച്ചു, കഷ്ടമീ
വാർത്തകേ
ട്ടന്നേഞാൻ ചെവി, കണ്ണു, മൂക്കിതുകൾകൊണ്ടെ
ന്തെന്നുചിന്തിച്ചുപോയ്.

സരസകവി മൂലൂർ